bible educational services

# അദ്ധ്യാപകസഹായി

ബൈബിൾ ടൈം
ലെവൽ 1 & 2

A സീരിസ്
പാഠങ്ങൾ 1 – 6

bes INDIA
bible educational services
WWW.besweb.com

# അദ്ധ്യാപകസഹായി

ബൈബിൾ ടൈം പാഠങ്ങൾ പഠിപ്പിക്കുന്നവർക്കുവേണ്ടിയാണ് പഠനസഹായി പുറത്തിറക്കിയത്. ഈ ചെറുപുസ്തകത്തിൽ ഏകദേശം 5-10 നും ഇടയിൽ പ്രായമുള്ളവർക്കുവേണ്ടിയുള്ള പാഠങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. ലെവൽ 1, ലെവൽ 2 പാഠങ്ങൾക്ക് സഹായകരമായി അദ്ധ്യാപകപഠനസഹായി തയ്യാറാക്കിയിരിക്കുന്നു.

ഓരോ പഠനസഹായിയും ബൈബിൾ ടൈം പാഠങ്ങളിലുള്ള അതേ ഒത്തുവാക്യങ്ങൾ തന്നെയാണ് അനുകരിക്കുന്നത്. ഓരോ ആഴ്ചയിലും ഉപയോഗിക്കേണ്ട അടിസ്ഥാനത്തിലാണ് ബൈബിൾ ടൈം പാഠങ്ങളും പഠനസഹായിയും രൂപപ്പെടുത്തിയിരിക്കുന്നത്. ഏപ്രിൽ മാസത്തിലെ പാഠങ്ങൾ ഈസ്റ്ററിനോട് ബന്ധപ്പെട്ടും ഡിസംബറിലെ പാഠങ്ങൾ ക്രിസ്തുമസ്സിനോട് ബന്ധപ്പെട്ടുമാണ് എഴുതിയിരിക്കുന്നത്.

ചില സ്ഥാലങ്ങളിൽ ആഴ്ചതോറുമുള്ള **A 4** പാഠങ്ങളാണ് ഉപയോഗിക്കുന്നത്. എന്നാൽ മറ്റു സ്ഥലങ്ങളിൽ 24 പാഠങ്ങൾ ഉൾക്കൊള്ളുന്ന **A 5** വലുപ്പത്തിലുള്ള ചെറുപുസ്തകമാണ് ഉപയോഗിക്കുന്നത്. സാധാരണ ഒരു അദ്ധ്യാപകൻ അല്ലെങ്കിൽ ലീഡർ ഒരു മാസത്തേക്കുള്ള A 4 പാഠങ്ങൾ കൊടുത്ത് ഓരോ ആഴ്ചയിലും ചെയ്യേണ്ട ജോലികൾ സഭയിൽ വെച്ചോ സ്കൂളിൽ വെച്ചോ പൂരിപ്പിക്കണം അല്ലെങ്കിൽ വീട്ടിൽ കൊണ്ടുപോയി പൂരിപ്പിച്ച് അടുത്ത ആഴ്ചയിൽ തിരികെ കൊണ്ടു വരണം. ആ മാസത്തിന്റെ അവസാനം ആ അദ്ധ്യാപകൻ അല്ലെങ്കിൽ ലീഡർ ആ പാഠങ്ങളൊക്കെ ശേഖരിച്ച് മാർക്കുകൾ രേഖപ്പെടുത്തി ആ പേപ്പറുകൾ എത്രയും വേഗം ഓരോ വിദ്യാർത്ഥികൾക്കും തിരികെ കൊടുക്കണം.

ഈ ചെറുപുസ്തകങ്ങൾ മാതൃകാപരമായി ഉപയോഗിക്കുമ്പോൾ, ഓരോ ഭാഗത്തിന്റെ അവസാനത്തിലും ആ ചെറുപുസ്തകങ്ങളെല്ലാം ശേഖരിച്ച് അതിന് മാർക്ക് കൊടുക്കണം. പല സന്ദർഭങ്ങളിലും ഇത് സാദ്ധ്യമല്ല എന്നുള്ളത് ഞങ്ങൾ മനസ്സിലാക്കി. അതുകൊണ്ട് ക്ലാസ്സുകളിൽ വെച്ച് തന്നെ അത് വിതരണം ചെയ്ത് ആ ക്ലാസ്സിലെ അദ്ധ്യാപകൻ ആ പാഠങ്ങളിൽ ചെയ്യാനുള്ളതൊക്കെയും ചെയ്ത് ഓരോ കുട്ടികളും അവരുടെ കൂട്ടുകാരുടെ പാഠങ്ങൾക്ക് മാർക്ക് കൊടുക്കണം. ഓരോ ചെറുപുസ്തകത്തിലും മാസത്തിന്റെ ഒടുവിൽ മാർക്ക് ഇടാൻ ഒരു സ്ഥലവും, ഓരോ കുട്ടിക്കും ഉണ്ടായിട്ടുള്ള പുരോഗതിയെക്കുറിച്ചും അഭിപ്രായം എഴുതാൻ വേറൊരു ഭാഗവും ഉണ്ട്. ആറുമാസത്തെ പാഠങ്ങൾക്ക് ഒന്നിച്ച് എത്ര ശതമാനം മാർക്ക് ലഭിച്ചു എന്നുള്ളതിന് കാണിക്കുന്നതിനായി ഒരു സർട്ടിഫിക്കറ്റും ഇതിനോട് ചേർന്ന് കൊടുക്കും.

# അദ്ധ്യാപകർക്കുള്ള ഒരുക്കം.

അദ്ധ്യാപകർ സ്വയമായി അവരവരുടെ ആശയമനുസരിച്ച് കാര്യങ്ങൾക്ക് മുൻകൈയ്യെടുക്കുവാൻ പാടില്ല. ബൈബിൾ ടൈം പാഠങ്ങൾ പഠിപ്പിക്കുവാൻ സഹായകരമായ നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

- **അറിയുക –** ബൈബിൾ പാഠത്തെക്കുറിച്ചും അതിനോട് ചേർന്നു വരുന്ന ബൈബിൾ ടൈം പാഠങ്ങളെക്കുറിച്ചും അദ്ധ്യാപകർ കഴിവതും അറിഞ്ഞിരിക്കേണ്ടതാണ്. ഓരോ അദ്ധ്യാപകരും ബൈബിൾ ടൈം പാഠങ്ങൾ പൂർത്തികരിക്കണം. ഓരോ പാഠങ്ങൾക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധയോടെ പരിഗണിക്കുകയും അത് പാഠങ്ങൾക്ക് സഹായകരമായിരിക്കുകയും വേണം.
- **മനസ്സിലാക്കുക** - ഓരോ പാഠങ്ങളുടേയും ഏറ്റവും മുകളിൽ ചില വാക്കുകൾ നിങ്ങൾ ശ്രദ്ധിച്ചുകാണും അതായത് "നാം പഠിച്ചു കൊണ്ടിരിക്കുന്നത്" എന്ന് പറയുന്നതിന്റെ പിന്നാലെ പഠിക്കേണ്ടതിന്റെ ഉദ്ദേശങ്ങളെക്കുറിച്ച് പറഞ്ഞാൽ ആ അദ്ധ്യാപകന്റെ അവതരണരീതിയും ബൈബിൾ ടൈം പാഠങ്ങളും കേൾക്കുമ്പോൾ കുട്ടികൾ അത് മനസ്സിലാക്കിയിരിക്കും. ആദ്യത്തെ പഠനോദ്ദേശ്യം എന്നു വെച്ചാൽ പാഠത്തെക്കുറിച്ചുള്ള അറിവ് രണ്ടാമത്തെ കാര്യം പാഠത്തെക്കുറിച്ച് ചിന്തിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക, അത് പ്രായോഗികമാക്കി പ്രതികരിക്കുക. ഈ പഠനത്തിന്റെ ലക്ഷ്യങ്ങൾ എന്താണെന്ന് ഓരോ പാഠങ്ങളിലും പഠിപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട സത്യങ്ങളെക്കുറിച്ചുള്ള കൃത്യമായ പ്രസ്താവനകളാണ്. അത് ഓരോ ടീച്ചർമാർക്കും അവർ പഠിപ്പിച്ചതിന്റേയും പഠിച്ചതിനെക്കുറിച്ചും അവരുടെ ഇഷ്ടം പോലെ സ്വയം വിലയിരുത്താൻ ഉപയോഗിക്കുന്നു.
- **അവതരണം** - എല്ലാ പാഠങ്ങളോടൊപ്പവും, കുട്ടികൾ എവിടെയായിരിക്കുന്നുവോ ആ സാഹചര്യത്തിൽ അവരുടെ സ്വന്ത അനുഭവം വെച്ചിട്ടാണ് നാം ആരംഭിക്കുന്നത്. ഒരു കഥ കുട്ടികളെ പരിചയപ്പെടുത്താനും അതിന്റെ ആദ്യം മുതലുള്ള ചർച്ചയിൽ അവരെ പങ്കെടുപ്പിക്കേണ്ടതിനായി നാം പലതരത്തിലുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.
- **വിശദീകരണം** - ഞങ്ങൾ കഥയിലെ പ്രധാനപ്പെട്ട ഉത്തരങ്ങൾ കൊടുത്തിട്ടുണ്ട്. ശരിയായിട്ട് കഥ പറഞ്ഞുകൊടുക്കുമ്പോൾ അദ്ധ്യാപകർക്ക് ഈ കാര്യങ്ങൾ പരിശോധിക്കേണ്ട കാര്യമില്ല, എന്നാൽ കഥ വളരെ പരിചയമുള്ളതും അത് വളരെ താല്പര്യത്തോടും പ്രചോദിപ്പിക്കുന്ന തരത്തിലും അവരെ പഠിപ്പിക്കാൻ കഴിയണം. കഥയിലെ പ്രധാനപാഠം അദ്ധ്യാപകൻ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയും ആ കഥ അവർ പഠിച്ചതിനുശേഷം അവർ എങ്ങനെ പ്രതികരിക്കണം എന്ന് അവരെ മനസ്സിലാക്കാൻ സഹായിക്കണം. അനുയോജ്യമായിട്ടുള്ള ചില വിശദീകരണങ്ങൾ ഞങ്ങൾ ഇടയ്ക്കിടെയായി കഥയിൽ ചേർത്തിട്ടുണ്ട്. എല്ലായ്പോഴും ചരിച്ച് എഴുതിയ അക്ഷരങ്ങളാണ് അതിന് ഉപയോഗിച്ചിരിക്കുന്നത്.
- **മനപ്പാഠമാക്കുക –** ഓരോ കഥയ്ക്കും ഒരു താക്കോൽ വാക്യം ചേർത്തിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ, രണ്ട് താക്കോൽ വാക്യങ്ങളുണ്ടാകും കാരണം കുട്ടികൾക്ക് പഠിക്കാൻ എളുപ്പമുള്ള ഒരു താക്കോൽ വാക്യം കൂടെ ഞങ്ങൾ ചേർക്കുന്നതാണ്. കുട്ടികൾക്ക് ആ താക്കോൽവാക്യങ്ങൾ പഠിക്കാൻ കഴിയുമെന്ന് കരുതുന്നു മാത്രമല്ല ഈ വാക്യങ്ങൾ ഇടയ്ക്കിടക്ക് അവരെ ഓർമ്മിപ്പിക്കാൻ സാധിച്ചാൽ ബൈബിളിലെ കുറേ വാക്യങ്ങൾ മനപാഠമാക്കാനും ആ താക്കോൽ വാക്യങ്ങൾ മുഖാന്തരം അവരുടെ അറിവ് വർദ്ധിക്കാനും ഇടയാകും.
- **പൂർത്തീകരിക്കുക** - ഒരു സ്കൂൾ അന്തരീക്ഷത്തിൽ കുട്ടികൾ പൂർത്തികരിക്കേണ്ടതായിട്ടുള്ള ജോലികൾക്ക് അവർക്ക് എത്രമാത്രം കഴിവുകൾ ഉണ്ടെന്നും അതിന് ഒരു അദ്ധ്യാപകന്റെ സഹായം എത്രമാത്രം ആവശ്യമാണെന്നുള്ളതിനെക്കുറിച്ചും നിങ്ങൾ ബോധവാന്മാരാണല്ലോ. ചിലർക്ക്, അദ്ധ്യാപകൻ പാഠപുസ്തകം വായിച്ച് പറഞ്ഞുകൊടുക്കുന്നത് ആവശ്യമായി വരുമ്പോൾ കുട്ടികൾ അത് ഒരു പരിചിതമായ വിവരണം പോലെ അത് മനസ്സിലാക്കും. മറ്റുള്ള കുട്ടികൾക്ക് പാഠപുസ്തകം തനിയെ വായിച്ച് മനസ്സിലാക്കാൻ സാധിക്കും. ഏതവസ്ഥയിലും, ചോദ്യങ്ങളോട് ബന്ധപ്പെട്ട് ഒരു നിശ്ചിത അഭ്യസനം കുട്ടികൾക്ക് കൊടുക്കുവാൻ വേണ്ടി അവരുടെ ശ്രദ്ധ പിടിച്ചു പറ്റേണ്ടത് ആവശ്യമാണ്. അവരെ സഹായിക്കാൻ തയ്യാറാകണം എന്നത് പ്രധാന കാര്യമാണ് എന്നാൽ മാത്രമേ അത് ഒരു പരീക്ഷയല്ല എന്നുള്ളത് മനസ്സിലാക്കുകയുള്ളൂ. ഈ യത്നത്തിൽ ഏർപ്പെടുമ്പോൾ അത് സന്തോഷത്തോടെ പ്രോത്സാഹനവും സ്തുതിയും പ്രാധാന്യമർഹിക്കുന്നതാണ്.
- **ഓർമ്മിപ്പിക്കുക** - എവിടെയായാലും സാധിക്കുമെങ്കിൽ പഠനസഹായത്തിനായി ചോദ്യങ്ങൾ ചോദിക്കുകയോ അല്ലെങ്കിൽ അത് അഭിനയിക്കുകയോ ചെയ്താൽ ആ കഥ വീണ്ടും ഓർക്കുവാൻ സാധിക്കും.

- **പ്രദർശിപ്പിക്കുക** - ചില സന്ദർഭങ്ങളിൽ കാഴ്ചവസ്തുക്കളായിട്ട് കിട്ടാൻ പ്രയാസമാണ് എന്നാൽ കഴിയുന്നതും ചിത്രങ്ങളോ വസ്തുക്കളോ കാണിച്ചാൽ കുട്ടികൾക്ക് ആ കഥ മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. അത് കൂടുതൽ പ്രാധാന്യമുള്ളതാണ്. കഥ പറഞ്ഞുകൊടുക്കാൻ ഇവ വളരെ സഹായിക്കും.

1. **മനപാഠവാക്യം പഠിപ്പിക്കേണ്ടുന്ന വിധം**

വാക്യം ഒരു പേപ്പറിലോ അല്ലെങ്കിൽ ഒരു ബോർഡിലോ എഴുതി കുട്ടികൾ നോക്കി വായിക്കുന്നതിനിടയിൽ ഇടയ്ക്കിടെ വാക്കുകൾ എടുത്ത് മാറ്റണം അങ്ങനെ മുഴുവൻ വാക്കുകളും ബോർഡിൽ നിന്ന് മാറ്റിയാലും കാണാതെ, കുട്ടികളെക്കൊണ്ട് ആ വാക്യം ആവർത്തിച്ച് പറയിപ്പിക്കണം.

2. മ**നപാഠവാ**ക്യം പരിചയപ്പെടുത്തുവാനായി:

A. **രണ്ട് ഗ്രൂപ്പായി തിരിക്കുക**:– കുറേ അക്ഷരങ്ങൾ കൃത്യമായ അക്ഷരങ്ങളില്ലാതെ സ്ഥലം വിട്ട് മനപാഠവാക്യം കൊടുക്കുക. കുട്ടികൾ ആ അക്ഷരങ്ങൾ തിരഞ്ഞെടുത്ത് വിട്ടുപോയ ഭാഗത്ത് വെച്ച് കൊടുക്കുമ്പോൾ വേറൊരു കുട്ടി ആ വാക്യം മനസ്സിലാക്കണം.

B. ബൈബിളുകൾ സുലഭമാണെങ്കിൽ വേദപരിചയം എടുക്കുക, കുട്ടികൾ മത്സരിച്ച് വായിച്ച് ആദ്യം വാക്യം കണ്ടുപിടിച്ച് വായിക്കുന്നവർ ഒന്നാമൻ.

**സമയപരിധി**

- ക്രമീകരണം:- അദ്ധ്യാപകസഹായിയിൽ ഓരോ പാഠങ്ങൾ എടുക്കുവാൻ കൊടുത്തിരിക്കുന്ന അതേ ക്രമം തന്നെയാണ് എന്നാൽ ആ സമയത്തിൽ മാറ്റം വരുത്തണമെങ്കിൽ അദ്ധ്യാപകർക്ക് സമയം മാറ്റാം.
- കഥ പരിചയപ്പെടുത്തുന്നതിനും പറയുന്നതിനും - ഏകദേശം 15 മിനുട്ട്
- മനപാഠവാക്യം പഠിപ്പിക്കാൻ - 5 മുതൽ 10 മിനുട്ട് വരെ
- വർക്ക്ഷീറ്റ് പൂർത്തിയാക്കാൻ - 20 മിനുട്ട്
- ചോദ്യോത്തരങ്ങളും മറ്റു പ്രവർത്തനങ്ങളും - 5 മുതൽ 10 മിനുട്ട് വരെ.

പ്രധാനപ്പെട്ട വാക്കുകൾ ഓർക്കുക

"എന്നോട് പറക ഞാൻ മറക്കുമായിരിക്കും,
എനിക്ക് കാണിച്ചു തന്നാൽ ഞാൻ ഓർക്കും,
എന്നെ ഉൾപ്പെടുത്തിയാൽ എനിക്ക് മനസ്സിലാകും"

# ബൈബിൾ ടൈം പാഠപദ്ധതി

| | ലെവൽ 0 (പ്രീസ്കൂൾ)<br>ലെവൽ 1 (5 – 7 വയസ്സ്)<br>ലെവൽ 2 (8 – 10 വയസ്സ്) | ലെവൽ 3 (11 – 13 വയസ്സ്) | ലെവൽ 4 (14+ വയസ്സ്) |
|---|---|---|---|
| സീരീസ് A | 1. സൃഷ്ടി<br>2. നോഹ<br>3. പത്രോസ്<br>4. പത്രോസ് - ക്രൂശ്<br>5. അബ്രഹാം<br>6. അബ്രഹാം<br>7. പത്രോസ്<br>8. പത്രോസ്<br>9. യാക്കോബ്<br>10. ആദിമക്രിസ്ത്യാനികൾ<br>11. പൗലോസ്<br>12. ക്രിസ്തുമസ് കഥ | 1. സൃഷ്ടി<br>2. നോഹ<br>3. പത്രോസ്<br>4. പത്രോസ് - ക്രൂശ്<br>5. പത്രോസ്<br>6. അബ്രഹാം<br>7. യാക്കോബ്<br>8. പ്രാർത്ഥന<br>9. പൗലോസ്<br>10. പൗലോസ്<br>11. പൗലോസ്<br>12. ക്രിസ്തുമസ് കഥ | 1. സൃഷ്ടിയും തകർച്ചയും<br>2. ആരംഭ വളർച്ച (ഉല്പത്തി)<br>3. പത്രോസ്<br>4. പത്രോസ് - ക്രൂശ്<br>5. പത്രോസ്<br>6. അബ്രഹാം<br>7. യാക്കോബ്<br>8. ക്രിസ്തീയജീവിതം<br>9. പൗലോസ്<br>10. പൗലോസ്<br>11. പൗലോസ്<br>12. ക്രിസ്തുമസ് കഥ |
| സീരീസ് B | 1. ക്രിസ്തുവിന്റെ ആരംഭജീവിതം<br>2. അത്ഭുതങ്ങൾ<br>3. ബെഥാന്യ<br>4. ക്രൂശ്<br>5. ഉപമകൾ<br>6. ജോസഫ്<br>7. ജോസഫ്<br>8. യേശു കണ്ടുമുട്ടിയ ജനം<br>9. മോശെ<br>10. മോശെ<br>11. മോശെ<br>12. ക്രിസ്തുമസ്സ്കഥ | 1. ഉപമകൾ<br>2. അത്ഭുതങ്ങൾ<br>3. ബെഥാന്യ<br>4. ക്രൂശ്<br>5. ആദിമക്രിസ്ത്യാനികൾ<br>6. ജോസഫ്<br>7. ജോസഫ്<br>8. സുവിശേഷ ലേഖകന്മാർ<br>9. മോശെ<br>10. മോശെ<br>11. മോശെ<br>12. ക്രിസ്തുമസ്സ് കഥ | 1. ഉപമകൾ<br>2. അത്ഭുതങ്ങൾ<br>3. ബെഥാന്യ<br>4. ക്രൂശ്<br>5. ആദിമക്രിസ്ത്യാനികൾ<br>6. യാക്കോബും അവന്റെ കുടുംബവും<br>7. യോസേഫ്<br>8 അപ്പ.പ്ര 2:42 - മുമ്പിൽ ഒരു വടി<br>9. മോശെ<br>10. മോശെ<br>11. നിയമം<br>12. ക്രിസ്തുമസ്സ് കഥ |
| സീരീസ് C | 1. ദാനിയേൽ<br>2. കൂടുതൽ അത്ഭുതങ്ങൾ<br>3. കൂടുതൽ അത്ഭുതങ്ങൾ<br>4. ക്രിസ്തുവിന്റെ മരണം<br>5. രൂത്തും ശമുവേലും<br>6. ദാവീദ്<br>7. ദാവീദ്<br>8. യോശുവ<br>9. ഏലിയാവ്<br>10. എലീശ<br>11. യോനാ<br>12. ക്രിസ്തുമസ്സ് കഥ | 1. ദാനിയേൽ<br>2. കൂടുതൽ അത്ഭുതങ്ങൾ<br>3. കൂടുതൽ അത്ഭുതങ്ങൾ<br>4. ക്രിസ്തുവിന്റെ മരണം<br>5. രൂത്ത്<br>6. ശമുവേൽ<br>7. ദാവീദ്<br>8. യോശുവ<br>9. ഏലിയാവ്<br>10. എലീശ<br>11. ദൈവം ഉപയോഗിച്ച മനുഷ്യർ - പഴയനിയമം<br>12. ക്രിസ്തുമസ്സ് കഥ | 1. ദാനിയേൽ<br>2. യേശുവിന്റെ ചൊല്ലുകൾ<br>3. കർത്താവിന്റെ ശക്തി<br>4. ക്രിസ്തുവിന്റെ മരണം<br>5. രൂത്ത്<br>6. ശമുവേൽ<br>7. ദാവീദ്<br>8. യോശുവ<br>9. ഏലിയാവ്<br>10. എലീശ<br>11. കൂടുതൽ പഴയനിയമ കഥാപാത്രങ്ങൾ<br>12. ക്രിസ്തുമസ്സ്കഥ |

# A 1 പാഠം 1

## ദൈവം ലോകത്തെ സൃഷ്ടിക്കുന്നു – ഈ പാഠം ദൈവം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചതിനെക്കുറിച്ചാണ്

| | |
|---|---|
| | **നാം അത് പഠിച്ചു കൊണ്ടിരിക്കുന്നു.**<br>• ദൈവം ലോകത്തെ സൃഷ്ടിച്ചു.<br>• ദൈവം സൃഷ്ടിച്ച എല്ലാറ്റിനും നാം നന്ദി പറയണം.<br>**മനപാഠവാക്യം: ഉല്പത്തി 1:1**<br>**വായനാഭാഗം: ഉല്പത്തി 1:1 – 19** |
| അവതരിപ്പിക്കുക | • ഒരു വീടിന്റെ ചിത്രം കാണിക്കുകയോ, കുട്ടികളോട് അവരുടെ വീടിന്റെ ചിത്രം വരയ്ക്കാൻ ആവശ്യപ്പെടുകയോ ചെയ്യുക.<br>• വീടിനെപ്പറ്റി കുട്ടികളോട് ചോദ്യങ്ങൾ ചോദിക്കുക - അത് പണിയുവാൻ എത്ര സമയം എടുക്കും?<br>• അത് പണിയുവാൻ എന്തെല്ലാം ആവശ്യമുണ്ട്?<br>• വീട് പണിയുവാൻ കുറെ സാധനങ്ങൾ വേണ്ടി വരും എന്നാൽ ദൈവത്തിന് ഒന്നുമില്ലായ്മയിൽ നിന്ന് ലോകത്തെ സൃഷ്ടിക്കുവാൻ സാധിച്ചു. |
| വിശദീകരിക്കുക | • ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ദൈവം ലോകത്തെ സൃഷ്ടിക്കുന്നതിനു മുമ്പ് വെറും അന്ധകാരമായിരുന്നു. (**ഉല്പത്തി 1:1 – 3**). *എല്ലായ്പോഴും ഇരുട്ടായാൽ അത് എന്തായിരിക്കും?*<br>• ഒന്നാം ദിവസം "വെളിച്ചം ഉണ്ടാകട്ടെ" എന്ന് ദൈവം കല്പിച്ചു; ഉടനെ വെളിച്ചം ഉണ്ടായി. ദൈവം വെളിച്ചത്തിന് പകൽ എന്നും ഇരുട്ടിന് രാത്രി എന്നും പേരിട്ടു. എല്ലാ സമയത്തും ഇരുട്ടാകുന്നതിന് പകരം സന്ധ്യയായി ഉഷസുമായി (**ഉല്പത്തി 1:4 – 5**)<br>• രണ്ടാം ദിവസം ദൈവം സംസാരിച്ചു വിതാനം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു വിതാനം ഉണ്ടായി. ഭൂമിക്ക് ചുറ്റിലുമുണ്ടായിരുന്ന കാറ്റിനേയും (വായുമണ്ഡലത്തേയും) സൃഷ്ടിച്ചു, സന്ധ്യയായി ഉഷസ്സുമായി രണ്ടാം ദിവസം (**ഉല്പത്തി 1:6 – 8**). *കുട്ടികളോട് ദീർഘശ്വാസം എടുക്കുവാൻ പറയുക. നമ്മുടെ ചുറ്റുപാടുമുള്ള വായു എത്രമാത്രം പ്രാധാന്യമുള്ളതാണെന്ന് കുട്ടികൾക്ക് വിവരിച്ചു കൊടുക്കുക.*<br>• ആ സമയം വരെയും ഭൂമി വെള്ളത്താൽ മൂടപ്പെട്ടിരുന്നു എന്നാൽ ദൈവം ഉണങ്ങിയ നിലം കാണട്ടെ എന്ന് കല്പിച്ചു. ഉണങ്ങിയ നിലത്തിന് ദൈവം ഭൂമി എന്ന് പേരിട്ടു. ഭൂമിക്കു ചുറ്റുമുള്ള വെള്ളത്തിന്റെ കൂട്ടത്തിന് സമുദ്രം എന്നു പേരിട്ടു. പിന്നെയും ദൈവം കല്പിച്ചു, "ഭൂമിയിൽ സകലവിധ സസ്യങ്ങളും മരങ്ങളും കൊണ്ട് നിറയട്ടെ" അങ്ങനെ സംഭവിച്ചു. ദൈവം സകലത്തേയും നോക്കി നല്ലത് എന്ന് പറഞ്ഞു. ഇത് മൂന്നാം ദിവസം ആയിരുന്നു (**ഉല്പത്തി 1:9 – 13**). *സാധാരണയായി ചുറ്റുപാടും കാണുന്ന ചെടികളുടെ പേര് പറയാൻ കുട്ടികളോട് ആവശ്യപ്പെടുക, അതിന്റെ വിവിധ തരത്തിലുള്ള നിറങ്ങളെപ്പറ്റിയും ആകൃതിയെക്കുറിച്ചും, വലിപ്പത്തെക്കുറിച്ചും പിന്നെ എങ്ങനെയാണ് ചെടികൾ ഭംഗിയുള്ളതും നമുക്ക് ഉപകാരപ്രദമായും തീരുന്നത് എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.*<br>• നാലാം ദിവസം ദൈവം ആകാശത്തിൽ പ്രത്യേക വെളിച്ചങ്ങളെ ഉണ്ടാക്കി. പകലിന് സൂര്യനും രാത്രിക്ക് ചന്ദ്രനും നക്ഷത്രങ്ങളും. ദൈവം സൃഷ്ടിച്ച വെളിച്ചങ്ങളെ നോക്കി നല്ലതെന്ന് കണ്ടു (**ഉല്പത്തി 1:14 – 19**) *സൂര്യൻ എത്രമാത്രം നല്ലതാണെന്നും എണ്ണമില്ലാത്ത നക്ഷത്രങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.*<br>• *ലോകത്തേയും അതിൽ നമുക്ക് ആവശ്യമുള്ള സകലത്തേയും ദൈവം സൃഷ്ടിച്ചു, നാം അതിന് ദൈവത്തോട് നന്ദി പറയണം എന്നുള്ളതിനെക്കുറിച്ച് കുട്ടികളോട് വിവരിക്കുക.*<br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക**<br>**പ്രദർശിപ്പിക്കുക:** FBI ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചു. |
| മനപ്പാഠമാക്കുക | താക്കോൽ വാക്യം ആവശ്യമുള്ളിടത്ത് പഠിപ്പിക്കുകയും വിവരിക്കുകയും ചെയ്യുക (**ഉല്പത്തി 1:1**) |
| ഓർക്കുക | • ആദിയിൽ ലോകം എങ്ങനെയായിരുന്നു?<br>• ഏത് ദിവസമാണ് വെളിച്ചം ഉണ്ടായത്?<br>• രണ്ടാം ദിവസം ദൈവം ആകാശവും — സൃഷ്ടിച്ചു.<br>• ആദിയിൽ ഭൂമി എന്തിനാൽ മൂടപ്പെട്ടിരുന്നു?<br>• മൂന്നാം ദിവസം ദൈവം സൃഷ്ടിച്ച വളരുന്ന രണ്ട് വസ്തുക്കൾ ഏതെല്ലാം?<br>• പകലിന് ഏത് വെളിച്ചത്തെയാണ് ദൈവം ഉണ്ടാക്കിയത്?<br>• രാത്രിക്ക് ദൈവം ഏത് വെളിച്ചത്തെയാണ് ഉണ്ടാക്കിയത്?<br>• ഈ വാക്യം പൂർത്തിയാക്കുക- ആദിയിൽ ദൈവം ............................., ......................... സൃഷ്ടിച്ചു. |

## A 1 പാഠം 2

**ദൈവം മൃഗങ്ങളേയും മനുഷ്യനേയും സൃഷ്ടിക്കുന്നു. ഈ പാഠം ആദിമ മനുഷ്യനെക്കുറിച്ചാണ്.**

| | |
|---|---|
| | **നാം അത് പഠിച്ചു കൊണ്ടിരിക്കുന്നു.**<br>• ദൈവം മനുഷ്യരെ അവന്റെ സ്വരൂപത്തിൽ ഉണ്ടാക്കി മാത്രമല്ല അവർ ദൈവത്തിന് സവിശേഷതയുള്ളവരായിരുന്നു.<br>• ദൈവം നമ്മെ സൃഷ്ടിച്ചതുകൊണ്ട് അവന്റെ വഴിയിൽ നടക്കണം.<br><br>**മനപാഠവാക്യം: ഉല്പത്തി 1:31**<br>**ബൈബിൾ വായനഭാഗം – ഉല്പത്തി 1:20 – 2:3** |
| അവതരിപ്പിക്കുക | • നിങ്ങൾ ഉണ്ടാക്കിയത് എന്തെങ്കിലും ശരിയാകാത്തതു കൊണ്ടുവരിക ഉദാഹരണം- കരിഞ്ഞ കേക്ക്. എന്തെങ്കിലും ഒരു കാര്യം തീരുമാനിച്ചതുപോലെ ശരിയായില്ലെങ്കിൽ എന്തൊരു നിരാശയായിരിക്കും എന്ന് പറയുക.<br>• ദൈവം വളരെയധികം ജീവികളെ ഉണ്ടാക്കി എന്നാൽ അതിൽ ഒന്നിലും ദൈവം നിരാശപ്പെട്ടില്ല.<br>• അല്ലെങ്കിൽ വിവിധതരത്തിലുള്ള മൃഗങ്ങളായി കുട്ടികൾ അഭിനയിക്കുക. (ഇത് അവർ ഊഹിച്ചു കളിക്കണം.) |
| വിശദീകരിക്കുക | • അഞ്ചാം ദിവസം ദൈവം അനേകായിരം പറവജാതിയേയും മത്സ്യങ്ങളേയും ഉണ്ടാക്കി. ദൈവം ഉണ്ടാക്കിയ സകലത്തേയും നോക്കി "നല്ലതെന്ന് ദൈവം കണ്ടു. **(ഉല്പത്തി 1:20 – 23).** *നിങ്ങളുടെ ഗ്രൂപ്പിന് പരിചയമുള്ള ചില പക്ഷികളേയും മത്സ്യങ്ങളേയും പരിഗണിക്കുക.*<br>• ആറാം ദിവസം ദൈവം സകലവിധ മൃഗങ്ങളേയും ഉണ്ടാക്കി. ദൈവം കഴുത്ത് നീളമുള്ള ജിറാഫിനേയും മൂർച്ചയേറിയ പല്ലുള്ള സിംഹങ്ങളേയും പുലികളേയും ഉണ്ടാക്കി. ദൈവം അവയെ ഉണ്ടാക്കി **(ഉല്പത്തി 1:24 – 25)**<br>• ദൈവം അത്ഭുതകരമായ പലതിനേയും ഉണ്ടാക്കിയെങ്കിലും ദൈവത്തിന് മറ്റെന്തോ ഉണ്ടാക്കുവാനുണ്ടായിരുന്നു, അവൻ അതിനെ പ്രത്യേകരീതിയിൽ ഉണ്ടാക്കി. *ഒരു പിടിമണ്ണുവാരി കുട്ടികളെ കാണിച്ച് ഇത് കൊണ്ട് നിങ്ങൾക്ക് എന്ത് ഉണ്ടാക്കാൻ സാധിക്കും എന്ന് ചോദിക്കുക.* ദൈവം നിലത്ത് നിന്ന് കുറച്ച് മണ്ണ് എടുത്ത് ആദ്യമനുഷ്യനെ ഉണ്ടാക്കി. ദൈവം മനുഷ്യന്റെ മൂക്കിൽ ജീവശ്വാസം ഊതി, അവൻ ജീവനുള്ള ദേഹിയായിത്തീർന്നു. ആദ്യമനുഷ്യന്റെ പേര് ആദാം എന്നായിരുന്നു **(ഉല്പത്തി 1:26 – 31).** *ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ അവന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. (ദൈവത്തിന്റെ സാദൃശ്യത്തിൽ) എന്ന് കുട്ടികളോട് വിവരിക്കുക. ഇതിന്റെ അർത്ഥം ദൈവം തന്നെപോലെ തന്നെയാണ് മനുഷ്യനെ രൂപപ്പെടുത്തിയത്. ദൈവത്തിന്റെ സ്വരൂപത്തിൽ നമ്മെ സൃഷ്ടിച്ചതുകൊണ്ട് തന്നെ നാം മറ്റുള്ള മൃഗങ്ങളിൽ നിന്നും വ്യത്യസ്തരാണെന്ന് മാത്രമല്ല നമുക്ക് തനിയെ കാര്യങ്ങളെ ചിന്തിക്കുവാനും പലതും ഉണ്ടാക്കുവാനും സാധിക്കുന്നു. നമുക്ക് ശരിയും തെറ്റും തിരിച്ചറിയാനും ദൈവത്തിന്റെ വഴികളെ മനസ്സിലാക്കി അവനെ അനുഗമിക്കുവാനും സാധിക്കുമെന്നുമാണ് ഇതിൽ നിന്നും മനസ്സിലാക്കുന്നത്.*<br>• ദൈവം ലോകത്തേയും അതിലുള്ളതിനേയും ആറു ദിവസംകൊണ്ട് സൃഷ്ടിച്ചു. ദൈവം ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ എത്രയും നല്ലത് എന്ന് കണ്ടു. ഏഴാം ദിവസം ദൈവം ചെയ്ത സകലപ്രവൃത്തിയും നല്ലത് എന്ന് കണ്ട് സ്വസ്ഥനായി ആ ദിവസത്തെ അനുഗ്രഹിച്ചു **(ഉല്പത്തി 2:1 – 3).** *വളരെ തിരക്കേറിയ സമയങ്ങളിൽ നാം വിശ്രമിക്കേണ്ടത് ആവശ്യമാണെന്നതിനെക്കുറിച്ച് അവരോട് സംസാരിക്കുക (ചർച്ച ചെയ്യുക)*<br>• *ദൈവം ഉണ്ടാക്കിയ ലോകം തികച്ചു പൂർണ്ണതയുള്ളതായിരുന്നതുകൊണ്ട് ദൈവം ഉണ്ടാക്കിയ സകലത്തിലും പ്രസാദിച്ചു എന്ന് പറഞ്ഞ് അവസാനിപ്പിക്കുക.*<br><br>**ബൈബിൾ ടൈം പാഠങ്ങൾ പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക** : Power point www.teachingideas.co.uk |
| മനപ്പാഠമാക്കുക | **താക്കോൽവാക്യം– ഉല്പത്തി 1:31** എവിടെയെല്ലാം ആവശ്യമാണോ അവിടെയെല്ലാം അത് പഠിപ്പിച്ചു വിവരിച്ചു കൊടുക്കുക. |
| ഓർക്കുക | • ഏത് ദിവസമാണോ ദൈവം പക്ഷികളേയും മത്സ്യങ്ങളേയും ഉണ്ടാക്കിയത്?<br>• അവയെക്കുറിച്ച് ദൈവം എന്താണ് പറഞ്ഞത്?<br>• ആറാം ദിവസം ദൈവം മൃഗങ്ങളേയും അത്പോലെ മറ്റെന്താണ് ഉണ്ടാക്കിയത്?<br>• സകലവും സൃഷ്ടിച്ചുകഴിഞ്ഞപ്പോൾ ദൈവം എന്താണ് പറഞ്ഞത്?<br>• ആരാണ് ആദ്യത്തെ മനുഷ്യൻ?<br>• മനുഷ്യനെ ഉണ്ടാക്കാൻ ദൈവം എന്താണ് ഉപയോഗിച്ചത്?<br>• ഈ ലോകത്തെ സൃഷ്ടിക്കുവാൻ ദൈവത്തിന് എത്ര ദിവസം വേണ്ടി വന്നു?<br>• ഏഴാം ദിവസം ദൈവം എന്താണ് ചെയ്തത്? |

## A 1 പാഠം – 3
### ആദ്യമനുഷ്യനും സ്ത്രീയും – ഹവ്വയെക്കുറിച്ചുള്ള പാഠം

| | |
|---|---|
| | **നാം പഠിച്ചു കൊണ്ടിരിക്കുന്നത്.**<br>• ദൈവത്തിന്റെ സൃഷ്ടിയായ ആദാമിന് തക്കതുണയായി ഒരു ഭാര്യയെ ദൈവം സൃഷ്ടിച്ചു.<br>• സകലത്തിന്റേയും നിയന്ത്രിതാവ് ദൈവമാണ്.<br><br>**മനപാഠവാക്യം: ഉല്പത്തി 2:18 അല്ലെങ്കിൽ സങ്കീർത്തനം 24:1**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 2:4 – 25** |
| അവതരിപ്പിക്കുക | • കുട്ടികൾക്ക് തോട്ടങ്ങളെക്കുറിച്ച് പരിചയമുണ്ടെങ്കിൽ അവിടെ വളരുന്നതായ എന്തിനെയാണ് കണ്ടത് എന്നതിനെപ്പറ്റിയോ അല്ലെങ്കിൽ സാധാരണയായി കാണപ്പെടുന്ന ചില പുഷ്പങ്ങളോ/ പഴങ്ങളോ/ ഇലകളോ കാണിച്ചു സംസാരിക്കുക. ഒരു തോട്ടമെന്നുള്ളത് പുതിയ ആശയമാണെങ്കിൽ അവർക്ക് ലളിതമായി അത് വിവരിക്കുക, അതായത് ആളുകൾ പലതും നട്ടു വളർത്തുന്ന ഒരു സ്ഥലമാണ് തോട്ടമെന്നും അത് എങ്ങനെ യായിരിക്കണമെന്നും വിശദീകരിക്കുക.<br>• നമുക്ക് സങ്കൽപ്പിക്കുവാനോ, വരയ്ക്കുവാനോ സാധിക്കാത്തവിധം അത്രമാത്രം ഭംഗിയുള്ളതായിരുന്നു ഏദെൻതോട്ടം എന്ന് കുട്ടികൾക്ക് വിവരിച്ച് കൊടുക്കുക.<br>• ഏദെൻതോട്ടത്തെക്കുറിച്ച് ചർച്ച ചെയ്യുക. നിങ്ങൾക്ക് ഏദൻതോട്ടത്തിൽ ജീവിക്കുവാൻ ഇഷ്ടമായിരുന്നോ? അവിടെ ജീവിച്ചിരുന്നെങ്കിൽ നിങ്ങൾ ഏറ്റവും അധികം സന്തോഷിക്കുന്നത് ഏതിലായിരിക്കും എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? ആദാമിന് ഏകാന്തത അനുഭവപ്പെട്ടു എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? |
| വിശദീകരിക്കുക | • ആദാം ജീവിച്ചിരുന്നത് മനോഹരമായ ഏദെൻതോട്ടത്തിലായിരുന്നു. ആദാമിന് ആവശ്യമുള്ളതെല്ലാം ദൈവം അവന് കൊടുത്തു- ആഹാരവും വെള്ളവും. തോട്ടത്തെ കാപ്പാൻ ദൈവം ആദാമിനോട് കല്പിച്ചു **(ഉല്പത്തി 2:15).**<br>• ദൈവം സൃഷ്ടിച്ച എല്ലാ ജീവികളേയും താൻ ആദാമിനെ കാണിച്ചു. ഓരോ ജീവജാലങ്ങൾക്കും ആദാം പേ രിട്ടു **(ഉല്പത്തി 2:19 – 20).**<br>• ആദാം ഏകനായിരിക്കുന്നത് നന്നല്ല എന്ന് ദൈവം അറിഞ്ഞു. ആദാമിന്റെ ചുറ്റുപാടും മനോഹരമായ മൃഗങ്ങളും, പക്ഷികളും, മരങ്ങളും, ചെടികളും ഉണ്ടായിരുന്നു എന്നാൽ ദൈവത്തിന് അറിയാമായിരുന്നു ഏദെൻതോട്ടത്തിൽ ആദാമിന് ജീവിതം പങ്കുവയ്ക്കുവാൻ പ്രത്യേകമായി ആരെങ്കിലും വേണമെന്ന്. ദൈവം ആദാമിന് ഒരു ഗാഢനിദ്ര വരുത്തി. അവൻ ഉറങ്ങുന്ന സമയത്ത് അവന്റെ വാരിയെല്ലിൽ ഒന്നെടുത്ത് ആദ്യത്തെ സ്ത്രീയെ ഉണ്ടാക്കി. ഇനി ഒരിക്കലും ആദാം ഏകനല്ല. ദൈവം കൊടുത്ത തോട്ടത്തിൽ അത് കാപ്പാനായി ആദാമിന് തക്കതുണയായി ഹവ്വ എന്ന് പേരുള്ള ഭാര്യയെ കൊടുത്തു **(ഉല്പത്തി 2:20 – 24).**<br>• ആ തോട്ടത്തിൽ വളരെയധികം മരങ്ങളുണ്ടായിരുന്നു. തോട്ടത്തിന്റെ നടുവിലായി "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം" ഉണ്ടായിരുന്നു. ദൈവം ആദാമിനോടും ഹവ്വയോടും കല്പിച്ചത്, ഈ തോട്ടത്തിലെ നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷഫലം ഒഴിച്ച് ബാക്കിയെല്ലാ വൃക്ഷഫലവും അവർക്ക് കഴിക്കാമെന്ന് **(ഉല്പത്തി 2:16 – 17).** *കുട്ടികൾക്ക് വീട്ടിലോ, സ്കൂളിലോ പാലിക്കേണ്ട ചില നിയമങ്ങളെക്കുറിച്ച് പറയുക. നമുക്ക് നിയമങ്ങളുടെ ആവശ്യമെന്ത്? (നമ്മെ സുരക്ഷിതരും സന്തുഷ്ടരാക്കാനും). ദൈവം ആദാമിനോടും ഹവ്വയോടും അനുസരിക്കാൻ പറഞ്ഞ നിയമം കുട്ടികൾക്ക് മനസ്സിലായോ എന്ന് പരിശോധിക്കണം.*<br>• *ഈ ലോകത്തെ സൃഷ്ടിച്ച ദൈവം അതിൽ ചില നിയമങ്ങളും വെച്ചിട്ടുണ്ട്, അതുകൊണ്ട് നല്ലവനായിരിക്കുന്ന ദൈവമാണ് മനുഷ്യൻ എങ്ങനെ പെരുമാറണം ജീവിക്കണം എന്ന് തീരുമാനിക്കേണ്ടത്. നാമും അവന്റെ കല്പനകളെ അനുസരിക്കേണ്ടത് അത്യാവശ്യമാണ്.*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക** |
| മനപ്പാഠമാക്കുക | മനപാഠവാക്യം പഠിപ്പിച്ച് ആവശ്യമുള്ളിടത്ത് വിശദീകരിക്കുക. **ഉല്പത്തി 2:18 അല്ലെങ്കിൽ സങ്കീർത്തനം 24:1** |
| ഓർക്കുക | • ആദാം എവിടെയാണ് ജീവിച്ചത്?<br>• ആദാം തോട്ടത്തിൽ എന്താണ് ചെയ്തിരുന്നത്?<br>• എങ്ങനെയാണ് മൃഗങ്ങൾക്ക് പേര് ലഭിച്ചത്?<br>• വാചകം പൂർത്തിയാക്കുക: ദൈവം ആദാമിനെ — ആക്കുവാൻ തീരുമാനിച്ചു.<br>• ആദാമിന് ഭാര്യയെ ഉണ്ടാക്കുവാൻ ദൈവം എന്താണ് ഉപയോഗിച്ചത്?<br>• ആദാമിന്റെ ഭാര്യയുടെ പേരെന്ത്?<br>• തോട്ടത്തിലെ പ്രത്യേക മരത്തിന്റെ പേരെന്ത്?<br>• "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ" വൃക്ഷത്തെക്കുറിച്ച് ദൈവം എന്താണ് കല്പിച്ചത്? |

# A 1 പാഠം – 4

## ദൈവത്തിന്റെ ലോകം ദുഷിക്കപ്പെട്ടു – പാപം ലോകത്തിൽ വരുന്നതിനെക്കുറിച്ചുള്ള പാഠമാണ്.

| | |
|---|---|
| | **നാം പഠിച്ചു കൊണ്ടിരിക്കുന്നത്.**<br>• ആദാമും ഹവ്വയും ദൈവത്തെ അനുസരിക്കാതെ ദൈവത്തിന്റെ സമ്പൂർണ്ണമായ സൃഷ്ടിയെ മലിനമാക്കി.<br>• നാമും ദൈവത്തെ അനുസരിക്കാതെ പാപം ചെയ്തതുകൊണ്ട് നാം അനുതപിച്ച് ദൈവത്തോട് ഏറ്റു പറഞ്ഞ് പാപക്ഷമ പ്രാപിക്കണം.<br>**താക്കോൽ വാക്യം – റോമർ 5:12 അല്ലെങ്കിൽ റോമർ 5:1**<br>**ബൈബിൾ വായനാഭാഗം ഉല്പത്തി 3:1 – 24.** |
| അവതരിപ്പിക്കുക | • ഒരു മനോഹരമായ ചിത്രം കൊണ്ട് വന്ന് അതിൽ എഴുതി കുത്തിക്കീറി നശിപ്പിച്ചു കളയുക.<br>• അതിനെക്കുറിച്ച് ചർച്ച ചെയ്യുക. ഈ ചിത്രത്തിന് എന്ത് സംഭവിച്ചു? ഇപ്പോൾ അത് എങ്ങനെ യായിരിക്കുന്നു?<br>• ദൈവം സൃഷ്ടിച്ചത് ഒരു സമ്പൂർണ്ണതയുള്ള ലോകത്തെയാണ് എന്നാൽ അത് നശിപ്പിച്ചു എന്നു പറഞ്ഞ് വിശദമാക്കുക. |
| വിശദീകരിക്കുക | • ദൈവം ആദ്യം ലോകത്തെ സൃഷ്ടിച്ചപ്പോൾ എല്ലാം പൂർണ്ണതയുള്ളതായിരുന്നു എന്നാൽ ദൈവത്തിന്റെ ശത്രുവായ സാത്താൻ പാമ്പിന്റെ വേഷത്തിൽ ഏദെൻ തോട്ടത്തിൽ വന്നു. പാമ്പ് ഹവ്വയോട് സംസാരിച്ച് അവളോട് പറഞ്ഞത് തോട്ടത്തിലെ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നാൽ അവൾ ദൈവത്തെപ്പോലെ ബുദ്ധിയുള്ളവളാകും (**ഉല്പത്തി** 3:1 – 5)<br>• ദൈവത്തിന്റെ ശത്രുവിനെ ഹവ്വ അനുസരിച്ചു. പിന്നെ അവൾ ദൈവത്തോട് അനുസരണക്കേട് കാണിച്ചു. ആ പഴം പറിച്ച് തിന്നു, അവൾ ആദാമിനും കുറച്ച് കൊടുത്തു അങ്ങനെ രണ്ടുപേരും ആ പഴം തിന്നു (**ഉല്പത്തി** 3:6)<br>• അന്ന് സന്ധ്യാസമയത്ത് ദൈവം ആദാമിനോടും ഹവ്വയോടും സംസാരിക്കാമെന്ന് കരുതി എന്നാൽ അവർ ദൈവത്തോട് അനുസരണക്കേട് കാണിച്ചുവെന്ന് മനസ്സിലാക്കിയതുകൊണ്ട് അവർ ദൈവം കാണാതിരിക്കാൻ ഒളിച്ചു (**ഉല്പത്തി** 3:7 – 8). *നിങ്ങൾ ആരോടെങ്കിലും വല്ലപ്പോഴും അനുസരണക്കേട് കാണിച്ചിട്ടുണ്ടോ? അത് മുഖാന്തരം എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ? ആദാമിനും ഹവ്വയ്ക്കും ദൈവത്തിൽ നിന്നും തങ്ങളെ മറയ്ക്കാൻ സാധിക്കാഞ്ഞതുപോലെ നമുക്കും മറയ്ക്കാൻ സാധിക്കയില്ല.*<br>• ദൈവം വിളിച്ചു ചോദിച്ചു, "നീ എവിടെ" അവർ ദൈവത്തോട് അനുസരണക്കേട് കാണിച്ചുവെന്ന് അറിഞ്ഞിരുന്നുവെങ്കിലും ദൈവം അവരെ അപ്പോഴും സ്നേഹിച്ചതുകൊണ്ട് അവരുടെ അനുസരണക്കേടിന് ശിക്ഷിക്കപ്പെടണമായിരുന്നു. ദൈവം ആദാമിനേയും ഹവ്വയേയും തോട്ടത്തിൽ നിന്നും പുറത്താക്കി. അവരുടെ പാപമാണ് ദൈവത്തിന്റെ സൃഷ്ടിയെ നശിപ്പിച്ചതും ദൈവവുമായിട്ടുള്ള സ്നേഹബന്ധത്തിൽ നിന്നും അവരെ മാറ്റിയതും. ആദാമിന്റേയും ഹവ്വയുടേയും പാപം നിമിത്തം മുള്ളും പറക്കാരയും ഭൂമിയിൽ നിറഞ്ഞു. മൃഗങ്ങളും മനുഷ്യരും രോഗികളായിത്തീർന്നു, മരണം ലോകത്തിൽ കടന്നു. (**ഉല്പത്തി 3:9 – 24**).<br>• *നാമും തെറ്റായിട്ടുള്ള കാര്യങ്ങൾ ചെയ്താൽ ദൈവം ദുഃഖിക്കും . കുട്ടികൾ തെറ്റുകൾ ചെയ്യുമ്പോൾ ദൈവം പ്രസാദിക്കയില്ല എന്നുള്ളതിനെക്കുറിച്ച് നിങ്ങൾ ഒരുമിച്ച് ചിന്തിക്കുക. ഇതൊക്കെയായാലും ദൈവം നമ്മെ വളരെയധികം സ്നേഹിക്കുന്നു. ദൈവത്തിന്റെ പുത്രനായ യേശു ക്രൂശിൽ മരിച്ചത് നമ്മോട് പാപം ക്ഷമിക്കാനും അവനിൽ വിശ്വസിക്കുമ്പോൾ നമ്മെ ദൈവത്തിന്റെ സ്നേഹിതരും ആക്കുവാനും വേണ്ടിയാണ്.*<br><br>**ബൈബിൾ പാഠം പൂർത്തിയാക്കുക.** |
| മനപ്പാഠമാക്കുക | മനപാഠവാക്യം പഠിപ്പിച്ച് ആവശ്യമുള്ളിടത്ത് വിശദീകരിക്കുക - **റോമർ 5:12 അല്ലെങ്കിൽ റോമർ 5:1.** |
| ഓർക്കുക | • ആരാണ് ഹവ്വയെ പഴം പറിക്കാൻ പ്രേരിപ്പിച്ചത് (മോഹിപ്പിച്ചത്)<br>• എങ്ങനെയാണ് സാത്താൻ ഹവ്വയെ പഴം തിന്നാൻ നിർബ്ബന്ധിച്ചത്?<br>• ഹവ്വ ആർക്കാണ് പഴം കൊടുത്തത്?<br>• ദൈവം ആദാമിനേയും ഹവ്വയേയും വിളിച്ചപ്പോൾ അവർ എന്താണ് ചെയ്തത്?<br>• ആദാമും ഹവ്വയും തെറ്റു ചെയ്തപ്പോൾ ദൈവത്തിന് എന്താണ് തോന്നിയത്?<br>• ആദാമിനും ഹവ്വയ്ക്കും എന്ത് സംഭവിച്ചു?<br>• നാം തെറ്റ് ചെയ്യുമ്പോൾ ദൈവത്തിന് എന്ത് തോന്നും?<br>• നാം ചെയ്യുന്ന തെറ്റുകൾ എങ്ങനെയാണ് ക്ഷമിക്കപ്പെടുന്നത്? |

## A 2 പാഠം–1

**ദൈവത്തെ അനുസരിക്കുന്ന നോഹ – പെട്ടകം ഉണ്ടാക്കുന്ന നോഹയെക്കുറിച്ചുള്ള പാഠമാണ്.**

| | |
|---|---|
| | **നാം പഠിച്ചു കൊണ്ടിരിക്കുന്നത്.**<br>• നോഹയും അവന്റെ കുടുംബവും മൃഗങ്ങളും പെട്ടകത്തിനുള്ളിൽ സുരക്ഷിതരായിരുന്നു.<br>• ദൈവം നമുക്കും രക്ഷപ്പെടാൻ ഒരു വഴി ഒരുക്കിയിട്ടുണ്ട്, അതുകൊണ്ട് നോഹ ദൈവത്തിൽ വിശ്വസിച്ചതുപോലെ നമുക്കും വിശ്വസിക്കാം.<br><br>**മനപാഠവാക്യം: അപ്പോസ്തലപ്രവൃത്തികൾ 16:31**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 6:5 – 22** |
| അവതരിപ്പിക്കുക | • കുട്ടികൾക്ക് ഇഷ്ടമുള്ള മൃഗങ്ങൾ ഏതെല്ലാം ആണെന്നുള്ളത് നിങ്ങളോട് പറയാൻ ആവശ്യപ്പെടുക.<br>• ആ മൃഗങ്ങളെല്ലാം ഒന്നിച്ച് ഒരു സ്ഥലത്ത് കൂടിയാൽ എങ്ങനെയായിരിക്കും എന്നതിനെപ്പറ്റി ചർച്ച ചെയ്യുക. അതിനെയെല്ലാം എങ്ങിനെയുള്ള സ്ഥലത്താണ് ഒന്നിച്ചു കൊള്ളിക്കുക. അവിടെയുള്ള ശബ്ദം എങ്ങിനെയായിരിക്കും? അവിടെയുള്ള മണം ഏത് വിധമായിരിക്കും?<br>• നാം ഇപ്പോൾ പഠിക്കുവാൻ പോകുന്ന ബൈബിൾ പാഠം ഏതാണെന്നോ കുറച്ച് മനുഷ്യരും കുറേ മൃഗങ്ങളും ഒന്നിച്ച് ഒരു ബോട്ടിൽ യാത്ര ചെയ്യുകയാണെന്ന് കരുതുക എന്ന് പറഞ്ഞ് അത് വിശദീകരിക്കുക. |
| വിശദീകരിക്കുക | • ദൈവം ആദ്യം ഈ ലോകത്തെ സൃഷ്ടിച്ചപ്പോൾ എല്ലാം നല്ലതും മനോഹരവുമായിരുന്നു. അധികം താമസിയാതെ ആദാമും ഹവ്വയും ദൈവത്തോട് അനുസരണക്കേട് കാണിച്ചു. അവരുടെ മക്കൾ സ്വാർത്ഥരും ക്രൂരന്മാരുമായിത്തീർന്നു. മാത്രമല്ല അവരെ സൃഷ്ടിച്ചതുകൊണ്ട് ദൈവം അനുതപിച്ചു. അവരെ ഉണ്ടാക്കേണ്ടതില്ലായിരുന്നു എന്ന് ചിന്തിച്ചു (**ഉല്പത്തി** 6:5 – 6)<br>• ലോകം മുഴുവൻ ദുഷ്ടതയായിരുന്നു എന്നാൽ ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു! അവന്റെ പേരാണ് നോഹ. ദൈവം ആവശ്യപ്പെട്ട കാര്യങ്ങളെല്ലാം നോഹയും തന്റെ ഭാര്യയും മൂന്ന് മക്കളും അവരുടെ ഭാര്യമാരും കൂടെ ചെയ്തു, എന്നാൽ അവരുടെ ചുറ്റുപാടുമുള്ള മറ്റെല്ലാ കുടുംബങ്ങളും ദൈവത്തെ മറന്നുകളഞ്ഞു (**ഉല്പത്തി** 6:8 – 10).<br>• ലോകം വളരെ മോശമായതുകൊണ്ട് അതിനെ നശിപ്പിക്കണമെന്ന് ദൈവം തീരുമാനിച്ചു. ദൈവം നോഹയോട് ഒരു വലിയ പെട്ടകം പണിയാൻ ആവശ്യപ്പെട്ടു. പെട്ടകം പണിതു കഴിഞ്ഞാൽ ദൈവം ഭൂമിയിൽ ജലപ്രളയം അയയ്ക്കും. അപ്പോൾ ജീവനുള്ളതൊക്കെയും മരിക്കും, എന്നാൽ നോഹയും കുടുംബവും പെട്ടകത്തിനുള്ളിൽ സുരക്ഷിതരായിരിക്കും (**ഉല്പത്തി** 6:13 – 18).<br>• ദൈവം കല്പിച്ചതുപോലെ എല്ലാം നോഹ ചെയ്തു. ഇത്രയും വലുപ്പമുള്ള പെട്ടകം പണിയാൻ നോഹക്ക് ഏകദേശം 100 കൊല്ലം വേണ്ടി വന്നു. *അതിന്റെ വലിപ്പത്തെക്കുറിച്ച് സംസാരിക്കുക – ഒരു ഫുട്ബോൾ ഗ്രൗണ്ടിന്റെ വലിപ്പവും രണ്ടോ മൂന്നോ നില കെട്ടിടത്തിന്റെ ഉയരവും ഈ പെട്ടകത്തിനുണ്ടായിരുന്നു.* അവസാനം വളരെ അദ്ധ്വാനത്തിന് ശേഷം പെട്ടകം തയ്യാറായി (**ഉല്പത്തി** 6:22)<br>• ഓരോ ഇനം പക്ഷിമൃഗാദികളേയും പെട്ടകത്തിനുള്ളിൽ കയറ്റുവാൻ ദൈവം നോഹയോട് കല്പിച്ചു. *ആരംഭത്തിൽ കുട്ടികൾ പറഞ്ഞ ചില മൃഗങ്ങളുടെ പേരുകൾ പറയുക.* ഇവയൊക്കെയും നോഹയുടേയും കുടുംബത്തിന്റേയും കൂടെ സുരക്ഷിതരായിരിക്കണം. *പെട്ടകത്തിനുള്ളിൽ കയറിയ നോഹയുടെ കുടുംബത്തിലെ എട്ടുപേരേയും എണ്ണുക.* എല്ലാവരും അകത്ത് കടന്നതിനുശേഷം ദൈവം വാതിൽ അടച്ചു. അവരെ രക്ഷിക്കുവാനുള്ള എല്ലാ കാര്യവും ദൈവം നിവർത്തിച്ചു (**ഉല്പത്തി** 7:13 – 16)<br>• *നാമും പല തെറ്റുകൾ ചെയ്തിട്ടുണ്ട് . നമ്മുടെ പാപത്തിന്റെ ശിക്ഷയിൽ നിന്ന് നമുക്ക് രക്ഷപ്പെടണം. നാമും സുരക്ഷിതരായിരിക്കാൻ ദൈവം നമുക്ക് ഒരു വഴി ഒരുക്കിയിട്ടുണ്ട്. നാം ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മതി. ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ഒരു പെട്ടകം പോലെയാണ് യേശുക്രിസ്തു.*<br><br>**ബൈബിൾ പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക:** FBI – നോഹയും പെട്ടകവും |
| മനപ്പാഠമാക്കുക | മനപാഠവാക്യം – **അപ്പോസ്തലപ്രവൃത്തികൾ** 16:31 പഠിപ്പിച്ച് ആവശ്യമുള്ളിടത്ത് വിശദീകരിക്കുക. |
| ഓർക്കുക | • ലോകത്തിലെ പ്രശ്നം എന്തായിരുന്നു?<br>• ദൈവം എന്ത് ചെയ്യാനാണ് നിശ്ചയിച്ചത്?<br>• ദൈവത്തെ പ്രസാദിപ്പിച്ചത് ആരാണ്?<br>• ദൈവം നോഹയോട് എന്ത് ചെയ്യാനാണ് പറഞ്ഞത്?<br>• പെട്ടകത്തിനുള്ളിൽ കടന്നത് ആരെല്ലാം?<br>• ആരാണ് പെട്ടകത്തിന്റെ വാതിൽ അടച്ചത്?<br>• പെട്ടകത്തിലുള്ളവർ എന്ത് കൊണ്ടാണ് സുരക്ഷിതരായത്?<br>• പാപത്തിന്റെ ശിക്ഷയിൽ നിന്ന് നമുക്ക് എങ്ങനെ രക്ഷപ്പെടാം? |

# A 2 പാഠം– 2

**പെട്ടകത്തിനുള്ളിൽ സുരക്ഷിതർ– ജലപ്രളയത്തിന്റെ ആരംഭത്തെക്കുറിച്ചാണ് ഈ പാഠം.**

| | |
|---|---|
| | **നാം അതാണ് പഠിച്ചു കൊണ്ടിരിക്കുന്നത്.**<br>• നോഹയും കുടുംബവും ദൈവത്തിൽ വിശ്വസിച്ച് അനുസരിച്ചതുകൊണ്ട് അവർ സുരക്ഷിതരായി<br>• നാം ദൈവത്തിൽ വിശ്വസിക്കുകയാണെങ്കിൽ നമ്മെയും ദൈവം സംരക്ഷിക്കും എന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.<br><br>**താക്കോൽവാക്യം : സദൃശ്യവാക്യങ്ങൾ 29:25**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 7:1–16** |
| അവതരിപ്പിക്കുക | • കുട്ടികൾ ഉണ്ടാക്കിയതോ നിർമ്മിച്ചതോ ആയ എന്തിനെയെങ്കിലും കുറിച്ച് പറയാൻ ആവശ്യപ്പെടുക. അത് ഉണ്ടാക്കാൻ എന്താണ് ഉപയോഗിച്ചത്? അത് ഉണ്ടാക്കാൻ പ്രയാസമായിരുന്നോ? ആരെങ്കിലും നിങ്ങളെ സഹായിച്ചോ?<br>• മുമ്പത്തെ കഥ വീണ്ടും പറയുക– നോഹ പെട്ടകം പണിയാൻ എന്താണ് ഉപയോഗിച്ചത്? അത് പണിയാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നു എന്ന് നിങ്ങൾ വിചാരിക്കുന്നോ? എന്തിനാണ് നോഹ അത് ഉണ്ടാക്കിയത്?<br>• പെട്ടകം പണിയാൻ ബുദ്ധിമുട്ടായിരുന്നെങ്കിലും നോഹ അത് പണിതു, കാരണം ദൈവം അവനോട് പറഞ്ഞത് കൊണ്ട്. ദൈവത്തിന്റെ ആജ്ഞകൾ പൂർണ്ണമായി അനുസരിച്ചു. |
| വിശദീകരിക്കുക | • ഇപ്പോൾ നോഹയും കുടുംബവും പെട്ടകത്തിൽ സുരക്ഷിതരാണ് **(ഉല്പത്തി 7:6 – 7).**<br>• ഏഴു ദിവസം കഴിഞ്ഞപ്പോൾ മഴ പെയ്യാൻ തുടങ്ങി. മഴ ഇടതടവില്ലാതെ പെയ്തുകൊണ്ടേയിരുന്നു. എല്ലാ സസ്യങ്ങളും പൂക്കളും വെള്ളത്താൽ മൂടി. കടലും കായലുമൊക്കെ നിറഞ്ഞു കവിഞ്ഞു. **(ഉല്പത്തി 7:17 – 20).** *നോഹ പെട്ടകം ഉണ്ടാക്കിയപ്പോൾ കളിയാക്കി ചിരിച്ച ആളുകളുടെ വികാരങ്ങൾ എപ്രകാരമായിരിക്കുമെന്ന് വിവരിക്കുക.*<br>• വെള്ളം ഉയർന്നുയർന്ന് വീടുകളും, മരങ്ങളും, വലിയ മലകളും പോലും മൂടി. **(ഉല്പത്തി 7:20 – 21)** *പെട്ടകത്തിനുള്ളിൽ ഉള്ള നോഹയുടേയും കുടുംബത്തിന്റേയും വികാരം എന്തായിരിക്കും എന്ന് നിങ്ങൾ ഊഹിച്ചു നോക്കുക. നോഹ ദൈവത്തെ അനുസരിച്ചില്ലായിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു?*<br>• പെട്ടകത്തിനുള്ളിൽ നോഹയും അവന്റെ കുടുംബവും എല്ലാ മൃഗങ്ങളും സുരക്ഷിതരായിരുന്നു! എന്തുകൊണ്ടെന്നാൽ നോഹ ദൈവത്തെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തു. നോഹ എല്ലാവരേയും സംരക്ഷിക്കുകയായിരുന്നു. **(ഉല്പത്തി 7:23)**<br>• *നാം ദൈവത്തെ വിശ്വസിക്കുകയും അനുസരിക്കുകയും വേണമെന്നാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നത് എന്ന് കുട്ടികൾക്ക് വിവരിച്ചു കൊടുക്കുക. ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ളത്, നോഹ ചെയ്തതുപോലെ നാമും ദൈവത്തെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്താൽ ദൈവം നമ്മെയും പരിപാലിക്കും.*<br><br>**ബൈബിൾ ടൈം പൂർത്തിയാക്കുക.**<br>**പ്രദർശിപ്പിക്കുക**: FBI – നോഹയും പെട്ടകവും പവർപോയിന്റ് സ്ലൈഡുകൾ ഫ്രീ ആയിട്ട് ഓൺലൈനിൽ www.bible for children.org – ൽ ലഭിക്കും. |
| മനപ്പാഠമാക്കുക | **സദൃശ്യവാക്യങ്ങൾ 29:25** എന്ന മനപാഠവാക്യം പഠിപ്പിച്ച് ആവശ്യമുള്ളിടത്ത് വിശദീകരിക്കുക. |
| ഓർക്കുക | • നോഹ ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് എങ്ങനെയാണ് കാണിച്ചു കൊടുത്തത്?<br>• നോഹയോടുകൂടെ ആരൊക്കെയാണ് പെട്ടകത്തിൽ കടന്നത്?<br>• മഴ പെയ്യാൻ ആരംഭിക്കുന്നതിനുമുമ്പ് എത്രനാൾ അവർ പെട്ടകത്തിൽ ആയിരുന്നു?<br>• എത്ര ഉയരത്തിൽ വെള്ളം പൊങ്ങി?<br>• ആരാണ് സൂക്ഷിക്കപ്പെട്ടത്?<br>• എന്ത് കൊണ്ടാണ് നോഹ സംരക്ഷിക്കപ്പെട്ടത്?<br>• നാം ദൈവത്തിൽ വിശ്വസിച്ചാൽ ആർ നമ്മെ സൂക്ഷിക്കും? (നമുക്ക് സംരക്ഷണം നൽകും) |

## A 2 പാഠം–3

**വളരെ നല്ല ഒരു ആരംഭം– ജലപ്രളയത്തിനുശേഷം എന്നുള്ളതിനെക്കുറിച്ചാണ് ഈ പാഠം.**

| | |
|---|---|
| | **നാം അത് പഠിച്ചു കൊണ്ടിരിക്കുന്നു.**<br>• ദൈവം നോഹക്കും കുടുംബത്തിനും ജീവിക്കുവാൻ ഒരു പുതിയ വൃത്തിയുള്ള ലോകം കൊടുത്തു.<br>• നാം ദൈവത്തോട് ക്ഷമ ചോദിച്ചാൽ ദൈവം നമുക്കും പുതിയതും, ശുദ്ധമായതുമായ ജീവിതം തരും.<br><br>**താക്കോൽവാക്യം: 2 കൊരിന്ത്യർ 5:17**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 8:1–19** |
| അവതരിപ്പിക്കുക | • നോഹയ്ക്കും കുടുംബത്തിനും ദീർഘനാൾ പെട്ടകത്തിനുള്ളിൽ ജീവിക്കേണ്ടി വന്നു എന്ന് കുട്ടികൾക്ക് പറഞ്ഞു കൊടുക്കുക.<br>• പെട്ടകത്തിൽ എങ്ങനെയായിരിക്കും ജീവിച്ചത് എന്നുള്ളത് കുട്ടികൾ ചിന്തിക്കുവാൻ അനുവദിക്കുക. നിങ്ങളായിരുന്നെങ്കിൽ ദിവസം മുഴുവനും എങ്ങനെ ചിലവഴിക്കുമായിരുന്നു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? |
| വിശദീകരിക്കുക | • 40 നീണ്ട ദിവസങ്ങൾ കഴിഞ്ഞപ്പോൾ മഴ നിന്നു എങ്കിലും ജലപ്രളയത്താൽ വെള്ളം പൊങ്ങിയതുകൊണ്ട് മലകളൊന്നും കാണാൻ കഴിഞ്ഞില്ല. **(ഉല്പത്തി 8:1– 4).**<br>• ഒരു ദിവസം നോഹ വെള്ളം കുറഞ്ഞുവോ എന്നറിയാൻ പെട്ടകത്തിൽ നിന്നും ഒരു മലങ്കാക്കയെ പുറത്തു വിട്ടു എന്നാൽ അത് തിരിച്ചു വന്നില്ല. അതിനുശേഷം നോഹ ഒരു പ്രാവിനെ പുറത്തു വിട്ടു അത് വേഗം തിരിച്ചു വന്നു. ഒരാഴ്ചയ്ക്കുശേഷം നോഹ അതിനെ വീണ്ടും പുറത്തുവിട്ടപ്പോൾ എല്ലാവരേയും സന്തോഷിപ്പിക്കുമാറ് അതിന്റെ കൊക്കിൽ ഒരു ഒലിവില ഉണ്ടായിരുന്നു. *ഇതിന്റെ അർത്ഥം മരങ്ങൾ കാണായ് വന്നു, വെള്ളം താഴ്ന്നു എന്ന് കുട്ടികൾക്ക് വിവരിച്ചു കൊടുക്കുക* **(ഉല്പത്തി 8:6 – 11)**<br>• ഏഴു ദിവസത്തിനുശേഷം നോഹ വീണ്ടും പ്രാവിനെ പുറത്തു വിട്ടു. ഈ പ്രാവശ്യം അത് തിരിച്ചു വന്നില്ല. വെള്ളം വീണ്ടും താഴ്ന്നു കാണും അതുകൊണ്ട് പ്രാവിന് വസിക്കാൻ പുതിയ കൂട് കിട്ടിക്കാണും എന്ന് നോഹയ്ക്ക് മനസ്സിലായി. അവസാനം പെട്ടകം ഒരു ഉയരമുള്ള മലയായ അരാരാത്ത് പർവ്വതത്തിൽ ഉറച്ചു. **(ഉല്പത്തി 8:12).**<br>• നിലം എല്ലാം ഉണങ്ങിയപ്പോൾ യഹോവ നോഹയോട് മൃഗങ്ങളേയും കൊണ്ട് പെട്ടകത്തിന് പുറത്തേക്ക് വരാൻ പറഞ്ഞു. എല്ലാവർക്കും ഇത് എന്തൊരു വലിയ വാർത്തയായിരുന്നു! വളരെ നീണ്ട ദിവസങ്ങൾ അവർ പെട്ടകത്തിനുള്ളിൽ അടയ്ക്കപ്പെട്ടിരുന്നു! *പെട്ടകത്തിന് പുറത്ത് വരേണ്ട സമയമായപ്പോൾ നോഹയ്ക്കും കുടുംബത്തിനും എന്ത് തോന്നിക്കാണും എന്നാണ് നിങ്ങൾ വിചാരിക്കുന്നത്? പുതിയലോകം കണ്ടാൽ എങ്ങനെയായിരുന്നിരിക്കണം എന്ന് കുട്ടികളോട് ഒന്നിച്ച് നിങ്ങൾ കണ്ടെത്തുക. (ഉല്പത്തി 8:15 - 19)*<br>• *നോഹയുടെ കാലത്തുള്ള ജനങ്ങളേക്കാൾ ഒട്ടും വ്യത്യസ്തരല്ല നാമും എന്ന് കുട്ടികൾക്ക് വിവരിച്ചു കൊടുക്കുക. നമ്മുടെ ജീവിതത്തിലെ അഴുക്കുകളെല്ലാം (ദുഷ്പ്രവൃത്തികൾ) നീക്കി നമുക്ക് പുതിയൊരു ശുദ്ധിയുള്ള ഹൃദയം തരുവാൻ ദൈവത്തിന് കഴിയും. നമ്മുടെ പാപങ്ങൾ നീക്കാൻ ക്രൂശിൽ മരിച്ച കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് ക്ഷമയ്ക്കായി നാം യാചിക്കണം.*<br><br>**ബൈബിൾ പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക:** FBI – നോഹയും പെട്ടകവും പവർപോയിന്റ് സ്ലൈഡുകൾ ഫ്രീ ആയിട്ട് ഓൺലൈനിൽ www.bible for children.org – ൽ ലഭിക്കും. |
| മനപ്പാഠമാക്കുക | • മനപാഠവാക്യം പഠിപ്പിക്കുകയും ആവശ്യംപോലെ വിവരിക്കുകയും ചെയ്യുക. **2 കൊരിന്ത്യർ 5:17** *നമ്മുടെ ഹൃദയങ്ങളെ മാറ്റുവാൻ യേശുകർത്താവിന് മാത്രമേ സാധിക്കുകയുള്ളു എന്ന് വിവരിച്ചു കൊടുക്കുക.* |
| ഓർക്കുക | • നോഹ പെട്ടകത്തിൽ നിന്നും പുറത്തു വിട്ട ആദ്യത്തെ പക്ഷി ഏത്?<br>• രണ്ടാം പ്രാവശ്യം പ്രാവ് തിരിച്ചു വന്നപ്പോൾ അതിന്റെ കൊക്കിൽ എന്താണ് ഉണ്ടായിരുന്നത്?<br>• എവിടെയാണ് പെട്ടകം ഉറച്ചത്?<br>• പെട്ടകത്തിൽ നിന്നും നോഹയോട് പുറത്തു വരാൻ ആരാണ് പറഞ്ഞത്?<br>• ജലപ്രളയത്തിൽ നിന്നും രക്ഷപ്പെട്ടത് ആരാണ്?<br>• നമ്മുടെ പാപങ്ങൾക്കുവേണ്ടി ശിക്ഷിക്കപ്പെട്ടത് ആരാണ്?<br>• നമുക്ക് ശുദ്ധിയുള്ള ഹൃദയം വേണമെങ്കിൽ നാം എന്ത് ചെയ്യണം?<br>• വിട്ടുപോയ വാക്ക് പൂരിപ്പിക്കുക: "ഒരുവൻ ക്രിസ്തുവിലായാൽ അവൻ —— |

# A 2 പാഠം – 4

**ദൈവത്തിന്റെ വാഗ്ദത്തം– നന്ദി പറയുന്നതിനെക്കുറിച്ചുള്ള പാഠമാണ്.**

| | |
|---|---|
| | **നാം അത് പഠിച്ചു കൊണ്ടിരിക്കുന്നു.**<br>• ദൈവം എല്ലായ്പോഴും അവന്റെ വാഗ്ദത്തം നിവർത്തിക്കും<br>• ദൈവം നോഹയേയും അവന്റെ കുടുംബത്തേയും പരിപാലിച്ചതുപോലെ, ദൈവത്തെ വിശ്വസിക്കുകയും അനുഗമിക്കുകയും ചെയ്യുന്നവരെ ദൈവം ഒരു നാളും കൈവിടുകയില്ല എന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ട്.<br><br>**താക്കോൽ വാക്യം: സംഖ്യ 10:29 അല്ലെങ്കിൽ എബ്രായർ 13:5**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 8:20–22 ഉം 9:7–17** |
| അവതരിപ്പിക്കുക | • കുട്ടികൾക്ക് ഒരു ഉദാഹരണം പറഞ്ഞുകൊടുക്കുക. ആരെങ്കിലും നിങ്ങളോട് ഒരു സമയത്ത് ഉടമ്പടി ചെയ്തത് പറയുക.<br>• കൂട്ടുകാരായ ആരെങ്കിലും സമയം പറഞ്ഞ് മറ്റാരോടെങ്കിലും ഉടമ്പടി ചെയ്ത കാര്യം പറയുവാൻ കുട്ടികൾക്ക് അവസരം കൊടുക്കുക.<br>• ആരെങ്കിലും നിങ്ങളോട് ഉടമ്പടി ചെയ്തിട്ട് അത് നിവർത്തിക്കാതിരുന്നിട്ടുണ്ടോ എന്ന് കുട്ടികളോട് ചോദിക്കുക.<br>• ബൈബിളിൽ മുഴുവനും ദൈവത്തിൽ നിന്നുള്ള വാഗ്ദത്തങ്ങളാണ് അതൊന്നും ദൈവം തെറ്റിക്കില്ല (എല്ലാം ദൈവം നിവർത്തിക്കും എന്ന് കുട്ടികളോട് പറയുക)<br>• നാം ദൈവത്തെ വിശ്വസിച്ച് അവനെ അനുഗമിച്ചാൽ ദൈവം ഒരിക്കലും നമ്മെ കൈവിടുകയില്ല എന്ന് കുട്ടികളോട് പറയുക. |
| വിശദീകരിക്കുക | • നോഹയും കുടുംബവും സുരക്ഷിതരായിരുന്നു! അവർ വളരെ നാളുകൾ പെട്ടകത്തിനകത്തായിരുന്നു. എന്നാൽ ഇപ്പോൾ നോഹയ്ക്കും കുടുംബത്തിനും മൃഗങ്ങൾക്കും പെട്ടകത്തിൽ നിന്ന് പുറത്തേക്ക് പോകാം എന്ന് ദൈവം അരുളിചെയ്തു. (**ഉല്പത്തി** 8:15–19)<br>• നോഹക്ക് ചെയ്യേണ്ടതായിരുന്ന ഒന്നാമത്തെ കാര്യം ദൈവത്തോട് നന്ദി പറയുന്നതായിരുന്നു. കാരണം ജലപ്രളയത്തിൽ നോഹയേയും കുടുംബത്തേയും കാത്തുസൂക്ഷിച്ചതിന്! അതിനുവേണ്ടി നോഹ കുറേ വലിയ കല്ലുകൾ പെറുക്കി കൂട്ടി കല്ലിന്മേൽ കല്ലു വെച്ച് ഒരു യാഗപീഠം പണിതു. നോഹയുടെ കാലത്ത് ജനങ്ങൾ ദൈവം അവർക്ക് ചെയ്ത സകലനന്മകൾക്കും നന്ദി പറയാൻ വേണ്ടി ആ യാഗപീഠത്തിന്മേൽ യാഗങ്ങൾ അർപ്പിച്ചു. (**ഉല്പത്തി** 8:20–21) *എന്തൊക്കെ കാര്യങ്ങൾ നമുക്ക് ദൈവത്തോട് നന്ദി പറയാം? (ദൈവത്തോട് നന്ദി പറയാനുള്ള കാര്യങ്ങൾ ഒരു പേപ്പറിലോ ബോർഡിലോ എഴുതി ലിസ്റ്റ് തയ്യാറാക്കുക)*<br>• നോഹയും കുടുംബവും ദൈവത്തോട് നന്ദി പറയുവാൻ ഓർത്തതുകൊണ്ട് ദൈവം സന്തോഷിച്ചു. അപ്പോൾ ദൈവം ഒരു അത്ഭുതകരമായ വാഗ്ദത്തം കൊടുത്തത് "ഇനി ഒരിക്കലും ദൈവം ജലപ്രളയം കൊണ്ട് ഭൂമിയെ നശിപ്പിക്കയില്ല" എന്നായിരുന്നു (**ഉല്പത്തി** 8:21–22).<br>• ദൈവം കൊടുത്ത ഈ വാഗ്ദത്തത്തിന്റെ ഓർമ്മക്ക് എന്നവണ്ണം ഒരു അടയാളം അവരെ കാണിച്ചു. അത് ഒരു മഴവില്ലായിരുന്നു. ഓരോ പ്രാവശ്യവും നോഹയും അവന്റെ കുടുംബവും മഴവില്ല് കാണുമ്പോൾ ദൈവത്തിന്റെ വാഗ്ദത്തം ഓർക്കും. (**ഉല്പത്തി** 9:12–13). *മഴവില്ലിനെക്കുറിച്ചും അതിന്റെ മനോഹരമായ നിറങ്ങളെക്കുറിച്ചും കുട്ടികളോട് സംസാരിക്കുക. അടുത്തപ്രാവശ്യം ഒരു മഴവില്ല് കാണുമ്പോൾ ദൈവത്തേയും അവന്റെ വാഗ്ദത്തങ്ങളെയും കുറിച്ച് ഓർക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.*<br>• *നോഹയോട് ദൈവം പറഞ്ഞ വാഗ്ദത്തം നിറവേറ്റിയോ? നാം ദൈവത്തിൽ വിശ്വസിച്ചാൽ അവൻ നമ്മോടും അവന്റെ വാഗ്ദത്തങ്ങൾ പാലിക്കും എന്ന് കുട്ടികളെ പറഞ്ഞ് മനസ്സിലാക്കി കൊടുക്കുക. (രണ്ടാമത്തെ താക്കോൽവാക്യം കാണുക)*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക** : FBI – നോഹയും പെട്ടകവും പവർപോയിന്റ് സ്ലൈഡുകൾ ഫ്രീ ആയിട്ട് ഓൺലൈനിൽ www.bible for children.org –ൽ ലഭിക്കും. |
| മനപ്പാഠമാക്കുക | • താക്കോൽവാക്യം ആവശ്യമുള്ളിടത്ത് വിശദമാക്കുക– **സംഖ്യ 10:29 അല്ലെങ്കിൽ എബ്രായർ 13:5** |
| ഓർക്കുക | • കഴിഞ്ഞ പാഠത്തിൽ നിന്നും നോഹയോട് ബന്ധപ്പെട്ട കുറേ ചോദ്യങ്ങൾ തിരഞ്ഞെടുത്ത് കുട്ടികൾ എത്രമാത്രം ആ കഥ ഓർക്കുന്നുണ്ടെന്ന് നോക്കുക.<br>• നോഹയുടെ കഥ പഠിച്ചപ്പോൾ പഠിച്ച മനപാഠവാക്യം വീണ്ടും കുട്ടികളെക്കൊണ്ട് പറയിപ്പിക്കുക.<br>• കുട്ടികൾ പഠിച്ച കഥയിൽ നിന്നും അവർക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു ഭാഗത്തിൽ നിന്നും ഒരു ചിത്രം വരയ്ക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുക അല്ലെങ്കിൽ അവർ പഠിച്ച കഥയിലെ ഏതെങ്കിലും വാചകം എഴുതാൻ ആവശ്യപ്പെടുക.<br>• ഒരു ഗ്രൂപ്പ് ക്ലാസ്സിലെ കുട്ടികൾക്ക് മനുഷ്യരും മൃഗങ്ങളും പെട്ടകത്തിൽ നിന്നും ഇറങ്ങുന്നതിന്റെ ചിത്രങ്ങളും അതിന്റെ കൂടെ ഒരു മഴവില്ലും യാഗപീഠവും ഒരുമിച്ചുള്ള ചിത്രങ്ങളും കൊണ്ട് ഒറ്റചിത്രമായി കാണിക്കുക.) |

# A 3 പാഠം–1

**യേശു പത്രോസിനെ വിളിക്കുന്നു. – യേശുവിനെ അനുഗമിക്കുന്നതിനെക്കുറിച്ചുള്ള പാഠമാണ്.**

| | |
|---|---|
| | **നാം പഠിച്ചു കൊണ്ടിരിക്കുന്നത്**<br>• യേശുവിനൊപ്പം പ്രവർത്തിക്കുന്നതിനും ഭാവിയിൽ യേശുവിന്റെ പ്രവർത്തനത്തിന് സഹായികളെ ആവശ്യമായിരുന്നു<br>• അവന്റെ (യേശുവിന്റെ) സഹായികളാകണമെങ്കിൽ നാം ദൈവത്തെ അനുഗമിക്കുകയും അനുസരിക്കുകയും വേണം.<br><br>**താക്കോൽവാക്യം: മത്തായി 4:19**<br>**ബൈബിൾ വായനാഭാഗം: മത്തായി 4:18–22** |
| അവതരിപ്പിക്കുക | • കൂട്ടുകാരെപ്പറ്റി സംസാരിക്കുക. എവിടെയാണ് കൂട്ടുകാർ തമ്മിൽ ആദ്യം കണ്ടുമുട്ടിയത്? എന്തുകൊണ്ടാണ് കൂട്ടുകാർ ഉണ്ടാകുന്നത് നല്ലതാണെന്ന് പറയുന്നത്? നമുക്ക് ആവശ്യമുള്ളത് എങ്ങനെയുള്ള നല്ല കൂട്ടുകാരാണ്? (അഭിപ്രായങ്ങളിൽ ദയയുള്ളവരും, സഹായിക്കുന്നവരും, വിശ്വസിക്കാൻ പറ്റിയവർ— എന്നിവരെ ഉൾക്കൊള്ളിക്കണം)<br>• യേശുകർത്താവിന് നല്ല കൂട്ടൂകാർ ആയിരുന്നു ഉണ്ടായിരുന്നത്. അവരിൽ ചിലരെക്കുറിച്ചാണ് നാം പഠിക്കാൻ പോകുന്നത്.<br>• പശ്ചാത്തലം ഒരുക്കുക. ഒരു വലിയ തടാകമായ ഗലീലക്കടലിന്റെ ചുറ്റും മലകൾ. മുക്കുവന്മാർ ഇവിടെ മീൻ പിടിക്കുന്നു. അവർ എങ്ങനെയാണ് ഇത് ചെയ്തിരുന്നത് എന്ന് കുട്ടികൾക്ക് വിശദീകരിക്കുക (ബോട്ട്, വലകൾ മുതലായവ) അത് വളരെ ഭാരമേറിയ ജോലിയായിരുന്നു. |
| വിശദീകരിക്കുക | • പത്രോസിനേയും അവന്റെ സഹോദരനായ അന്ത്രേയാസിനേയും യേശു വിളിക്കുന്നു (**മത്തായി 4:18–19**). പത്രോസും യോഹന്നാനും യേശുകർത്താവിനെ മുമ്പെ കണ്ടുമുട്ടിയതുകൊണ്ട് കർത്താവ് എത്രമാത്രം പ്രാധാന്യമുള്ളവനാണെന്ന് അവർക്ക് അറിയാമായിരുന്നു. അവരുടെ മീൻ പിടുത്തം ഉപേക്ഷിച്ച് യേശുവിന്റെ കൂടെ വന്ന് അവന്റെ ശുശ്രൂഷയിൽ സഹായിക്കാനാണ് യേശുകർത്താവിന് ആവശ്യമായിരുന്നത്. *യേശു പറഞ്ഞ ശരിയായിട്ടുള്ള വാക്ക് ഉപയോഗിച്ച് അത് കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുകയും ഇപ്പോൾ അവരുടെ പുതിയ ജോലി മറ്റുള്ള മനുഷ്യർ യേശുവിനെ അറിയാൻ സഹായിക്കുക. യേശു അവരെ ക്ഷണിച്ചിട്ട് എന്ത് നല്ല ജോലിയാണ് കൊടുത്തത്!*<br>• പത്രോസിന്റേയും അന്ത്രേയാസിന്റേയും പ്രതികരണം (**മത്തായി 4:20**). അവർക്ക് നേരായിട്ടും അറിയാമായിരുന്നു ഇതാണ് ശരിക്കും ചെയ്യേണ്ടതെന്ന്. ഉടനെ അവർ യേശുവിനെ അനുഗമിച്ചു അവരുടെ സമ്മതം വെളിപ്പെടുത്തി. *കുട്ടികളുടെ ജീവിതത്തിൽ ഉടനെ അനുസരിച്ച എന്തെങ്കിലും സന്ദർഭവുമായി ഈ സംഭവത്തെ താരതമ്യം ചെയ്യുക. പത്രോസിന്റേയും അന്ത്രേയാസിന്റേയും വികാരം എങ്ങിനെ യായിരിക്കും എന്ന് കണ്ടുപിടിക്കുക. (വികാരാധീനം, സന്തോഷം, സവിശേഷതയും തോന്നുന്നത് യേശു അവരെ തിരഞ്ഞെടുത്തതുകൊണ്ടാണ്) ലെവൽ 2-ൽ ഉള്ള കുട്ടികൾക്ക് ഇതു വിശദീകരിക്കുക, അവർ ഇപ്പോൾ യേശുവിന്റെ "ശിഷ്യരാണ്" ഇതുകൊണ്ട് അർത്ഥമാക്കുന്നത്, യേശു എവിടെ പോകുന്നുവോ അവിടെയെല്ലാം യേശുകർത്താവിനെ അനുഗമിപ്പാനും യേശുവിൽ നിന്ന് പഠിപ്പാനും അനുസരിക്കാനും അവർ തയ്യാറായിരുന്നു.*<br>• യേശു യാക്കോബിനേയും യോഹന്നാനെയും വിളിച്ചു (**മത്തായി 4:21–22**). അതിനുശേഷം ആ ദിവസം തന്നെ യേശു വേറെ രണ്ട് മുക്കുവരെക്കൂടെ വിളിച്ചു. അവരും യേശുവിനെ അനുഗമിച്ചു. (ലെവൽ 2)<br>• *നാം ഓരോരുത്തരും യേശുവിന്റെ പിൻഗാമികളാകണമെന്നാണ് യേശു ആഗ്രഹിക്കുന്നത്. നാം യേശുവിന്റെ അനുഗാമികൾ ആയാൽ കർത്താവിന് നമ്മെ അവന്റെ വേലക്കായി ഉപയോഗിക്കുവാൻ സാധിക്കും. ബൈബിൾ കഥയിലെ മുക്കുവരെപ്പോലെ ദൈവത്തിന്റെ വചനം നാമും അനുസരിക്കണം. നമുക്ക് ആവശ്യമായിട്ടുള്ള വചനങ്ങൾ എവിടെയാണ് എഴുതിയിരിക്കുന്നത്? (ബൈബിളിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുക)*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**:- FBI - യേശു തന്റെ ഒന്നാമത്തെ ശിഷ്യന്മാരെ വിളിക്കുന്നു. |
| മനപ്പാഠമാക്കുക | • മനപാഠവാക്യം പഠിപ്പിക്കുക, "മനുഷ്യരെ പിടിക്കുന്നവർ" എന്ന വാക്ക് കുട്ടികൾ ഗ്രഹിച്ചുവോ എന്നുള്ളത് പരിശോധിക്കണം (**മത്തായി 4:19**) |
| ഓർക്കുക | • ആകെ എത്ര മുക്കുവരെയാണ് യേശു വിളിച്ചത്?<br>• എവിടെയാണ് അവർ ജോലി ചെയ്തിരുന്നത്?<br>• അന്ത്രേയാസിന്റെ സഹോദരൻ ആരായിരുന്നു?<br>• അവർ എന്താകും എന്നാണ് യേശു വാഗ്ദത്തം ചെയ്തത്?<br>• ഓർക്കുക.<br>• പത്രോസും അന്ത്രേയാസും എന്ത് ഉപേഷിച്ചാണ് യേശുവിന്റെ പിന്നാലെ പോയത്?<br>• പത്രോസും അന്ത്രേയാസും യഥാർത്ഥമായും യേശുവിന്റെ ശിഷ്യരാകാൻ ഉത്സാഹിച്ചു എന്ന് എങ്ങനെയാണ് അവർ കാണിച്ചു കൊടുത്തത്?<br>• യേശു കണ്ട രണ്ടാമത്തെ ഇരട്ട സഹോദരന്മാർ ആരെല്ലാമായിരുന്നു?<br>• യേശു ആ വഴി വന്നപ്പോൾ യാക്കോബും യോഹന്നാനും എന്ത് ചെയ്യുകയായിരുന്നു?<br>• പടകിൽ അവരോടുകൂടെ ആരാണ് ഉണ്ടായിരുന്നത്?<br>• ഈ വാചകം പൂരിപ്പിക്കുക- നമുക്ക് യേശുവിന്റെ അനുഗാമികൾ ആകണമെങ്കിൽ നാം അവന്റെ വചനം ........................ |

# A 3 പാഠം – 2

## പത്രോസിനെ സഹായിക്കുന്ന യേശു – ഈ പാഠം പത്രോസ് എത്ര പാപിയാണെന്നുള്ളത് അവൻ മനസ്സിലാക്കുന്നു.

| | |
|---|---|
| | **നാം പഠിക്കുന്നു.**<br>• യേശുവിന്റെ ശക്തി പത്രോസിന്റെ ജീവിതത്തിൽ എത്രമാത്രം സ്വാധീനിച്ചു?<br>• യേശു ദൈവപുത്രനാണെന്നും, പത്രോസ് ചെയ്തതുപോലെ നാമും യേശുവിനെ അനുഗമിക്കണം എന്ന് യേശു ആഗ്രഹിക്കുന്നു.<br><br>**താക്കോൽവാക്യം: ലൂക്കോസ് 5:10**<br>**ബൈബിൾ വായനാഭാഗം : ലൂക്കോസ് 5:1–11** |
| അവതരിപ്പിക്കുക | • നിങ്ങൾ ചെയ്യുന്ന നല്ല പ്രവൃത്തികളെക്കുറിച്ച് ചിന്തിക്കാൻ കുട്ടികളോട് ആവശ്യപ്പെടുക. നമുക്കെല്ലാവർക്കും പ്രാപ്തിയും കഴിവുകളും ഉണ്ടെന്നുള്ളത് കുട്ടികളെ ഓർമ്മിപ്പിക്കുക.<br>• പത്രോസ് നല്ല മീൻപിടുത്തക്കാരനായിരുന്നു. അവൻ വളരെ നാളുകൾ മുക്കുവനായിരുന്നു എന്നാൽ ഈ പാഠത്തിൽ യേശുവിന്റെ ഉപദേശങ്ങൾ അനുസരിച്ചാൽ മാത്രമേ ജീവിതത്തിൽ വിജയിക്കാൻ സാധിക്കുകയുള്ളൂ എന്ന് പത്രോസ് പഠിച്ചു. (ചിലപ്പോൾ പത്രോസിനെ ശീമോൻ എന്നും ശീമോൻ പത്രോസ് എന്നും വിളിച്ചിരുന്നു എന്നുള്ളത് കുട്ടികൾക്ക് വിശദികരിക്കുക.) |
| വിശദീകരിക്കുക | • കഴിഞ്ഞ പാഠത്തിലെ പശ്ചാത്തലം കുട്ടികളെ ഓർമ്മപ്പെടുത്തുക. ഇന്നത്തെ കഥയിൽ യേശു പത്രോസിന്റെ പടകിൽ ഇരുന്നാണ് ജനങ്ങളോട് ദൈവവചനം പ്രസംഗിച്ചത് (ലൂക്കോസ് 5:1–3).<br>• പത്രോസിനോടുള്ള യേശുവിന്റെ കല്പന- യേശു പത്രോസിനോട് ആഴത്തിലേക്ക് നീക്കി മീൻപിടുത്തത്തിന് വല ഇറക്കുവിൻ എന്ന് പറഞ്ഞു (ലൂക്കോസ് 5:4–5). ഇതിനെക്കുറിച്ച് പത്രോസിന്റെ ചിന്താഗതി എന്താണെന്ന് കണ്ടുപിടിക്കുക.<br>• വലിയൊരു മീൻപിടുത്തം (**ലൂക്കോസ് 5:1–3**) തലേരാത്രിയിൽ വല വീശി വ്യത്യസ്തമായ അനുഭവത്തെക്കുറിച്ചും ഇപ്പോഴുണ്ടായ അത്ഭുതത്തെക്കുറിച്ചും കുട്ടികളോട് പറയുക. ഇത് വലിയൊരു അത്ഭുതമായിരുന്നു! മത്സ്യത്തിന്റെ സൃഷ്ടിതാവായിരിക്കുന്നവനായിരുന്നു പത്രോസിനോട് കൂടെ ബോട്ടിൽ ഉണ്ടായിരുന്നത്. അതുകൊണ്ട് ആ ദൈവശക്തിയാണ് പത്രോസിന്റെ വലയിൽ പെരുത്ത് മീൻകൂട്ടം വരുവാൻ ഇടയായത്.<br>• *പത്രോസിന്റെ പ്രതികരണം* (**ലൂക്കോസ് 5:8–9**) പത്രോസ് പുതിയൊരു നിലയിൽ യേശു ആരാണെന്ന് മനസ്സിലാക്കിയത് കുട്ടികൾക്ക് വിവരിച്ചു കൊടുക്കുക. യേശു പത്രോസിനെപ്പോലെ ഒരു സാധാരണ മനുഷ്യനല്ലായിരുന്നു. അവൻ സർവ്വശക്തനായ യേശുകർത്താവായിരുന്നു എന്നും അവനെ താരതമ്യപ്പെടുത്തുമ്പോൾ താൻ എത്ര പാപിയായ മനുഷ്യനാണെന്ന് പത്രോസിന് മനസ്സിലായി.<br>• പത്രോസിന്റെ പുതിയ ജോലി (**ലൂക്കോസ് 5:10**) യേശു പത്രോസിനോട് ഇന്നു മുതൽ നീ മനുഷ്യരെപ്പിടിക്കുന്നവനാകും! കഴിഞ്ഞ ആഴ്ചയിൽ പറഞ്ഞ കഥയിലെ ഈ ആശയം കുട്ടികൾക്ക് മനസ്സിലായോ എന്ന് പരിശോധിക്കുക. യേശുകർത്താവിന് പത്രോസിനെക്കൊണ്ട് വളരെ പ്രാധാന്യമർഹിക്കുന്ന മറ്റു ചിലകാര്യങ്ങൾ ചെയ്യിക്കാനുണ്ടെന്ന് പത്രോസിന് മനസ്സിലായതുകൊണ്ട് അവൻ സകലവും വിട്ട് യേശുവിനെ അനുഗമിച്ചു. (**ലൂക്കോസ് 5:11**).<br><br>• *യേശുകർത്താവിന്റെ വലിപ്പത്തേയും ശക്തിയേയും കുറിച്ച് നാം അറിയണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തിൽ കർത്താവിനെ അനുഭവിച്ചറിയാൻ സാധിക്കും. പത്രോസ് ചെയ്തതുപോലെ നാം കർത്താവിനെ അനുസരിക്കാനും അനുഗമിപ്പാനും തീരുമാനിക്കുമ്പോൾ കർത്താവ് നമ്മുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തും.*<br><br>**ബൈബിൾ ടൈം പൂർത്തിയാക്കുക.** |
| മനപ്പാഠമാക്കുക | **ലൂക്കോസ് 5:10** എന്ന താക്കോൽവാക്യം പഠിപ്പിക്കുകയും ആവശ്യം പോലെ വിവരിക്കുകയും ചെയ്യുക. |
| ഓർക്കുക | • പത്രോസിന് സ്വന്തമായ എന്താണ് യേശു ഉപയോഗിച്ചത്?<br>• പുരുഷാരത്തോട് സംസാരിച്ചു കഴിഞ്ഞതിനുശേഷം യേശു പത്രോസിനോട് എന്ത് ചെയ്യാനാണ് ആവശ്യപ്പെട്ടത്?<br>• അവസാനമായി പത്രോസ് എപ്പോഴാണ് മീൻ പിടിച്ചത്?<br>• എങ്ങനെയാണ് പെരുത്ത് മീൻകൂട്ടത്തെ പിടിച്ച സന്ദർഭത്തെ തരണം ചെയ്തത്?<br>• യേശു ദൈവത്തിന്റെ പുത്രനായതുകൊണ്ട് എന്ത് പ്രത്യേകപ്രവൃത്തിയാണ് ചെയ്തത്?<br>• എന്തുകൊണ്ടാണ് പത്രോസ് യേശുവിന്റെ കാല്ക്കൽ വീണത്?<br>• ഇത്ര വലിയ മീൻകൂട്ടത്തെ പിടിച്ചപ്പോൾ ആരൊക്കെയാണ് ആശ്ചര്യപ്പെട്ടത്?<br>• ഇന്നുമുതൽ പത്രോസ് എന്ത് ചെയ്യുമെന്നാണ് യേശു പറഞ്ഞത്?<br>• ഈ കഥയുടെ അവസാനത്തിൽ പത്രോസും കൂട്ടുകാരും എന്താണ് ചെയ്തത്? |

## A 3 പാഠം–3

**കടലിനെ ശാന്തമാക്കുന്ന യേശു – ഇത് യേശുകർത്താവിന്റെ ശക്തിയെക്കുറിച്ചുള്ള പാഠമാണ്.**

| | |
|---|---|
| | **നാം പഠിച്ചു കൊണ്ടിരിക്കുന്നത്**<br>• യേശു ദൈവത്തിന്റെ പുത്രനായതുകൊണ്ട് കടലിനെ ശാന്തമാക്കുവാൻ കഴിഞ്ഞു.<br>• യേശുകർത്താവ് ദൈവപുത്രനാണെന്ന് നാം വിശ്വസിക്കണം.<br><br>**താക്കോൽവാക്യം: മത്തായി 8:27**<br>**ബൈബിൾ വായനാഭാഗം: മത്തായി 8:23–27** |
| അവതരിപ്പിക്കുക | • ഈ സന്ദർഭത്തിൽ കുട്ടികൾക്ക് പരിചയമുള്ള കാലാവസ്ഥയെക്കുറിച്ച് സംസാരിക്കുക. എപ്പോഴെങ്കിലും കാലാവസ്ഥ ഇത്രയും വേഗത്തിൽ മാറിയിട്ടുണ്ടോ? ഉദാ: നിങ്ങൾ വലിയ മഴയിൽ അകപ്പെട്ടിട്ടുണ്ടോ?<br>• കാലാവസ്ഥ എങ്ങനെയാണ് കപ്പൽയാത്രയേയും വലിയ കാറ്റിനേയും സ്വാധീനിക്കുന്നത് എന്നതിനെക്കുറിച്ച് സംസാരിക്കുക. ഇന്നത്തെ കഥയിൽ യേശുവും ശിഷ്യന്മാരും ഗലീലക്കടലിന്റെ അക്കരക്ക് ബോട്ടിൽ യാത്ര ചെയ്യുകയായിരുന്നു. |
| വിശദീകരിക്കുക | • വളരെ ശാന്തമായിരുന്നു യാത്ര ആരംഭിക്കുമ്പോൾ- സമാധാനപരമായ അന്തരീക്ഷം വിവരിക്കുക- താമസിയാതെ യേശു ഉറക്കത്തിലായി (**മത്തായി** 8:23–24)<br>• പ്രകൃതിക്ഷോഭം- പെട്ടെന്ന് വലിയ ഒരു കൊടുങ്കാറ്റ് വീശി ശിഷ്യന്മാർ ഭീതിയിലായി (**മത്തായി 8:24**). ആ രംഗം വളരെ തെളിവായി വിവരിക്കുക.- തിരമാലകളുടെ ശബ്ദവും തിരമാലകൾ അലച്ചു ബോട്ടിൽ കയറി, പടകിൽ കയറിയ വെള്ളം കോരി പുറത്ത് കളയാൻ ശ്രമിച്ചു.<br>• ശിഷ്യന്മാർ ഭയപ്പെട്ടു. അവർ പ്രാണഭീതിയിലായി കാരണം ശിഷ്യന്മാർ വിചാരിച്ചു അവരുടെ പടക് മുങ്ങുവാൻ പോകുകയാണെന്ന്. പെട്ടെന്ന് അവർ യേശുവിനെ ഉണർത്തി തങ്ങളെ രക്ഷിക്കണമെന്ന് നിലവിളിച്ചു. അവർ ഉച്ചരിച്ച അതേ വാക്കുകൾ ഉപയോഗിക്കുക (**മത്തായി 8:25**). തന്റെ ശിഷ്യന്മാർക്ക് ദൈവത്തിൽ വിശ്വസിക്കാൻ കഴിയാത്തതുകൊണ്ട് യേശു ദുഃഖിച്ചു. *വിശ്വാസം ഉണ്ടാകണം എന്നതിന്റെ അർത്ഥം ദൈവത്തിൽ ആശ്രയിക്കണം എന്ന് കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക* (**മത്തായി** 8:26)<br>• യേശുവിന്റെ ശക്തി: യേശു കാറ്റിനെ ശാസിച്ചു (**മത്തായി** 8:26) **മർക്കോസ്** 4:39 കാണുക ഉടനെ കാറ്റ് അമർന്നു ശാന്തത ഉണ്ടായി എന്ന് ഉറപ്പിച്ചു പറയുക.<br>• ശിഷ്യന്മാർ അതിശയിച്ചു (**മത്തായി** 8:27) *യേശു കാറ്റിനേയും കടലിനേയും ശാസിക്കുന്നതും അതിന്മേലുള്ള യേശുവിന്റെ ശക്തിയേയും കണ്ടപ്പോൾ ശിഷ്യന്മാർക്ക് മനസ്സിലായി യേശു തങ്ങളിൽ നിന്നും വ്യത്യസ്തനാണെന്ന്. എന്തുകൊണ്ടാണ് യേശുവിന് കൊടുങ്കാറ്റിനെ ശാന്തമാക്കാൻ കഴിഞ്ഞത് എന്ന് കുട്ടികൾ മനസ്സിലാക്കിയോ എന്ന് ഉറപ്പു വരുത്തുക. യേശു സകലത്തേയും സൃഷ്ടിച്ച ദൈവപുത്രനാണ്.*<br>• *നമ്മുടെ ലോകത്തിലുള്ള സകലത്തിന്മേലും, കാലാവസ്ഥ ഉൾപ്പെടെ കർത്താവിന് സർവ്വശക്തിയുണ്ട്. കുട്ടികളുടെ ജീവിതത്തിൽ ഏതെങ്കിലും സന്ദർഭത്തിൽ ദൈവത്തിൽ ആശ്രയിക്കാനും യേശുവിന്റെ നിയന്ത്രണം സകലത്തിന്മേലും ഉണ്ട് എന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് ചിന്തിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക.*<br>• *യേശു സത്യമായിട്ടും ദൈവത്തിന്റെ പുത്രനാണെന്ന് നാം വിശ്വസിക്കണം.*<br><br>**ബൈബിൾ ടൈം പാഠങ്ങൾ പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: - FBI -യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു. |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **മത്തായി** 8:27 പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിവരിക്കുകയും ചെയ്യുക. |
| ഓർക്കുക | • എവിടെയാണ് ഈ സംഭവം നടന്നത്?<br>• ആരാണ് ആദ്യം ബോട്ടിൽ കയറിയത്?<br>• കൊടുങ്കാറ്റടിച്ചപ്പോൾ തിരമാലകൾ എന്ത് ചെയ്തു.?<br>• കാറ്റ് ആരംഭിച്ചപ്പോൾ യേശു എന്ത് ചെയ്യുകയായിരുന്നു?<br>• എന്ത് കൊണ്ടാണ് ശിഷ്യന്മാർ യേശുവിനെ ഉണർത്തിയത്?<br>• എന്തുകൊണ്ടാണ് യേശു അവരെ ഓർത്ത് ദുഃഖിച്ചത്?<br>• ഏതെല്ലാം രണ്ട് കാര്യങ്ങളെയാണ് യേശു ശാന്തമാക്കിയത്?<br>• എവിടെയാണ് മനപാഠവാക്യം കണ്ടത്?<br>• യേശുവിന് മാത്രമേ കാറ്റിനെ അമർച്ചെചെയ്യുവാൻ കഴിഞ്ഞുള്ളൂ മറ്റ് ശിഷ്യന്മാർക്ക് ആർക്കും കഴിഞ്ഞില്ല എന്തുകൊണ്ട്?<br>• യേശു ചെയ്ത അത്ഭുതത്തിന് കൊടുത്ത പേരെന്ത്?<br><br>**അഭിനയിച്ചു കാണിക്കുക**: ഈ വിവരണം 12 ശിഷ്യന്മാർ ബോട്ടിൽ ഇരിക്കുന്നതുപോലെ അഭിനയിച്ചു കാണിച്ചാൽ നന്നായിരിക്കും. മറ്റുള്ളവർ കാറ്റിന്റേയും കടലിന്റേയും ശബ്ദം ഉണ്ടാക്കുക. കുട്ടികൾ സന്ദർഭത്തിനനുസരിച്ച് പ്രവൃത്തി ചെയ്യുകയും അനുയോജ്യമായ വാക്കുകൾ സംസാരിക്കുകയും ചെയ്യുമ്പോൾ ഒരു മുതിർന്ന ആൾ ഈ വിവരണം വായിക്കണം. |

## A 3 പാഠം – 4
### പത്രോസിനെ രക്ഷിക്കുന്ന യേശു – പത്രോസിന്റെ ചെറിയൊരു പ്രാർത്ഥനയെക്കുറിച്ചുള്ള പാഠമാണിത്.

| | |
|---|---|
| | **നാം പഠിച്ചുകൊണ്ടിരിക്കുന്നത്.**<br>• പത്രോസിന്റെ ഒരു ചെറിയ പ്രാർത്ഥന നിമിത്തം യേശു അവനെ രക്ഷിച്ചു.<br>• നാം രക്ഷിക്കപ്പെടണമെങ്കിൽ യേശുകർത്താവിൽ വിശ്വസിക്കണം.<br><br>**താക്കോൽവാക്യം : മത്തായി 14:33**<br>**ബൈബിൾ വായനാഭാഗം: മത്തായി 14:22–33** |
| അവതരിപ്പിക്കുക | • ഒരു വ്യക്തിയെ അടുത്തറിയണമെങ്കിൽ ആ വ്യക്തിയുമായി കുറച്ച് സമയം ചിലവഴിക്കണം എന്നത് വിശദീകരിക്കുക. ഇതുവരെ യേശുവിനെക്കുറിച്ച് എന്താണ് പഠിച്ചതെന്ന് നിങ്ങൾ കുട്ടികളെക്കൊണ്ട് പറയിപ്പിക്കുക.<br>• അവരുടെ അഭിപ്രായങ്ങൾ പറയുമ്പോൾ പെട്ടെന്ന് എടുക്കാവുന്ന ഒരു ചാർട്ടിൽ അത് എഴുതുക- ഉദാഹരണം: യേശു ദൈവത്തിന്റെ പുത്രനാണ്, അവന് അത്ഭുതങ്ങൾ പ്രവർത്തിപ്പാൻ സാധിക്കും, കടലിന്റെ മേൽ യേശുവിന് അധികാരം (ശക്തി) ഉണ്ട്.<br>• ഇന്നത്തെ കഥയിൽ പത്രോസ് യേശുവിനെക്കുറിച്ച് കൂടുതൽ പഠിച്ചു. |
| വിശദീകരിക്കുക | • യേശു തനിയെ പ്രാർത്ഥിക്കാനായി പോയപ്പോൾ തന്റെ ശിഷ്യന്മാർ ഒരു ബോട്ടിൽ യാത്ര പോയി (**മത്തായി 14:22–23**). *യേശുവിന്റെ ജീവിതത്തിൽ പ്രാർത്ഥന എന്നുള്ളത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്*<br>• കൊടുങ്കാറ്റ് (**മത്തായി 14:24**) കഴിഞ്ഞാഴ്ചയിലെ കൊടുങ്കാറ്റിനെ ഓർപ്പിച്ച് ഈ കഥയിലെ സംഭവകഥയെക്കുറിച്ച് സംസാരിക്കുക. തന്റെ ശിഷ്യന്മാർ പ്രയാസത്തിലാണ് എന്ന് യേശു കണ്ടപ്പോൾ അർദ്ധരാത്രിയിൽ യേശു കടലിന്മേൽ നടന്നു ശിഷ്യന്മാരുടെ അടുക്കൽ വന്നു (**മത്തായി 14:26–27**) *ആ സമയത്ത് ശിഷ്യന്മാർക്ക് എന്താണ് തോന്നിയത് എന്നതിനെക്കുറിച്ച് വിവരിക്കുക. യേശു പറഞ്ഞ പ്രോത്സാഹനത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക.*<br>• പത്രോസിന്റെ അപേക്ഷ. കടലിന്മേൽ നടന്നു വന്നത് യേശു തന്നെ ആണോ എന്ന് പത്രോസിന് സംശയം തോന്നിയതുകൊണ്ട് അത് ഉറപ്പു വരുത്താൻ പത്രോസിനോട് കടലിന്മേൽ നടന്ന് യേശുവിന്റെ അടുക്കലേക്ക് ചെല്ലാൻ ക്ഷണിച്ചു. യേശു പത്രോസിനോട് വരാൻ പറഞ്ഞതനുസരിച്ച് പത്രോസ് ബോട്ടിൽ നിന്നും ഇറങ്ങി കടലിന്മേൽ നടക്കാൻ തുടങ്ങി (**മത്തായി 14:28–29**). പത്രോസ് കുറച്ചു ദൂരം യേശുവിനെ നോക്കി നടന്നു, എന്നാൽ പെട്ടെന്ന് പത്രോസിന്റെ ദൃഷ്ടി യേശുവിങ്കൽ നിന്ന് മാറി അവൻ തിരകളെ കണ്ടു പേടിച്ചു, മുങ്ങുവാൻ തുടങ്ങി.<br>• യേശു പത്രോസിനെ രക്ഷിച്ചു. *പത്രോസ് പെട്ടെന്ന് യേശുവേ രക്ഷിക്കണേ എന്നുള്ള പത്രോസിന്റെ വാക്കുകളിൽ പറയുക* (**മത്തായി 14:30–32**). അപ്പോൾ രണ്ടുപേരും പടകിൽ കയറി ഉടനെ കാറ്റ് അമർന്നു. *ശിഷ്യന്മാർ എങ്ങിനെയാണ് ഈ സംഭവത്തോട് പ്രതികരിച്ചത് എന്ന് വിവരിക്കുക (മത്തായി 14:35).*<br>• *പത്രോസ് മുങ്ങിപ്പോകാതെ അവനെ രക്ഷിക്കേണ്ടത് അത്യാവശ്യമായിരുന്നു. നമ്മുടെ ജീവിതത്തിലും പാപത്തിൽ നിന്ന് നാം രക്ഷിക്കപ്പെടേണ്ടത് ആവശ്യമാണ്. നമുക്കുവേണ്ടി അത് ചെയ്യുവാൻ യേശുകർത്താവിന് മാത്രമേ സാധിക്കൂ. കാൽവറിക്രൂശിൽ യേശു മരിച്ചപ്പോൾ നമ്മുടെ പാപത്തിന്റെ ശിക്ഷയാണ് താൻ സഹിച്ചത്. നാം യേശുവിൽ വിശ്വസിക്കണം.*<br><br>**ബൈബിൾ ടൈം പാഠങ്ങൾ പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI യേശു വെള്ളത്തിന്മേൽ നടക്കുന്നു. |
| മനപാഠമാക്കുക | **മത്തായി** 14:33 എന്ന മനപാഠവാക്യം പഠിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുക.<br>*നമസ്ക്കരിച്ചു എന്ന വാക്കിന്റെ അർത്ഥം എന്തെന്ന് വിശദമാക്കുക. യേശുവിനെക്കുറിച്ച് പഠിച്ചതിൽ ശിഷ്യന്മാർ ആശ്ചര്യപ്പെടുകയും, സന്തോഷത്താൽ നിറയുകയും ചെയ്തു. യേശുകർത്താവിനെ സ്നേഹിക്കുന്ന എല്ലാവർക്കും അവരുടെ ഹൃദയത്തിന്റെ ആഴത്തിൽ പറയാൻ കഴിയുന്ന ഒരു അത്ഭുതകരമായ നിർവ്വചനമാണ് ഇത് എന്ന് വിശദമാക്കുക.* |
| ഓർക്കുക | ഈ ചോദ്യങ്ങളെല്ലാം A3 യിലുള്ള എല്ലാ കഥകളേയും ആധാരമാക്കിയാണ്. നിങ്ങളുടെ കയ്യിൽ കാർഡ് ഉണ്ടെങ്കിൽ പല വലിപ്പത്തിലുള്ള മത്സ്യത്തെ വരയ്ക്കുക. ഒരു ചോദ്യത്തിന് ഉത്തരം പറയുമ്പോൾ മുന്നിൽ പ്രദർശിപ്പിച്ചിട്ടുള്ളതിൽ നിന്നും കുട്ടികൾ ഓരോ മത്സ്യത്തെ പിടിക്കുകയോ, തെരഞ്ഞെടുക്കുകയോ ചെയ്യട്ടെ. ഓരോ മത്സ്യത്തിനും നിശ്ചിത പോയിന്റുകളുടെ മാർക്ക് കൊടുത്തിട്ടുണ്ട്. രണ്ട് ടീമുകളായി തിരിച്ച്, ഓരോ ടീമിനും എത്ര പോയിന്റുകൾ നേടി എന്ന് നോക്കുക.<br>• എവിടെയാണ് ഈ കഥകളൊക്കെ സംഭവിച്ചത്?<br>• ഈ വാക്യം പൂർത്തിയാക്കുക: "നിങ്ങൾ എന്റെ പിന്നാലെ വരിക. ഞാൻ ——<br>• യേശു ആരോടാണ് ഈ വാക്കുകൾ പറഞ്ഞത്?<br>• പെരുത്ത് മീൻകൂട്ടം കണ്ടപ്പോൾ പത്രോസ് എന്താണ് ചെയ്തത്?<br>• ഈ വാക്യം പൂർത്തിയാക്കുക " ഇവൻ എങ്ങനെയുള്ള മനുഷ്യൻ —<br>• എന്തിനാണ് യേശുകർത്താവ് മലയിലേക്ക് കയറിപ്പോയത്?<br>• എന്താണ് ശിഷ്യന്മാരെ ഭയപ്പെടുത്തിയത്?<br>• ഈ കഥയിൽ പത്രോസ് യേശുവിനെക്കുറിച്ച് എന്താണ് പഠിച്ചത്? |

## A 4 പാഠം–1
### ഉറങ്ങുന്ന പത്രോസ്–തന്റെ പിതാവിനോട് പ്രാർത്ഥിക്കുന്ന യേശുവിനെക്കുറിച്ചുള്ള പാഠമാണിത്.

| | |
|---|---|
| | **നാം പഠിച്ചു കൊണ്ടിരിക്കുന്നത്.**<br>• യേശുകർത്താവിന്റെ ജീവിതത്തിൽ പ്രാർത്ഥന വളരെ പ്രാധാന്യമുള്ളതായിരുന്നു.<br>• നാമും പ്രാർത്ഥിക്കേണ്ടത് അത്യാവശ്യമാണ്.<br><br>**താക്കോൽവാക്യം : യോഹന്നാൻ 15:14**<br>**ബൈബിൾ വായനാഭാഗം: മത്തായി 26:36–46** |
| അവതരിപ്പിക്കുക | • കുട്ടികൾക്ക് പ്രയാസമുള്ള കാര്യങ്ങളെക്കുറിച്ച് സംസാരിക്കുക. ഉദാ:- ഓട്ടമത്സരത്തിന്റെ അവസാനഭാഗത്ത് നേരം വൈകിയാൽ, കുറേ നേരമായി നമ്മൾ ഒരേ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കേട്ടുകൊണ്ടിരിക്കുമ്പോൾ ഒരു പ്രത്യേക സംഭവത്തിനായി ഉണർന്നിരിക്കാൻ പ്രയാസമാണ്.<br>• ഇന്നത്തെ പാഠത്തിൽ, യേശുവിന് തന്റെ സ്നേഹിതനായ പത്രോസിന്റെ പ്രത്യേകനിലയിലുള്ള പിന്തുണ ആവശ്യമായിരുന്നു. യേശു ചെയ്യുവാൻ ആവശ്യപ്പെട്ട കാര്യം പത്രോസിന് ചെയ്യാൻ സാധിച്ചോ ഇല്ലയോ എന്നുള്ളത് നമുക്ക് നോക്കാം. |
| വിശദീകരിക്കുക | • ഈ പാഠത്തിന്റെ പശ്ചാത്തലം വിവരിക്കുക. യേശുവിന് അറിയാമായിരുന്നു താൻ ക്രൂശിക്കപ്പെടുവാനുള്ള സമയം അടുത്തിരിക്കുന്നുവെന്ന്. യേശു തന്റെ ശിഷ്യന്മാരുമൊത്ത് അവസാനത്തെ അത്താഴം കഴിഞ്ഞിരുന്നു. യേശു തന്റെ പിതാവിനോട് ഇടയ്ക്കിടെ പ്രാർത്ഥിച്ചിരുന്നു എന്ന് മാത്രമല്ല തന്റെ മുമ്പിലുള്ള സംഭവത്തെ മുന്നറിയുന്നതുകൊണ്ട് ഈ സന്ദർഭത്തിൽ പ്രാർത്ഥന വളരെ പ്രാധാന്യമുള്ളതാണെന്ന് യേശു അറിഞ്ഞു. യേശു ഇടയ്ക്കിടെ പോയി പ്രാർത്ഥിക്കാറുള്ള തോട്ടത്തിലേക്ക് തന്റെ ശിഷ്യന്മാരെ കൂട്ടിക്കൊണ്ടു വന്നു. ഈ രാത്രിയിൽ തന്റെ പ്രത്യേക സ്നേഹിതന്മാരായ പത്രോസിനേയും യാക്കോബിനേയും യോഹന്നാനേയും കൂട്ടി അവനോട് കൂടെ ഉണർന്നിരുന്ന് പ്രാർത്ഥിക്കാൻ അവരോട് ആവശ്യപ്പെട്ടിരുന്നു.<br>• പത്രോസിനോടും യാക്കോബിനോടും യോഹന്നാനോടും ഉണർന്നിരുന്ന് പ്രാർത്ഥിപ്പാൻ യേശു ഉപദേശം കൊടുത്തിരുന്നു. (**മത്തായി 26:36–37**). അപ്പോൾ യേശു അല്പം മുമ്പോട്ട് ചെന്ന് തന്റെ പിതാവിനോട് പ്രാർത്ഥിച്ചു. *യേശുവിന്റെ വികാരങ്ങൾ എങ്ങനെയായിരുന്നു എന്ന് വിവരിക്കുക. യേശുവിന്റെ പ്രാർത്ഥന കാണിക്കുന്നത് സകലത്തിലും തന്റെ പിതാവ് മഹത്വപ്പെടണമെന്നായിരുന്നു തന്റെ ആഗ്രഹം (മത്തായി 26:38–39). ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ പത്രോസും കൂട്ടരും ഉറങ്ങുന്നത് യേശു കണ്ടു. യേശുവിന് എത്രമാത്രം ദുഃഖമുണ്ടായിരിക്കുമെന്നതിനെക്കുറിച്ച് സംസാരിക്കുക* (**മത്തായി 26:40–41**).<br>• രണ്ടാം പ്രാവശ്യവും യേശു പോയി പ്രാർത്ഥിച്ചു അതിനുശേഷം വന്നപ്പോഴും തന്റെ സ്നേഹിതർ ഉറങ്ങുന്നത് കണ്ടു (**മത്തായി 26:42–43**)<br>• യേശു മൂന്നാംപ്രാവശ്യവും പോയി പ്രാർത്ഥിച്ചു വന്നപ്പോഴും തന്റെ സ്നേഹിതന്മാർ ഉറങ്ങുന്നതായി കണ്ടു. *യേശു താഴെ വരുമ്പോൾ പത്രോസും കൂട്ടരും എങ്ങിനെയായിരുന്നു എന്ന് ചർച്ച ചെയ്യുക. ഈ പ്രയാസമുള്ള സമയത്ത് പ്രാർത്ഥിക്കേണ്ട ആവശ്യമുള്ളപ്പോൾ പ്രാർത്ഥിച്ചില്ല, മാത്രമല്ല അവർക്ക് വേണ്ടിയും പ്രാർത്ഥിച്ചില്ല* (**മത്തായി 26:44–45**). ആ സമയത്ത് യേശുവിന്റെ ശത്രുക്കൾ വന്ന് അവന്റെ മേൽ കൈവെച്ച് അവനെ പിടിച്ചു (**മത്തായി 26:45–46**). *അവസാനമായി ദൈവത്തിൽ നിന്ന് ശക്തി ലഭിക്കാനും നമ്മുടെ ജീവിതത്തിൽ പ്രലോഭനങ്ങളെ അതിജീവിക്കാനും പ്രാർത്ഥന നമുക്ക് അത്യന്താപേക്ഷിതമാണെന്നുള്ളത് പറയുക. കുട്ടികൾക്ക് യോജിക്കുന്ന സന്ദർഭങ്ങളെ ഉദാഹരണങ്ങളായി കൊടുക്കാം.*<br>• *യേശു പറഞ്ഞ "ഉണർന്നിരുന്നു പ്രാർത്ഥിക്ക" എന്നുള്ള കല്പന പത്രോസും മറ്റുള്ളവരും അനുസരിച്ചില്ല. എന്നാൽ നാം അവന്റെ കല്പനകളെ അനുസരിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു.*<br>• *ശിഷ്യന്മാർക്ക് വിപരീതമായി യേശു നമ്മെ താഴ്ത്തിക്കളവാൻ ആഗ്രഹിക്കുന്നില്ല. കർത്താവ് തന്റെ പിതാവിനോട് പ്രാർത്ഥിച്ചപ്പോൾ ക്രൂശിൽ തന്റെ ജീവനെ നമുക്കുവേണ്ടി തരുവാനുള്ള ബലം യേശുവിന് ലഭിച്ചു.*<br><br>**ബൈബിൾ ടൈം– പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI ഗെത്ശമനതോട്ടത്തിൽ പ്രാർത്ഥിക്കുന്ന യേശു |
| മനപ്പാഠമാക്കുക | • മനപാഠവാക്യം **യോഹന്നാൻ 15:14** പഠിപ്പിക്കുക, വിവരിക്കുക യേശുവിന്റെ സ്നേഹിതന്മാർ എന്ന് എണ്ണുന്നത് ഒരു പദവിയാണെന്നുള്ളത് കുട്ടികളെ മനസ്സിലാക്കി കൊടുക്കണം. |
| ഓർക്കുക | • എവിടെയാണ് യേശു പ്രാർത്ഥിച്ചത്?<br>• ഏത് ശിഷ്യന്മാരോടാണ് തന്നോട് കൂടെ പ്രാർത്ഥിക്കാനായി യേശു ആവശ്യപ്പെട്ടത്?<br>• യേശു എന്തിനെക്കുറിച്ചാണ് പ്രാർത്ഥിച്ചുകൊണ്ടിരുന്നത്?<br>• യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ എങ്ങിനെയുള്ള വികാരമാണ് യേശുവിനുണ്ടായത്?<br>• ആദ്യത്തെ പ്രാവശ്യം യേശു എത്ര നേരം പ്രാർത്ഥിച്ചു?<br>• എന്തുകൊണ്ടാണ് ശിഷ്യന്മാർക്ക് പ്രാർത്ഥിക്കാൻ കഴിയാഞ്ഞത്?<br>• യേശു ശിഷ്യന്മാരോട് എത്രപ്രാവശ്യം പ്രാർത്ഥിപ്പാൻ പറഞ്ഞു?<br>• യേശു പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ എന്താണ് സംഭവിച്ചത്?<br>• എവിടെയാണ് മനപാഠവാക്യം കണ്ടത്?<br>• യേശു പറയുന്നത് അനുസരിച്ചാൽ യേശു നമ്മെ എന്താണ് വിളിക്കുക? |

# A 4 പാഠം–2

**യുദ്ധം ചെയ്യുന്ന പത്രോസ് – യേശുവിനെ പിടിച്ചു കെട്ടിയപ്പോൾ എന്താണ് സംഭവിച്ചത് എന്നതിനെക്കുറിച്ചുള്ള പാഠമാണ് ഇത്.**

| | |
|---|---|
| | **നാം പഠിച്ചുകൊണ്ടിരിക്കുന്നത്.**<br>• യേശു നമുക്കുവേണ്ടി താൻ തന്നെ പിടിക്കാനും മരണത്തിനും ഏൽപിച്ചു കൊടുത്തു.<br>• നമ്മുടെ ജീവിതത്തിൽ വരുന്ന പ്രയാസങ്ങളിൽ (വിഷമതകളിൽ) കോപത്തെ നേരിടുവാൻ നമുക്ക് സാധിക്കും.<br><br>**താക്കോൽവാക്യം – എഫെസ്യർ 4:26**<br>**ബൈബിൾ വായനാഭാഗം: മത്തായി 26:47–56** |
| അവതരിപ്പിക്കുക | • കഴിഞ്ഞകഥയിൽ തോട്ടത്തിൽ വെച്ച് എന്താണ് സംഭവിച്ചത് എന്നുള്ളത് വീണ്ടും പറയുക. പത്രോസിനോടും അവന്റെ സ്നേഹിതരോടും യേശു പ്രാർത്ഥിക്കാൻ പറഞ്ഞിട്ട് അത് പോലെ ചെയ്തില്ല. ഇപ്പോൾ കൂടുതൽ പ്രയാസമുള്ള ഘട്ടങ്ങളെ നേരിടേണ്ടി വരുന്നു. അടുത്തത് എന്താണ് അവർ ചെയ്യാൻ പോകുന്നത്? |
| വിശദീകരിക്കുക | • ഈ സംഭവത്തിന് പശ്ചാത്തലം ഒരുക്കി. അന്ന് നിശബ്ദമായ ഒരു രാത്രി ആയിരുന്നു. എന്നാൽ പെട്ടെന്ന് ഒരു കൂട്ടം പട്ടാളക്കാരുടെ കാലൊച്ച കേൾക്കുന്നു. ഇപ്പോൾ പത്രോസിനും കൂട്ടുകാർക്കും എന്ത് തോന്നിക്കാണും?<br>• പെട്ടെന്ന് യൂദ ആ ശത്രു സൈന്യത്തിൽ നിന്ന് മുമ്പോട്ട് വന്ന് യേശുവിനെ ചുംബിച്ചു. *യൂദാ ആരാണെന്നും പടയാളികളെ യേശുവിനെ കാണിച്ചു കൊടുത്തതും ഈ നിലയിലാണ് എന്നുള്ളതും വിവരിക്കുക. "ഒറ്റിക്കൊടുക്കുക" എന്ന വാക്കിന്റെ അർത്ഥമെന്ത് എന്ന് വിവരിക്കുക (ബൈബിൾ ടൈമിൽ ലെവൽ 2 കാണുക)* **മത്തായി 26:47–50.**<br>• യേശുവിനെ അറസ്റ്റു ചെയ്തു എന്ന് പത്രോസ് അറിഞ്ഞപ്പോൾ അവന് വളരെ ദേഷ്യം വന്നു, യേശുവിനെ രക്ഷിക്കാൻ വേണ്ടി, പട്ടാളക്കാരുടെ കൂട്ടത്തിൽ ഒരു മനുഷ്യനെ പത്രോസ് ആക്രമിച്ചു. **(മത്തായി 26:51)** നമ്മുടെ മനസ്സാന്നിദ്ധ്യം നഷ്ടപ്പെടുവാനും ദേഷ്യം വന്ന് പത്രോസ് ചെയ്തതുപോലെ ദോഷം പ്രവർത്തിക്കാൻ എളുപ്പമാണ്. നിങ്ങളുടെ ഗ്രൂപ്പിലുള്ള കുട്ടികൾക്ക് പരിചിതമായ ഏതെങ്കിലും ഒന്ന് രണ്ട് സംഭവങ്ങളെക്കുറിച്ച് പറയുക. ഉടനെ യേശു വാൾ ഉറയിലിടുക എന്ന് പത്രോസിനോട് പറഞ്ഞു. പത്രോസ് യേശുവിനെ രക്ഷിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല, കാരണം ദൈവഹിതപ്രകാരമാണ് ഇതൊക്കെയും സംഭവിക്കുന്നതെന്ന് യേശുവിന് അറിയാമായിരുന്നു. തന്റെ ശത്രുക്കൾക്ക് തന്നെ അറസ്റ്റ് ചെയ്യാനും മരണത്തിന് ഏല്പിക്കാനും അനുവാദം കൊടുത്തിരിക്കുകയായിരുന്നു. നമുക്ക് വേണ്ടി ഇതൊക്കെ സഹിക്കുവാൻ യേശുവിന് സമ്മതവുമായിരുന്നു. യേശുവും പത്രോസും തമ്മിലുള്ള വ്യത്യാസം എന്തായിരുന്നു? യേശു ശാന്തനായി തന്റെ പിതാവിനോട് പ്രാർത്ഥിച്ചു. പത്രോസ് പ്രാർത്ഥിച്ചില്ലെന്ന് മാത്രമല്ല, യേശു പെരുമാറിയതുപോലെ അവനോട് കല്പിച്ചത് ചെയ്തില്ല. (മത്തായി 26:52–56)<br>• ഭയപ്പെട്ട ശിഷ്യന്മാർ യേശുവിനെ വിട്ട് ഓടിപ്പോയി. *അവർ എന്തുകൊണ്ടാണ് അങ്ങനെ ചെയ്തതെന്ന് ചർച്ച ചെയ്യുക.* **(മത്തായി 26:56)** പത്രോസ് മാത്രമേ യേശുവിനെ പിൻചെല്ലാൻ ശ്രമിച്ചുള്ളൂ. എന്നാൽ അവൻ പിടിക്കപ്പെടാതിരിപ്പാൻ ഒരു നിശ്ചിത അകലം വിട്ടാണ് പിൻചെന്നത്. *പത്രോസ് എങ്ങനെയാണ് പിടിക്കപ്പെടാതെ ഇത് ചെയ്തത് എന്നുള്ളത് കുട്ടികൾക്ക് കാണിച്ചു കൊടുക്കുക. (മത്തായി 26:58)*<br>• *നാം യേശുകർത്താവിന്റെ വകയാണെങ്കിൽ നമുക്ക് കർത്താവിനോട് പ്രാർത്ഥനയിൽ ആവശ്യപ്പെടാം, നാം മറ്റുള്ളവരോട് ദേഷ്യപ്പെടാതെ സ്വയം നിയന്ത്രക്കാനായി ഞങ്ങളെ സഹായിക്കണേ എന്ന് വിവരിക്കുക. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ അവന്റെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന് ശരിയായ പെരുമാറാനുള്ള ശക്തി കൊടുക്കാൻ സാധിക്കും.*<br>• *ഒരു നിശ്ചിതമായ കാഴ്ച കാണുമ്പോൾ അതിന്റെ അനന്തരഫലം വളരെ വ്യത്യസ്ഥമാണ്. നാം ശരിയായി ദേഷ്യപ്പെടുകയോ, വഴക്കുകൂടുകയോ ചെയ്തില്ലെങ്കിൽ എന്നുള്ളതിനെക്കുറിച്ച് സംസാരിക്കുക.*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക**<br><br>**പ്രദർശിപ്പിക്കുക**: FBI യേശു ഗത്ശമന തോട്ടത്തിൽ പ്രാർത്ഥിക്കുന്നു. |
| മനപ്പാഠമാക്കുക | • **എഫെസ്യർ 4:26** എന്ന താക്കോൽവാക്യം പഠിപ്പിക്കുകയും വിവരിക്കുകയും ചെയ്യുക. നാം ദേഷ്യപ്പെടുന്നരാണെങ്കിൽ അങ്ങനെയുള്ള സ്വഭാവത്തിൽ നിന്നും എത്രയും പെട്ടെന്ന് വിടുതൽ പ്രാപിക്കണം. |
| ഓർക്കുക | • യേശുവിന്റെ ശത്രുക്കളോടൊന്നിച്ച് തോട്ടത്തിലേക്ക് വന്നത് ആരാണ്?<br>• യേശു ആരാണെന്ന് യൂദ എങ്ങനെയാണ് കാണിച്ചത്?<br>• യേശുവിനെ പിടിച്ചപ്പോൾ പത്രോസ് എന്താണ് ചെയ്തത്?<br>• ആ മനുഷ്യന്റെ ഏത് ഭാഗമാണ് പത്രോസ് മുറിച്ചത്?<br>• യേശു പത്രോസിനോട് എന്ത് ചെയ്യാനാണ് പറഞ്ഞത്?<br>• എങ്ങനെയാണ് ഒരു ക്രിസ്ത്യാനിക്ക് കോപത്തിൽ നിന്നും വിടുതൽ ലഭിക്കുക.<br>• യേശുവിനെ അറസ്റ്റ് ചെയ്തപ്പോൾ ശിഷ്യന്മാർ എന്ത് ചെയ്തു?<br>• യേശുവിനെ അകലം വിട്ട് പിൻ ചെന്നത് ആരാണ്?<br><br>**ചെയ്ത് കാണിക്കുക**: ടീച്ചർമാർ ഒന്നോ രണ്ടോ സന്ദർഭങ്ങളിൽ ആരെങ്കിലും ദേഷ്യപ്പെടുന്നത് ചെയ്ത് കാണിക്കുക. |

## A 4 പാഠം–3

**തള്ളിപ്പറയുന്ന പത്രോസ്– ക്ഷമിക്കപ്പെടേണ്ട ആവശ്യകതയെക്കുറിച്ചുള്ള പാഠമാണ് ഇത്.**

| | |
|---|---|
| | **നാം പഠിച്ചുകൊണ്ടിരിക്കുന്നത്.**<br>• ചിലപ്പോൾ നാം ധൈര്യമുള്ളവരല്ല എങ്കിലും നമ്മുടെ സ്നേഹിതരെ വീഴ്ത്താൻ ശ്രമിക്കും.<br>• നാം യേശുകർത്താവിനെ മറക്കുമ്പോൾ യേശു നമ്മോട് ക്ഷമിക്കാൻ തയ്യാറാണ്.<br><br>**താക്കോൽവാക്യം: സങ്കീർത്തനം 51:7**<br>**ബൈബിൾ വായനാഭാഗം: മത്തായി 26:69–75** |
| അവതരിപ്പിക്കുക | • ചില മനുഷ്യരെ ശബ്ദം കൊണ്ട് തിരിച്ചറിയാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് സംസാരിക്കുക. കുട്ടികൾ ഒരുപക്ഷെ ഫോൺ ഉപയോഗിക്കുന്നവരാണെങ്കിൽ ആരാണെന്ന് പറയാതെ തന്നെ ശബ്ദം കൊണ്ട് മനസ്സിലാക്കാൻ സാധിക്കും. എങ്ങനെയാണ് സ്വരബലം കൊണ്ട് ശബ്ദം മാറ്റി പറയാൻ സാധിക്കുക എന്നതിനെപ്പറ്റി സംസാരിക്കുക. നിങ്ങളുടെ രാജ്യത്തിൽ ഉണ്ടായിട്ടുള്ള ചില ഉദാഹരണങ്ങൾ നിങ്ങൾക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കുമായിരിക്കും.<br>• കഴിഞ്ഞാഴ്ചയിലെ കഥയുമായി ബന്ധപ്പെടുത്തുക– യേശു എങ്ങനെയാണ് അറസ്റ്റ് ചെയ്യപ്പെട്ടതെന്നും എങ്ങനെയാണ് ശിഷ്യന്മാർ ഓടിപ്പോയതെന്നും കുട്ടികളെ ഓർപ്പിക്കുക, എങ്കിലും യേശുവിന് എന്താണ് സംഭവിപ്പാൻ പോകുന്നതെന്ന് പത്രോസിന് അറിയാൻ ആഗ്രഹമുണ്ടായിരുന്നു. |
| വിശദീകരിക്കുക | • പത്രോസ് മഹാപുരോഹിതന്റെ നടുമുറ്റത്ത് വരെ ചെന്നു (**മത്തായി 26:69**). *നടുമുറ്റം എന്ന് ഉദ്ദേശിക്കുന്നത് ശരിക്കുള്ള വീടിന്റെ പുറത്താണ് എന്നുള്ളത് വിവരിക്കുക. കഴിയുമെങ്കിൽ കുട്ടികൾക്ക് പരിചയമുള്ള ഏതെങ്കിലും കെട്ടിടത്തിന്റെ നടുമുറ്റം കാണിച്ചു കൊടുക്കുക. അവിടെ ഒരു രംഗം ഒരുക്കി ഒരു തണുത്ത രാത്രി, തീയും അവിടെയുള്ള കാവൽക്കാരെയും ദാസന്മാരെയും (ജോലിക്കാരെയും) ചേർത്ത് പ്രകടിപ്പിക്കുക.*<br>• ഒരു വേലക്കാരി പെൺകുട്ടി പത്രോസിനെ തിരിച്ചറിഞ്ഞു മറ്റുള്ളവരോട് പറഞ്ഞു, പത്രോസും ഈ യേശുവിനോട് കൂടെയുള്ളവനാണെന്ന്. അപ്പോൾ പത്രോസ് ഇവൾ പറയുന്നത് തനിക്ക് തിരിയുന്നില്ല എന്ന് പറഞ്ഞു. (**മത്തായി 26:69–70**). *പത്രോസ് കള്ളം പറഞ്ഞുവെന്ന് കുട്ടികളെ പറഞ്ഞ് മനസ്സിലാക്കുക. നിശ്ചയമായും അവൻ യേശുവിനോട് കൂടെയുണ്ടായിരുന്നു! എന്തുകൊണ്ടാണ് പത്രോസ് കള്ളം പറയാനുള്ള കാരണങ്ങൾ എന്ന് കണ്ടുപിടിക്കുക.*<br>• പത്രോസ് അല്പം കൂടെ മുമ്പോട്ട് ചെന്ന് പടിവാതില്ക്കൽ എത്തിയപ്പോൾ വേറൊരു പെൺകുട്ടി പത്രോസിനെ ശ്രദ്ധിച്ചു. പിന്നേയും പത്രോസ് യേശുവിനെ അറിയുന്നില്ല എന്ന് കള്ളം പറഞ്ഞു. (**മത്തായി 26:71–72**) *ലെവൽ 2-ൽ ഉള്ള കുട്ടികളോട് "തള്ളിപ്പറഞ്ഞു" എന്ന വാക്കിനെക്കുറിച്ച് വിവരിക്കുക.*<br>• അല്പം കഴിഞ്ഞപ്പോൾ വേറൊരുത്തൻ പത്രോസിനെ കണ്ടിട്ട് "ഇവനും യേശുവിനോട് കൂടെയുള്ളവരിൽ ഒരുത്തനാകുന്നു അവന്റെ ഉച്ചരണവും അത് വെളിവാക്കുന്നു (പത്രോസ് ഗലീലയിൽ നിന്നുള്ളവനായിരുന്നു അതുപോലെ യേശുവിനെ അനുഗമിച്ചവരും ഗലീലയിൽ നിന്നുള്ളവരായിരുന്നു) *ഈ വിവരം ആമുഖവുമായി ബന്ധിപ്പിച്ച് പറയുക. മൂന്നാം പ്രാവശ്യവും പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞപ്പോൾ അവന്റെ ദേഷ്യവും ഭയവും എത്രമാത്രമായിരുന്നുവെന്ന് വിവരിക്കുക.*<br>• കോഴി കൂവിയപ്പോൾ യേശു പറഞ്ഞ വാക്ക് പത്രോസ് ഓർത്തു (**മത്തായി 26:34**). *എന്തുകൊണ്ടാണ് പത്രോസ് അസ്വസ്ഥനായത്? (മത്തായി 26:74-75)*<br>• *പത്രോസ് ഒരു തെറ്റ് ചെയ്തു എന്നുള്ളത് വിവരിക്കുക. പത്രോസിന് താൻ യേശുവിന്റെ ഒരു അനുഗാമിയാണെന്ന് പറയാനുള്ള ധൈര്യമില്ലാതിരുന്നതുകൊണ്ട് കള്ളം പറഞ്ഞു. നാമെല്ലാവരും തെറ്റ് ചെയ്യും.*<br>• *പല സന്ദർഭങ്ങളിൽ നാമും യേശുവിനെ തള്ളിപ്പറയുന്നതുപോലെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. നാം ചെയ്യുന്ന തെറ്റുകൾ ക്ഷമിക്കാൻ യേശുകർത്താവ് തയ്യാറാണ്. നമ്മുടെ പാപങ്ങൾക്കുവേണ്ടി യേശു ക്രൂശിൽ മരിച്ചതുകൊണ്ട് യേശുവിന് അത് ചെയ്യാൻ സാധിക്കും.*<br><br>**ബൈബിൾടൈം പൂർത്തിയാക്കുക**<br><br>**പ്രദർശിപ്പിക്കുക**: FBI യേശുവിനെ തള്ളിപ്പറയുന്ന പത്രോസ് |
| മനപ്പാഠമാക്കുക | • മനപാഠവാക്യം– **സങ്കീർത്തനം 51:7** പഠിപ്പിക്കുകയും വിവരിക്കുകയും ചെയ്യുക. ഇത് ഒരു പ്രാർത്ഥനയാണെന്ന് വിശദീകരിക്കുക. ഇത് നമ്മോട് പറയുന്നത് നാം യേശുവിനോട് നമ്മുടെ പാപങ്ങളെ ഏറ്റുപറയുമ്പോൾ യേശുകർത്താവ് നമ്മെ കഴുകി പൂർണ്ണമായും ശുദ്ധീകരിക്കും. ഹിമത്തേക്കാൾ വെളുപ്പിക്കും! ആവശ്യമാണെങ്കിൽ എന്താണ് ഹിമം എന്ന് കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക. |
| ഓർക്കുക | • പത്രോസ് എവിടെയാണ് കാത്തു നിന്നത്?<br>• പത്രോസിനോട് സംസാരിച്ച ആദ്യത്തെ വ്യക്തി ആര്?<br>• യേശുവിനെ അറിയുന്നില്ലെന്ന് പത്രോസ് എത്ര പ്രാവശ്യം പറഞ്ഞു?<br>• എന്തുകൊണ്ടാണ് പത്രോസ് ഇത്രയും കള്ളം പറഞ്ഞത്?<br>• കോഴി കൂകിയത് പത്രോസ് എത്ര പ്രാവശ്യം കേട്ടു?<br>• കോഴി കൂകിയത് കേട്ടപ്പോൾ പത്രോസ് എന്താണ് ഓർത്തത്?<br>• പത്രോസ് എന്തിനാണ് കരഞ്ഞത്?<br>• യേശുവിനെ താഴ്ത്തിപ്പറഞ്ഞാൽ നാം എന്താണ് ചെയ്യേണ്ടത്? |

# A 4 പാഠം–4

## സ്നേഹിക്കുന്ന പത്രോസ് – പത്രോസും യേശുവുമായുള്ള സംഭാഷണമാണ് ഈ പാഠത്തിൽ പറഞ്ഞിരിക്കുന്നത്.

| | |
|---|---|
| | **നാം അത് പഠിച്ചു കൊണ്ടിരിക്കുന്നു.**<br>• പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞതിനുശേഷം അവന് യേശുവിനോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ ഒരു അവസരം കൊടുത്തു.<br>• നാം യേശുകർത്താവിനെ സ്നേഹിക്കണമെന്ന് താൻ ആഗ്രഹിക്കുന്നു.<br>**താക്കോൽവാക്യം : 1 യോഹന്നാൻ 4:19**<br>**ബൈബിൾവായനാഭാഗം: യോഹന്നാൻ 21:1 – 19** |
| അവതരിപ്പിക്കുക | • പത്രോസിനെക്കുറിച്ച് ആദ്യം കേട്ട കഥകളെക്കുറിച്ച് കുട്ടികളോട് ചിന്തിക്കാൻ ആവശ്യപ്പെടുക. യേശു പത്രോസിനെ ആദ്യം വിളിച്ചപ്പോൾ അവന്റെ ജോലി എന്തായിരുന്നു?<br>• അതുവരെ പല കാര്യങ്ങളും സംഭവിച്ചു എന്ന് വിശദീകരിക്കുക. യേശുവിന്റെ പ്രത്യേക സ്നേഹിതന്മാരിൽ ഒരാളായിരുന്നു പത്രോസ്, എന്നാൽ പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞു (കഴിഞ്ഞുപോയ മൂന്ന് പാഠങ്ങളെക്കുറിച്ച് ഓർപ്പിക്കുക)<br>• അധികം കഴിയുന്നതിനുമുമ്പ് യേശുകർത്താവ് ക്രൂശിൽ മരിച്ചു എങ്കിലും വീണ്ടും ജീവിച്ചു. രണ്ടു വ്യത്യസ്ത സന്ദർഭങ്ങളിലായി യേശു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി താൻ ജീവനോടിരിക്കുന്നു എന്ന് അവരെ കാണിച്ചു! ഇത് സംഭവിച്ച് ഒരു ദിവസത്തിനുശേഷം പത്രോസ് വീണ്ടും മീൻ പിടിക്കാൻ പോകാൻ തീരുമാനിച്ചു. |
| വിശദീകരിക്കുക | • ശിഷ്യന്മാർ രാത്രിമുഴുവൻ അദ്ധ്വാനിച്ചിട്ടും മീൻ ഒന്നും പിടിച്ചില്ല **(യോഹന്നാൻ 21:3)**. *അവർക്ക് എന്ത് തോന്നിക്കാണും എന്ന് കണ്ടുപിടിക്കുക. - ക്ഷീണിച്ചു, വിശന്നു, നിരാശപ്പെട്ടു.*<br>• *ചിത്രത്തിന്റെ പശ്ചാത്തലം- ഉദിച്ചു വരുന്ന സൂര്യൻ, ആരോ ഒരാൾ കരയിൽ നിൽക്കുന്നു. ശിഷ്യന്മാരും ആ അപരിചിതനും തമ്മിലുള്ള സംഭാഷണം വീണ്ടും ഓർപ്പിക്കുക.* **(യോഹന്നാൻ 21:4 – 6)**<br>• ആ അപരിചിതന്റെ നിർദ്ദേശമനുസരിച്ച് വലയിറക്കിയപ്പോൾ വലിയൊരു മീൻകൂട്ടം അവർക്കു കിട്ടി (153). പെട്ടെന്ന് യോഹന്നാൻ ആ വ്യക്തി യേശുവാണെന്ന് തിരിച്ചറിഞ്ഞു. പത്രോസ് വളരെ ആവേശഭരിതനായി കടലിൽ ചാടി യേശുവിനെ കാണാൻ ചെന്നു **(യോഹന്നാൻ 21:7 – 8)**<br>• യേശു അവർക്ക് പ്രാതൽ ഒരുക്കി **(യോഹന്നാൻ 21:9 – 14).** *എന്തൊരു അവിചാരിതവും പ്രത്യേകതയുമാണ് യേശുവിനോട് കൂടെ കടൽത്തീരത്ത് പ്രാതൽ കഴിക്കുക എന്നത് ഒന്ന് സങ്കൽപ്പിച്ചു നോക്കുക.*<br>• പ്രാതൽ കഴിച്ചശേഷം യേശു പത്രോസിനോട് സംസാരിച്ചു. പത്രോസ് യേശുവിനെ സ്നേഹിക്കുന്നുണ്ടോ എന്ന് യേശു മൂന്ന് പ്രാവശ്യം ആവർത്തിച്ച് അവനോട് ചോദിച്ചു **(യോഹന്നാൻ 21:15 – 19)**. *പത്രോസിന് ഇത് എത്രമാത്രം പ്രാധാന്യമുള്ളതായിരുന്നുവെന്ന് വിശദീകരിക്കുക. പത്രോസിനോട് ക്ഷമിച്ചു എന്ന് യേശുകർത്താവ് അവന് കാണിച്ചു കൊടുത്തു, മാത്രമല്ല പത്രോസിന് ചെയ്യാനായി ഒരു പ്രത്യേക ജോലിയും കൊടുത്തു! ലെവൽ 2 ലുള്ള കുട്ടികൾക്ക് നിങ്ങൾ എടുത്തു പറയണം പത്രോസ് മൂന്ന് പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞതിന് വിപരീതമായാണ് പത്രോസ് ഇപ്പോൾ യേശുകർത്താവിനോടുള്ള സ്നേഹം വെളിപ്പെടുത്തുന്നത്.*<br>• *കുട്ടികൾക്ക് യേശുകർത്താവിനോടുള്ള സ്നേഹത്തെ വെല്ലുവിളിക്കുക.*<br>• *യേശു പത്രോസിനോട് ചോദിച്ച ചോദ്യത്തിന് കുട്ടികൾ എങ്ങനെയാണ് ഉത്തരം പറയുക? നാം ഓരോരുത്തരും യേശുവിനെ സ്നേഹിക്കുകയും സേവിക്കുകയും വേണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു.*<br>• *ദൈവം നമ്മെ സ്നേഹിക്കയും നമ്മെ രക്ഷിക്കാൻ വേണ്ടി തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു തന്റെ സ്നേഹം വെളിപ്പെടുത്തി. അതിനു പകരമായി നാം ദൈവത്തെ സ്നേഹിക്കണം.*<br>**ബൈബിൾ പാഠം പൂർത്തിയാക്കുക**<br>**പ്രദർശിപ്പിക്കുക**- FBI യേശു ഗലീലയിൽ വെച്ച് തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നു, യേശു പത്രോസിനോട് ചോദ്യങ്ങൾ ചോദിക്കുന്നു. |
| മനപ്പാഠമാക്കുക | **1 യോഹന്നാൻ 4:19** താക്കോൽ വാക്യം പഠിപ്പിക്കുകയും ആവശ്യം പോലെ വിവരിക്കുകയും വേണം. |
| ഓർക്കുക | • എത്രനേരം പത്രോസും തന്റെ സ്നേഹിതന്മാരും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടു?<br>• ഏത് വശത്ത് വല വീശാനാണ് അവരോട് പറഞ്ഞത്?<br>• അവർ എത്ര മത്സ്യത്തെ പിടിച്ചു?<br>• അത് യേശുവാണെന്ന് ആദ്യം തിരിച്ചറിഞ്ഞത് ആരാണ്?<br>• യേശുവിന്റെ അടുക്കലേക്ക് ആദ്യം ചെല്ലുവാൻ ആഗ്രഹിച്ചത് ആരാണ്?<br>• വെള്ളത്തിലേക്ക് ചാടുന്നതിനുമുമ്പ് പത്രോസ് എന്താണ് ചെയ്തത്?<br>• ആരാണ് പ്രാതൽ ഒരുക്കിയത്?<br>• പ്രാതൽ കഴിക്കാനായി അവർക്ക് എന്താണ് ഉണ്ടായിരുന്നത്?<br>• യേശു പത്രോസിനോട് മൂന്നു പ്രാവശ്യം ചോദിച്ച ചോദ്യം ഏത്?<br>• എവിടെയാണ് താക്കോൽവാക്യം കണ്ടത്?<br>**അഭിനയിച്ചു കാണിക്കുക**: ഈ കഥയുടെ ചില ഭാഗങ്ങൾ അവതരിപ്പിക്കുക (ഉദാഹരണം: മീൻപിടുത്തം, കരയിൽ അപരിചിതനെ കാണുന്നത്, വെള്ളത്തിലേക്ക് എടുത്ത് ചാടുന്നത്, മീൻ നിറഞ്ഞ വല വലിച്ച് കരയ്ക്ക് കൊണ്ടു വരുന്നത്, മീൻ എണ്ണുന്നതും മുഖത്തുള്ള വികാരങ്ങളും ഉദാ: നിരാശ, അത്ഭുതം, സന്തോഷം...) കുട്ടികൾക്ക് ബൈബിളിലെ ഈ ഭാഗം വായിച്ച് കേൾപ്പിക്കുന്നതോടൊപ്പം കുട്ടികളോട് ഈ സന്ദർഭത്തിന് അനുയോജ്യമായ ചില ലളിതമായ ആക്ഷൻ കാണിക്കാൻ പറയുക. |

## A 5 പാഠം – 1

**വീടു വിടുന്ന അബ്രാം – ദൈവത്തിൽ ആശ്രയിക്കുന്ന അബ്രാമിനെ കുറിച്ചുള്ള പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചു കൊണ്ടിരിക്കുന്നു.**<br>• അബ്രാം ദൈവത്തെ അനുസരിച്ച് ഊര് എന്ന ദേശം വിട്ട് പുതിയൊരു ദേശത്തേക്ക് പോയി.<br>• ദൈവത്തെ അനുസരിച്ചുകൊണ്ട് ദൈവത്തിലുള്ള ആശ്രയം നാം പ്രദർശിപ്പിക്കണം.<br><br>**താക്കോൽവാക്യം: സദൃശ്യവാക്യങ്ങൾ 3:5**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 12:1 – 9** |
| **അവതരിപ്പിക്കുക** | • കുട്ടികൾക്ക് വീട് മാറുന്നതിനെക്കുറിച്ച് എന്തെങ്കിലും അനുഭവമുണ്ടെങ്കിൽ അതിനെക്കുറിച്ച് സംസാരിക്കുക.<br>• കുട്ടികൾക്ക് അവരുടെ സ്വന്തഭവനം വിട്ട് വേറൊരു രാജ്യത്ത് പോയി താമസിക്കുന്നതിൽ അവർക്ക് എന്ത് തോന്നുന്നു? ആവേശമുണ്ടോ? ഭാരപ്പെടുന്നുണ്ടോ? ദുഃഖമുണ്ടോ? സന്തോഷമുണ്ടോ? കാരണങ്ങൾ പറയുക.<br>• അബ്രാമിനെ പരിചയപ്പെടുത്തി, ഊർ എന്ന പട്ടണത്തിലെ അവന്റെ ജീവിതം – കുടുംബം പോലെ സ്നേഹിതരും, വീടും മൃഗങ്ങളും, സമ്പത്തും – അങ്ങനെ അവന് നല്ലൊരു ജീവിതമായിരുന്നു! |
| **വിശദീകരിക്കുക** | • ഒരു ദിവസം അബ്രാമിനോട് "നിന്റെ പിതൃഭവനത്തെ വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക എന്ന് പറഞ്ഞു" ( **ഉല്പത്തി 12**:*1* ) *എന്തുമാത്രം പ്രയാസമുള്ള കാര്യമായിരുന്നു ദൈവം അബ്രാമിനോട് ചോദിച്ചത്? (അബ്രാം തന്റെ വീട്ടിലെ നല്ല ജീവിതം ഉപേക്ഷിച്ച് എവിടേക്ക് പോകുന്നു എന്നറിയാതെ പുറപ്പെട്ടു)*<br>• ദൈവം അബ്രാമിന് പല വാഗ്ദത്തങ്ങളും കൊടുത്തു (**ഉല്പത്തി 12:2 – 3**) *ദൈവത്തിന്റെ വാഗ്ദത്തങ്ങളെല്ലാം നല്ല കാര്യങ്ങളായിരുന്നു എന്ന് വിശദീകരിക്കുക. ഉദാ:- ഒരു വലിയ ജാതിയും ഒരു വലിയ പേരും*<br>• *ദൈവം അബ്രാമിനെ അനുഗ്രഹിക്കാൻ തീരുമാനിച്ചു. ദൈവം ചിലരെ അനുഗ്രഹിക്കുന്നത്, ദൈവം അവരോട് കാണിക്കുന്ന നന്മയാണ്.*<br>• അബ്രാം ദൈവത്തെ അനുസരിച്ചു (**ഉല്പത്തി 12:4**) അബ്രാം അനുസരിച്ചത് എന്തുകൊണ്ടാണെന്നാണ് തോന്നുന്നത്? (അബ്രാം ദൈവിക വാഗ്ദത്തങ്ങളിൽ വിശ്വസിച്ചു, ദൈവത്തിൽ ആശ്രയിച്ചു.)<br>• *അബ്രാമിനോട് കൂടെ ആരാണ് ഉണ്ടായിരുന്നത് വിവരിക്കുക. അവന്റെ ഭാര്യയായ സാറായി, തന്റെ സഹോദരപുത്രനായ ലോത്തിനേയും അവന്റെ ദാസന്മാരും, വഴികാണിക്കുവാൻ ദൈവവും കൂടെ ഉണ്ടായിരുന്നു. അവരുടെ മരുഭൂമിയിൽ കൂടെയുള്ള നീണ്ട യാത്രയിൽ അവർ എങ്ങനെയാണ് ഒട്ടകത്തിന്മേൽ യാത്ര ചെയ്യുകയും കൂടാരത്തിൽ താമസിക്കുകയും ചെയ്തതെന്ന് വിശദമാക്കുക.* അവസാനം അബ്രാം കനാനിൽ എത്തി (**ഉല്പത്തി 12:6 – 9**)<br>• *ഇപ്പോൾ അബ്രാമിന് എന്ത് തോന്നിക്കാണും? അബ്രാം ദൈവത്തിന് നന്ദി പറയാൻ വേണ്ടി ഒരു യാഗപീഠം പണിതതിനെക്കുറിച്ച് വിവരിക്കുക.*<br>• *ഏതൊക്കെ സാഹചര്യങ്ങളിലാണ് നാം ദൈവത്തിൽ ആശ്രയിക്കേണ്ടത്?*<br>• *ഇതുകൊണ്ട് അർത്ഥമാക്കുന്നത് നാം ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കണം. നമ്മുടെ വഴിയിലും, കഴിവിലും ആശ്രയിക്കുന്നതിനേക്കാൾ നമ്മുടെ കാര്യങ്ങൾ ദൈവത്തെ ഭരമേല്പിച്ചാൽ ദൈവം അതൊക്കെ നമുക്ക് വേണ്ടി ചെയ്തു തരും.*<br><br>**ബൈബിൾ ടൈം പൂർത്തിയാക്കുക.**<br>**പ്രദർശിപ്പിക്കുക**: FBI അബ്രഹാം കനാനിലേക്ക് യാത്രയാകുന്നു. |
| **മനപ്പാഠമാക്കുക** | • **സദൃശ്യം 3:5** എന്ന മനപാഠവാക്യം പഠിപ്പിക്കുകയും വിവരിക്കുകയും ചെയ്യുക. അബ്രാഹാം ചെയ്തത് എന്താണെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. – അബ്രഹാം തന്റെ സ്വന്ത ഇഷ്ടം പോലെ കാര്യങ്ങൾ ചെയ്യാതെ, പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ ആശ്രയിച്ചു. |
| **ഓർക്കുക** | താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ തെറ്റോ ശരിയോ എന്ന് പുനഃപരിശോധിച്ച് കഥ പഠിക്കാനുള്ള ഉദ്ദേശത്തിനായി ഉപയോഗിക്കുക. അറിവ് പരീക്ഷിക്കാനുള്ള ചോദ്യോത്തരങ്ങൾ.<br>• ദൈവം അബ്രാമിനോട് സംസാരിച്ചു.<br>• ക്ഷാമം മൂലമാണ് അബ്രഹാം വീട് വിട്ട് പോയത്.<br>• ദൈവം അബ്രാമിനെ അനുഗ്രഹിക്കാമെന്ന് വാഗ്ദത്തം ചെയ്തു.<br>• അബ്രാം വീട് വിട്ടിറങ്ങുമ്പോൾ അവന് 70 വയസ്സായിരുന്നു.<br>• എവിടേക്ക് പോകുന്നു എന്ന് അബ്രാമിന് അറിയാമായിരുന്നു.<br>• അബ്രാമിന് ലോത്ത് എന്ന് പേരുള്ള ഒരു മകനുണ്ടായിരുന്നു.<br>• ദൈവം അബ്രാമിനെ കനാനിലേക്ക് നയിച്ചു.<br>• അബ്രാം പുതിയ ദേശത്ത് പുതിയ വീട്ടിൽ താമസിച്ചു.<br>• അബ്രാം ദൈവത്തെ അനുസരിച്ചുകൊണ്ട് ദൈവത്തിൽ ആശ്രയിച്ചു.<br>• നാം ദൈവത്തെ ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു. |

## A 5 പാഠം – 2

**അബ്രാമും ലോത്തും – ലോത്തിന്റെ സ്വാർത്ഥമായ തെരെഞ്ഞെടുപ്പിനെക്കുറിച്ചുള്ള പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചു കൊണ്ടിരിക്കുന്നു.**<br>• ലോത്തിന്റെ സ്വാർത്ഥമായ തെരഞ്ഞെടുപ്പ് തിന്മയായ തെരഞ്ഞെടുപ്പായി മാറി.<br>• നാം ശരിയായിട്ടുള്ള തീരുമാനങ്ങൾ എടുക്കണമെന്നത് പ്രാധാന്യമുള്ളതാണ്.<br>**താക്കോൽവാക്യം: ഒന്നുകിൽ ഫിലിപ്യർ 4:19 അല്ലെങ്കിൽ ഉല്പത്തി 13:15**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 13:1 – 18** |
| അവതരിപ്പിക്കുക | • കുട്ടികളുടെ തെരഞ്ഞെടുപ്പുകളെക്കുറിച്ചും മറ്റുള്ളവരെക്കൊണ്ട് ആദ്യം തെരഞ്ഞെടുക്കാൻ അനുവദിക്കുക എന്നിവയെക്കുറിച്ച് സംസാരിക്കുക. നിങ്ങളുടെ സംസ്കാരത്തോട് അനയോജ്യമായ പ്രത്യേക ഉദാഹരണം തെരഞ്ഞെടുക്കുക.<br>• ശണ്ഠയിട്ടാൽ നമ്മുടെ കൂട്ടുകെട്ടു നശിപ്പിക്കും എന്നതിനെക്കുറിച്ച് സംസാരിക്കുക. |
| വിശദീകരിക്കുക | • അബ്രാമിന്റെ ദാസന്മാരും ലോത്തിന്റെ ദാസന്മാരും എവിടെ ആടുകളെ മേയ്ക്കണം എന്നുള്ളതിനെ ചൊല്ലി പിണക്കം ഉണ്ടായി (**ഉല്പത്തി 13:5 – 7**)<br>• പിണങ്ങുന്നത് നല്ലതല്ല എന്ന് അബ്രാം അറിഞ്ഞു, ലോത്തിന് തന്റെ മൃഗങ്ങൾക്ക് ഏത് ദേശം വേണമെന്ന് തെരഞ്ഞെടുക്കാൻ അബ്രാം ആദ്യം ലോത്തിന് അവസരം കൊടുത്തു. (**ഉല്പത്തി 13:8 – 9**)<br>• *ഒറ്റനോട്ടത്തിൽ ചിത്രരൂപത്തിൽ ആവിഷ്കരിച്ച് ലോത്ത് തിരഞ്ഞെടുത്ത സ്ഥലത്തിന്റെ പ്രത്യേകത വിവരിക്കുക.* ലോത്ത് നോക്കിയപ്പോൾ യോർദ്ദാനരികെയുള്ള പരന്ന പ്രദേശം ഒക്കെയും നീരോട്ടമുള്ളതെന്ന് കണ്ടു മാത്രമല്ല നിറയെ പച്ചപ്പുല്ല് നിറഞ്ഞതായിരുന്നു എന്നാൽ ഇതിന് വിപരീതമെന്നപോലെ അബ്രാമിന്റെ പ്രദേശം മലകൾ നിറഞ്ഞതായിരുന്നു. ലോത്ത് ഏത് സ്ഥലമായിരിക്കും തെരഞ്ഞെടുത്തിട്ടുണ്ടാവുക?<br>• ലോത്തിന്റെ തെരഞ്ഞെടുപ്പ് (**ഉല്പത്തി 13:10 – 13**) *ലോത്ത് ചെയ്ത തെരഞ്ഞെടുപ്പ് എന്തുകൊണ്ടാണ് അങ്ങനെ ചെയ്തത്? (കാണുവാൻ നല്ലത് തനിക്ക് വേണമെന്ന് അവൻ ആഗ്രഹിച്ചു.) നാമും ലോത്തിനെപ്പോലെ അത്യാഗ്രഹിയും സ്വാർത്ഥനും ആയിരുന്നു. ലോത്തിന്റെ തെരഞ്ഞെടുപ്പ് താൻ വിചാരിച്ചതുപോലെ അത്ര നന്നായിരുന്നില്ല, കാരണം അവിടെ ജീവിച്ചിരുന്ന ജനങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുന്നവരായിരുന്നില്ല.*<br>• അബ്രാമും ലോത്തും രണ്ടു പേരും തമ്മിൽ പിരിഞ്ഞു, എന്നാൽ ദൈവം അരുളിചെയ്തത് ഭാവിയിൽ ഒരു ദിവസം നാലുദിക്കിലും ഉള്ള ഭൂമി ഒക്കെയും അബ്രാമിനും അവന്റെ കുടുംബത്തിനും (സന്തതിക്കും) കൊടുക്കുമെന്ന് വാഗ്ദത്തം ചെയ്തു. (**ഉല്പത്തി 13:14 – 18**)<br>• *നിങ്ങൾ അബ്രാം ആയിരുന്നെങ്കിൽ നിങ്ങൾക്ക് എന്തുതോന്നുമായിരുന്നു? നിങ്ങൾ വഞ്ചിക്കപ്പെട്ടതുപോലെ തോന്നിയോ? ദൈവം അബ്രാമിന് കൊടുത്ത വാഗ്ദത്തങ്ങൾ തെരഞ്ഞെടുപ്പിനേക്കാൾ അവ മെച്ചപ്പെട്ടതായിരുന്നു.*<br>• *ലോത്ത് തെറ്റായ ഒരു തെരഞ്ഞെടുപ്പാണ് ചെയ്തത്. നമുക്കും വിവേകമുള്ള തെരഞ്ഞെടുപ്പുകൾ ചെയ്യേണ്ടതാവശ്യമാണ്. നമുക്ക് ചെയ്യാവുന്ന ഏറ്റവും നല്ല ഒരു തെരഞ്ഞെടുപ്പ് എന്ന് വെച്ചാൽ യേശുകർത്താവിനെ നമ്മുടെ ജീവിതത്തിലേക്ക് ക്ഷണിക്കുക നമ്മുടെ പാപക്ഷമ ലഭിക്കയും ചെയ്യണം.*<br>• *നമുക്ക് ഏറ്റവും നല്ലത് എന്താണെന്ന് ദൈവത്തിനറിയാം, മാത്രമല്ല നമ്മുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റുവാൻ കഴിയുന്ന ആ ദൈവം തന്നെയാണ് അബ്രാമിന്റേയും ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നത്. ദൈവത്തിന് തന്റെ വാഗ്ദത്തങ്ങൾ നിവർത്തിക്കാൻ സാധിക്കും.*<br><br>• **ബൈബിൾ പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI അബ്രഹാമും ലോത്തും തമ്മിൽ പിരിയുന്നു. |
| മനപ്പാഠമാക്കുക | • ഏതെങ്കിലും ഒരു മനപാഠവാക്യം പഠിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുക. ഒന്നുകിൽ **ഉല്പത്തി 13:15 അല്ലെങ്കിൽ ഫിലിപ്യർ 4:19** കുട്ടികൾ കേട്ട കഥയോട് ബന്ധപ്പെടുത്തുക. |
| ഓർക്കുക | അബ്രഹാം ഒരു യാഗഹപീഠം പണിയുന്നതോടുകൂടി ആ കഥ അവസാനിച്ചു. ചോദ്യത്തിന് ശരിയായിട്ടുള്ള ഉത്തരം പറയുന്ന ടീമിലെ വ്യക്തിക്ക് കുറച്ച് കല്ലുകൾ ശേഖരിക്കാനായി കരു ഇടാം. (**ഉല്പത്തി 13:1 – 6**) ശരിയായിട്ടുള്ള കല്ലുകളോ അല്ലെങ്കിൽ വരച്ചിട്ടുള്ള കല്ലുകളായാലും മതി. ജയിക്കുന്ന ടീമിന് യാഗപീഠത്തിന്റെ മൊത്തം കല്ലുകളും എടുക്കാം.<br>• അബ്രാം സമ്പന്നനായ മനുഷ്യനാണെന്ന് നമുക്ക് എങ്ങനെ അറിയാം?<br>• പിണക്കം അവസാനിപ്പിക്കണമെന്ന് ആരാണ് തീരുമാനിച്ചത്?<br>• ആരാണ് ആദ്യം തെരഞ്ഞെടുത്തത്?<br>• ലോത്തിന് ഏത് നദിയാണ് കാണാൻ സാധിച്ചത്?<br>• ലോത്ത് ഏത് ദിശയിലേക്കാണ് പോയത്?<br>• ലോത്ത് തെരഞ്ഞെടുത്ത സ്ഥലത്തിൽ എന്താണ് നല്ലതല്ലാഞ്ഞത്?<br>• ദൈവം അബ്രാമിനോട് എവിടെ നോക്കാനാണ് പറഞ്ഞത്?<br>• അബ്രാമിനോട് ദൈവം എന്താണ് വാഗ്ദത്തം ചെയ്തത്? (നിലവും കുടുംബവും)<br>• അബ്രാം പണിത യാഗപീഠത്തിന്മേൽ എന്താണ് ചെയ്തത്?<br>• നമ്മുടെ ജീവിതത്തിൽ ചെയ്യേണ്ട പ്രധാനപ്പെട്ട തെരഞ്ഞെടുപ്പ് എന്താണ്? |

# A 5 പാഠം – 3

## അബ്രാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങൾ – ദൈവത്തിന്റെ വാഗ്ദത്തങ്ങളെ വിശ്വസിക്കണം എന്നതിനെക്കുറിച്ചുള്ള പാഠമാണ്.

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കുകയാണ്.**<br>• ദൈവത്തിന് ഭാവിയെപ്പറ്റി അറിയാവുന്നതുകൊണ്ട് എന്താണ് സംഭവിക്കാൻ പോകുന്നത് എന്നതിനെപ്പറ്റി വാഗ്ദത്തങ്ങൾ നൽകാൻ ദൈവത്തിന് സാധിക്കും.<br>• ദൈവത്തിന്റെ വാഗ്ദത്തങ്ങൾ വിശ്വസിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു.<br>**താക്കോൽവാക്യം: 1 കൊരിന്ത്യർ 10:13 അല്ലെങ്കിൽ ഉല്പത്തി 15:2**<br>**ബൈബിൾ വായനാഭാഗം ഉല്പത്തി 15:1– 7** |
| **അവതരിപ്പിക്കുക** | • കുട്ടികളോട് പറയാവുന്ന ഒരു വാഗ്ദാനത്തിന്റെ ഉദാഹരണം കൊടുക്കുക. വാഗ്ദത്തനിവൃത്തിയുള്ള സമയം വരെ ദൈവത്തിൽ ഉറച്ചവിശ്വാസം ഉണ്ടായിരിക്കണം മാത്രമല്ല ആ വാഗ്ദത്തം നിവൃത്തിയാകുന്നതുവരെ ആകാംക്ഷയോടെ കാത്തിരിക്കണം. (സാഹചര്യങ്ങളെക്കൊണ്ട് നിറവേറ്റാൻ പറ്റാതെയിരുന്ന ഒരു വാഗ്ദാനത്തെക്കുറിച്ചുള്ള ഉദാഹരണം കൂടെ പറഞ്ഞുകൊടുക്കുക).<br>• മാനുഷിക നിലയിൽ നമുക്ക് ചില വാഗ്ദാനങ്ങൾ നിവൃത്തിക്കുന്നതിൽ തോൽവി സംഭവിക്കും എന്നാൽ ദൈവം എല്ലായ്പോഴും തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റും. |
| **വിശദീകരിക്കുക** | • ഒരു ദർശനത്തിൽ ദൈവം അബ്രാമിനോട് സംസാരിച്ചു. ഒരു മകനെ വാഗ്ദത്തം ചെയ്തു. (**ഉല്പത്തി 15:14**) *ഇതിനു മുമ്പ് ദൈവം അബ്രാമിന് കൊടുത്ത വാഗ്ദത്തങ്ങളുമായി ബന്ധിപ്പിക്കുക, ഇതെന്തൊരു അത്ഭുതപ്പെടുത്തുന്ന വാർത്തയായിരുന്നു. 90 വയസ്സായ അബ്രാമിന് ഒരു മകൻ!*<br>• ദൈവം നക്ഷത്രങ്ങളെ കാണിച്ചിട്ട് അബ്രാമിനോട് അരുളിചെയ്തത് നിന്റെ സന്തതി എണ്ണിക്കൂടാത്ത നക്ഷത്രങ്ങളെപ്പോലെ ആകും (**ഉല്പത്തി 15:5**) *ആകാശത്തിലെ നക്ഷത്രങ്ങളെ എണ്ണാൻ സാധിക്കുമോ എന്ന് നക്ഷത്രങ്ങളെയും അവയുടെ സൃഷ്ടിതാവിനേയും കുറിച്ചുള്ള വിസ്മയം കുട്ടികളേയും മനസ്സിലാക്കി കൊടുക്കുക.*<br>• ദൈവത്തിന്റെ വാഗ്ദത്തം അബ്രാം വിശ്വസിച്ചു (**ഉല്പത്തി 15:6**) *അബ്രാം ദൈവത്തെ വിശ്വസിക്കുവാൻ ഉള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടുപിടിക്കുക.*<br>• ദൈവം അബ്രാമിനും സാറായിക്കും പുതിയ പേര് കൊടുത്തു (**ഉല്പത്തി 17:5,15**) *അബ്രഹാം എന്ന പേരിന്റെ അർത്ഥം "ബഹുജാതികൾക്ക് പിതാവ്" അതുകൊണ്ട് അബ്രഹാം എല്ലായ്പോഴും ദൈവത്തിന്റെ വാഗ്ദത്തങ്ങളെ ഓർക്കും.*<br>• *ദൈവവചനത്തിൽ (ബൈബിളിൽ) നമുക്ക് അനേകം വാഗ്ദത്തങ്ങൾ ഉണ്ട്. നാം ദൈവത്തിൽ വിശ്വസിച്ചാൽ ദൈവം നമുക്ക് തരുന്ന വാഗ്ദത്തങ്ങൾക്ക് ഉദാഹരണങ്ങൾ പറയുക.*<br>• *ദൈവം പറയുന്നത് നാം വിശ്വസിക്കുമ്പോൾ ദൈവം പ്രസാദിക്കും.*<br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക**<br>**പ്രദർശിപ്പിക്കുക**: FBI അബ്രാഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തം. |
| **മനപ്പാഠമാക്കുക** | • ഏതെങ്കിലും ഒരു മനപാഠവാക്യം **1 കൊരിന്ത്യർ 10:13** പഠിപ്പിക്കുക, വിശദീകരിക്കുക (ദൈവം വിശ്വസ്തൻ) വിശ്വസ്തൻ എന്ന് അർത്ഥമാക്കുന്നത് ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറ്റാൻ അവൻ പ്രാപ്തനാണ്. അല്ലെങ്കിൽ **ഉല്പത്തി 15:6** അബ്രഹാം ദൈവത്തിൽ വിശ്വസിച്ചപ്പോൾ ദൈവം പ്രസാദിച്ചു എന്ന് വിശദീകരിക്കുക. |
| **ഓർക്കുക** | • എന്താണ് അബ്രഹാം തലവൻ ആകുമെന്ന് ദൈവം നേരത്തേ തന്നെ വാഗ്ദത്തം ചെയ്തിരുന്നത്?<br>• ദർശനത്തിൽ ദൈവം അബ്രഹാമിന് കൊടുത്ത വാഗ്ദത്തം എന്ത്?<br>• അബ്രഹാമിന്റെ ഭാര്യ ആരായിരുന്നു?<br>• എന്താണ് ദൈവം അബ്രഹാമിനെ കാണിച്ചത്?<br>• എന്തിനോടാണ് ദൈവം നക്ഷത്രങ്ങളെ താരതമ്യപ്പെടുത്തിയത്?<br>• ദൈവം അബ്രാമിന് ഈ വാഗ്ദത്തം കൊടുത്തപ്പോൾ അബ്രാം എന്താണ് ചെയ്തത്?<br>• എന്താണ് അബ്രാമിന്റെ പുതിയ പേര്?<br>• എന്താണ് സാറായിയുടെ പുതിയ പേര്?<br>• നമ്മോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നാം പഠിക്കുമ്പോൾ നാം എന്ത് ചെയ്യണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്?<br>• "വിശ്വസിക്കുക" എന്ന വാക്കിന്റെ അർത്ഥം എന്ത്? |

## A 5 പാഠം – 4

**അബ്രഹാമും സന്ദർശകരും – ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറ്റപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള പാഠമാണിത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കുകയാണ്.**<br>• പ്രത്യേകിച്ച് ബൈബിൾ എഴുതപ്പെടുന്നതിന് മുമ്പ് ദൈവം തന്റെ സന്ദേശങ്ങൾ അറിയിച്ചിരുന്നത് പല വഴിയിൽക്കൂടെയാണ്. മൂന്ന് സന്ദേശവാഹകന്മാർ ദൈവത്തിന്റെ ഈ സന്ദേശം അബ്രഹാമിനെ അറിയിച്ചു.<br>• ദൈവത്തിന്റെ വാഗ്ദത്തങ്ങളോട് ദൈവം വിശ്വസ്തൻ.<br>**താക്കോൽവാക്യം: ഉല്പത്തി 18:14**<br>**ബൈബിൾ വായനാഭാഗം : ഉല്പത്തി 18:1 – 5** |
| അവതരിപ്പിക്കുക | • നിങ്ങളുടെ സംസ്കാരമനുസരിച്ച് പെട്ടെന്ന് പ്രതീക്ഷിക്കാത്ത സന്ദർശകർ വന്നാൽ എന്ത് സംഭവിക്കും എന്നുള്ളതിനെക്കുറിച്ച് സംസാരിക്കുക. നിങ്ങൾ എന്തെങ്കിലും വസ്തുക്കൾ ഉപയോഗിച്ച് ഈ ഉദാഹരണം വിവരിക്കുകയോ അല്ലെങ്കിൽ ചെറിയ ഒരു നാടകം പോലെ വിരുന്നുകാരനെ സ്വാഗതം ചെയ്യുന്നത് അവതരിപ്പിക്കുക.<br>• അബ്രാമിന്റെ സന്ദർശകർ എത്താനായി അരങ്ങൊരുക്കുക ഉച്ചസമയത്ത് അബ്രഹാം തന്റെ കൂടാരവാതിൽക്കൽ ഇരുന്ന് വിശ്രമിക്കുകയായിരുന്നു. അപ്പോൾ ചില പുരുഷന്മാർ തന്റെ നേരെ വരുന്നതുകണ്ടു. ഇവർ ആരായിരിക്കും? |
| വിശദീകരിക്കുക | • അബ്രഹാം ആ സന്ദർശകരെ കൈക്കൊണ്ടു (സ്വീകരിച്ചു) അവർക്കു കഴുകുവാൻ വെള്ളവും ഭക്ഷണവും ഒരുക്കി. *കുട്ടികളുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണം വേണം ഈ കഥ പറയാൻ. നട്ടുച്ചക്ക്, പൊള്ളുന്ന കാലിന് തണുത്ത വെള്ളം, രുചികരമായ ഭക്ഷണം.* **(ഉല്പത്തി 18:2 – 8)**<br>• ഭക്ഷണം കഴിച്ചതിനുശേഷം ആ മൂന്ന് സന്ദർശകന്മാർ സാറായ്ക്ക് അടുത്ത വർഷത്തിൽ ഒരു മകൻ ജനിക്കുമെന്നുള്ള നല്ല വാർത്ത അബ്രാമിനോട് അറിയിച്ചു. **(ഉല്പത്തി 18:9,10)** *ഈ സന്ദർശകർ ഇത് എങ്ങനെയാണ് അറിഞ്ഞത്? സന്ദർശകർ ആരായിരുന്നു എന്ന് വിശദമാക്കുക - സ്വർഗ്ഗത്തിലെ ദൈവദൂതന്മാരായിരുന്നു - ഒരാൾ യേശുകർത്താവായിരുന്നു, ബാക്കിയുള്ളവർ ദൂതന്മാരായിരുന്നു. ഈ വാർത്ത കേട്ടപ്പോൾ അബ്രാമിന് എന്ത് തോന്നി എന്നുള്ളത് ചർച്ച ചെയ്യുക.* ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറ്റപ്പെടാനുള്ള സമയം ഏറ്റവും അടുത്തിരിക്കുന്നു!<br>• ഇത് അസാദ്ധ്യമായ കാര്യമാണെന്ന് വിചാരിച്ച് സാറാ ചിരിച്ചു, എന്നാൽ അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കും എന്ന് ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട് **(ഉല്പത്തി 18:11 – 15).** *സാറാ ചിരിച്ചപ്പോൾ ദൈവത്തിന് എന്ത് തോന്നിക്കാണും എന്ന് ചർച്ച ചെയ്യുക.*<br>• ഒരു വർഷത്തിനുശേഷം സാറായ്ക്ക് കുഞ്ഞു ജനിച്ചു. **(ഉല്പത്തി 21:1 – 7)** *അവർ അനുഭവിച്ച സന്തോഷം എത്രമാത്രമുണ്ടായിരുന്നെന്ന് ചിന്തിക്കാൻ സാധിക്കുമോ? ദൈവം തന്റെ വാഗ്ദാനം നിറവേറ്റിയോ? ലെവൽ 2 - വിലെ കുട്ടികൾ ഇസ്ഹാക്ക് എന്ന പേരിന്റെ അർത്ഥം (ചിരി) എന്നാണ് എന്നുള്ളത് വിശദമാക്കുക.*<br>• *നമ്മോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറ്റുവാൻ തക്കവണ്ണം അവൻ വിശ്വസ്തനാണ്. ഒന്നും ദൈവത്തിന്റെ അസാദ്ധ്യമല്ല - ഇന്നും ദൈവം ഇതുപോലെ തന്നെയാണ്. നമുക്ക് ആശ്രയിക്കുവാൻ പറ്റിയ അത്ഭുതവാനായിരിക്കുന്ന ദൈവമാണവൻ!*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI അബ്രാമും മൂന്ന് അപരിചിതരും |
| മനപ്പാഠമാക്കുക | താക്കോൽവാക്യം **ഉല്പത്തി** 18:14 പഠിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുക. |
| ഓർക്കുക | ഈ ചോദ്യങ്ങൾ ഈ കഥയോട് ബന്ധപ്പെട്ടവയാണ്. നിങ്ങൾക്ക് ഇതേ ചോദ്യങ്ങൾ ഉപയോഗിക്കുക. അല്ലെങ്കിൽ A 5 - ലുള്ള നാലുപാഠങ്ങളിൽ നിന്നും ഒന്നിച്ച് ഒരു ചോദ്യപരമ്പര ഉണ്ടാക്കുക.<br>• ആ ദിവസത്തിൽ ഏത് സമയത്താണ് സന്ദർശകർ വന്നത്?<br>• ആ സമയത്ത് അബ്രഹാം എവിടെയായിരുന്നു?<br>• സാറയോട് എന്ത് ചെയ്യാനാണ് അബ്രഹാം ആവശ്യപ്പെട്ടത്?<br>• വേറെ എന്താണ് അവർക്ക് ഭക്ഷിക്കേണ്ടിയിരുന്നത്?<br>• സന്ദേശവാഹകന്മാർ അവരുടെ വാർത്ത അറിയിച്ചപ്പോൾ സാറാ എവിടെയായിരുന്നു?<br>• എന്തുകൊണ്ടാണ് സാറാ ചിരിച്ചത്?<br>• സാറക്ക് മകനുണ്ടാവണമായിരുന്നെങ്കിൽ എത്രനാൾ കാത്തിരിക്കണമായിരുന്നു?<br>• മകന് എന്ത് പേരാണ് ഇട്ടത്?<br>• ഇസ്ഹാക്ക് ജനിക്കുമ്പോൾ അബ്രഹാമിന് എത്ര വയസ്സായിരുന്നു?<br>• അബ്രഹാമും സാറയും വളരെ സന്തോഷിച്ചുവെന്നതിന് രണ്ടു കാരണങ്ങൾ കണ്ടുപിടിക്കുക. (അവർക്ക് ഒരു മകൻ ഉണ്ടായത്കൊണ്ട്, അവരോടുള്ള ദൈവത്തിന്റെ വാഗ്ദത്തം നിവർത്തിയായതുകൊണ്ട്.<br><br>**അവതരിപ്പിച്ചു കാണിക്കുക**: കഥയുടെ ആദ്യഭാഗം അഭിനയിച്ചു കാണിച്ചാൽ കുട്ടികൾക്ക് ഇഷ്ടപ്പെടും. മുതിർന്നവർക്ക് അബ്രഹാമും, സാറയും, ദാസനും, 3 സന്ദർശകരും ആയി അഭിനയിക്കാം. ഇടയ്ക്ക് ചെറിയ ഒരു ഗ്രൂപ്പ് കുട്ടികൾക്ക് ആക്ഷൻ മാത്രമായിട്ടോ, സംസാരിക്കുന്ന ഭാഗമായിട്ടോ അഭിനയിക്കാം. |

## A 6 പാഠം-1

**അബ്രഹാം ദൈവത്തെ അനുസരിക്കുന്നു– സ്നേഹിക്കുന്ന ദൈവം എല്ലാറ്റിനേക്കാളും ഉത്തമൻ എന്ന പാഠം.**

| | |
|---|---|
| | **നാം പഠിച്ചുകൊണ്ടിരിക്കുന്നത്:**<br>• എല്ലാവരെക്കാളും എന്തിനെക്കാളും ദൈവം അബ്രഹാമിനെ സ്നേഹിക്കുന്നു.<br>• നാമും പൂർണ്ണഹൃദയത്തോടും കൂടെ ദൈവത്തെ സ്നേഹിക്കണം.<br>**മനപാഠവാക്യം: ഉല്പത്തി 22:8 അല്ലെങ്കിൽ ആവർത്തനം 6:5**<br>**വായനാഭാഗം: ഉല്പത്തി 22:1–9** |
| അവതരിപ്പിക്കുക | • കുട്ടികളുടെ ജീവിതത്തിൽ സുപ്രധാനമായ ചില സാധനങ്ങൾ എന്തെല്ലാമെന്ന് ചോദിച്ചറിയുക- നമ്മുടെ ജീവിതത്തിൽ ഏറ്റവും സുപ്രധാനമായതെന്താണ്? എന്തുകൊണ്ട് അത് പ്രാധാന്യമേറിയതായിരിക്കുന്നു?<br>• വിലയേറിയതെന്ന് കരുതപ്പെടുന്ന വസ്തുക്കൾ മറ്റൊരാൾക്ക് കൊടുക്കേണ്ടതായി വരുമ്പോൾ നിങ്ങളുടെ ചിന്താഗതി എന്തായിരിക്കും എന്ന് അവരോടു ചോദിച്ചറിയുക? അവ എടുത്തുകൊണ്ടുപോയിക്കഴിഞ്ഞാൽ എന്തെല്ലാം ചിന്തകൾ അവരുടെ മനസ്സിലൂടെ കടന്നു പോകുന്നുണ്ടായിരിക്കാം? അബ്രഹാമിന്റെ ജീവിതത്തിൽ സുപ്രധാനമായ എന്തോ ഒന്ന് കൊടുക്കപ്പെടുന്നതിനെക്കുറിച്ചാണ് ഇന്നത്തെ കഥ എന്ന് വിശദീകരിക്കുക. |
| വിശദീകരിക്കുക | • അബ്രഹാമിനും സാറായ്ക്കും വാഗ്ദത്തം നിറവേറ്റി അവർക്ക് ഒരു മകനെ നൽകി. യിസ്ഹാക്ക് എന്നായിരുന്നു അവന്റെ പേര്. അവർ അവനെ വളരെ സ്നേഹിച്ചു. **(ഉല്പത്തി 21:1–3)**<br>• ഒരു ദിവസം യിസ്ഹാക്കിനെ മോറിയാമലയിലേക്ക് കൊണ്ടു പോകുവാൻ ദൈവം അബ്രഹാമിനോട് ആവശ്യപ്പെട്ടു. യിസ്ഹാക്ക് യൗവ്വനക്കാരനായിരിക്കാനാണ് സാധ്യതയുള്ളത്. അബ്രഹാം തന്റെ പുത്രനായ യിസ്ഹാക്കിനെ ദൈവത്തിന് യാഗമായി കൊടുക്കാൻ ദൈവത്തിന് ആവശ്യമായിരുന്നു. അബ്രഹാം ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടോ എന്ന് കാണുവാൻ അബ്രഹാമിനെ പ രീക്ഷിക്കുകയായിരുന്നു ദൈവം. ദൈവം അബ്രഹാമിനെ വിഷമിപ്പിച്ചു എന്നു വരികിലും, അവൻ ദൈവത്തിൽ വിശ്വസിക്കുകയും ദൈവം അവനോട് പറഞ്ഞ കാര്യം ചെയ്യുകയും ചെയ്തു. **(ഉല്പത്തി 22:1–2)** *അബ്രഹാം പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിച്ചു. ദൈവം അബ്രഹാമിനോട് ആവശ്യപ്പെട്ട കാര്യം അവന് ബുദ്ധിമുട്ടുള്ളതായിരുന്നു എന്നു വരികിലും അവന് ദൈവത്തിൽ നിന്ന് കേട്ട കാര്യം നിവർത്തിക്കാനുള്ള മനസ്സൊരുക്കമുണ്ടായിരുന്നു.*<br>• അതിരാവിലെ തന്നെ, അബ്രഹാം യാത്രക്കു വേണ്ടുന്ന എല്ലാ കാര്യങ്ങളും ഒരുക്കി. കഴുതയ്ക്ക് കോപ്പിട്ടു ബാല്യക്കാരിൽ രണ്ടുപേരേയും കൂട്ടി ഹോമയാഗത്തിന് വിറകു കീറി എടുത്തും കൊണ്ട് പുറപ്പെട്ടു. ദൈവം തന്നോട് കൽപിച്ച സ്ഥലത്തേക്ക് പോയി **(ഉല്പത്തി 22:3)**<br>• ദൈവം തിരഞ്ഞെടുത്ത മലയിലേക്ക് മൂന്ന് ദിവസത്തിന് ശേഷം അവർ പോയി. രണ്ടു ദാസന്മാരോടും കഴുതയുമായി മലയുടെ താഴ്‌വരയിൽ കാത്തു നിൽക്കുവാൻ അബ്രഹാം പറഞ്ഞു. യിസ്ഹാക്ക് വിറകു ചുമക്കുമ്പോൾ തന്നെ അബ്രഹാം കത്തിയും തിരിയും വഹിച്ചു **(ഉല്പത്തി 22:4 – 6)**<br>• അവർ മലമുകളിലേക്ക് കയറുവാൻ തുടങ്ങവേ ഹോമയാഗത്തിനായുള്ള യാഗമൃഗം എവിടെ എന്ന് യിസ്ഹാക്ക് തന്റെ പിതാവിനോട് ചോദിച്ചു. എന്റെ മകനെ, അത് കർത്താവ് കരുതിക്കൊള്ളും എന്ന് അബ്രഹാം മറുപടി നൽകി. **(ഉല്പത്തി 22:7 – 8)**<br>• *അബ്രഹാം ദൈവത്തെ സ്നേഹിച്ചതുകൊണ്ട് അവൻ ദൈവത്തെ അനുസരിച്ചു. നാം പൂർണ്ണഹൃദയത്തോടെ അവനെ സ്നേഹിപ്പാനും അവൻ പറയുന്നത് അനുസരിക്കാനും ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.*<br>**ബൈബിൾടൈം പാഠഭാഗം പൂർത്തിയാക്കുക.**<br>**പ്രദർശിപ്പിക്കുക**: FBI അബ്രഹാമും യിസ്ഹാക്കും |
| മനപ്പാഠമാക്കുക | താക്കോൽ വാക്യം ആവശ്യമുള്ളേടത്ത് വിശദീകരിച്ച് പഠിപ്പിക്കുക – **ഉല്പത്തി 22:8 അല്ലെങ്കിൽ ആവർത്തനം 6:5** |
| ഓർക്കുക | • അബ്രഹാമിന്റെ പുത്രന്റെ പേരെന്ത്?<br>• അബ്രഹാം പോകണമെന്ന് ദൈവം ആഗ്രഹിച്ച മലയുടെ പേരെന്താണ്?<br>• അബ്രഹാം തന്നോട് കൂടെ എത്ര ദാസന്മാരെയാണ് കൊണ്ടു പോയത്?<br>• ഏത് മൃഗത്തേയാണ് അബ്രഹാം തന്നോട് കൂടെ കൊണ്ടു പോയത്?<br>• മലമുകളിൽ എത്തിച്ചേരുവാൻ എത്ര സമയം അവർക്ക് വേണ്ടി വന്നു?<br>• ആട്ടിൻ കുട്ടിയെ ആര് കരുതിക്കൊള്ളുമെന്നാണ് അബ്രഹാം പറഞ്ഞത്? |

## A 6 പാഠം – 2

**ദൈവത്തെ അനുസരിക്കുന്ന അബ്രഹാം– യിസ്ഹാക്കിന് പകരമായി ഒരു ആട്ടിൻകുട്ടി എന്ന പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കുന്നു.**<br>• യിസ്ഹാക്കിന് പകരമായി ദൈവം ഒരു ആട്ടിൻകുട്ടിയെ കരുതി<br>• നമ്മുടെ സ്ഥാനത്ത് യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ചു.<br><br>**താക്കോൽവാക്യം: ഗലാത്യർ 2:20**<br>**ബൈബിൾവായനാഭാഗം: ഉല്പത്തി 22:9 – 14** |
| അവതരിപ്പിക്കുക | • ഏതെങ്കിലും ഒരു തെറ്റ് നിങ്ങൾ ചെയ്തതിന്  നിങ്ങൾ ശിക്ഷിക്കപ്പെടുവാൻ പോകുകയാണെന്ന് ഊഹിക്കുക - നിങ്ങൾക്ക് എന്തു തോന്നും?<br>• അപ്പോൾ ആ കുട്ടികളോട് പറയുക, നിങ്ങൾ അനുഭവിക്കേണ്ട ശിക്ഷ മറ്റൊരാൾ ഏറ്റെടുക്കുയാണെന്ന് ഊഹിക്കുക - നിങ്ങൾക്ക് എന്തു തോന്നും?<br>• ഇന്നത്തെ പാഠം യിസ്ഹാക്കിന് പകരം എന്ന വിഷയമാണെന്നുള്ളത് കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക. |
| വിശദീകരിക്കുക | • കഥയെക്കുറിച്ച് ഇതുവരെ പറഞ്ഞ കാര്യങ്ങൾ കുട്ടികളെ ഓർപ്പിക്കുക.<br>• അവസാനം അബ്രഹാമും യിസ്ഹാക്കും മലയുടെ മുകളിൽ എത്തി, അവിടെ അവർ കല്ലുകൾ കൊണ്ട് ഒരു യാഗപീഠം പണിതു. അതിനുശേഷം യിസ്ഹാക്കിനെ യാഗപീഠത്തിൽ കിടത്തി. **(ഉല്പത്തി 22:9 – 10).**<br>• അബ്രഹാം യിസ്ഹാക്കിനെ ദൈവത്തിന് യാഗം കഴിക്കാൻ ഒരുമ്പെട്ടപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അബ്രഹാമിനെ വിളിച്ച് അവനോട് പറഞ്ഞത് ബാലന്റെ മേൽ കൈവെക്കരുത്. ഇപ്പോൾ അബ്രഹാം ദൈവത്തോട് തനിക്ക് എത്രമാത്രം ആത്മാർത്ഥ സ്നേഹം ഉണ്ടെന്ന് വെളിപ്പെടുത്തി. **(ഉല്പത്തി 22:11 – 12)**<br>• അബ്രഹാം തലപൊക്കി നോക്കിയപ്പോൾ ഒരു ആട്ടിൻകുട്ടി കൊമ്പ് കാട്ടിൽ പിടിപെട്ട് കിടക്കുന്നത് കണ്ടു. അവൻ ആ ആട്ടിൻകുട്ടിയെ എടുത്ത് യിസ്ഹാക്കിന് പകരം യാഗപീഠത്തിൽ യാഗം അർപ്പിച്ചു. **(ഉല്പത്തി 22:13)**<br>• *യിസ്ഹാക്കിന് പകരമായി ആട്ടിൻകുട്ടിയെ യാഗം കഴിച്ചപ്പോൾ അബ്രഹാമിനും യിസ്ഹാക്കിനും എന്തു തോന്നിക്കാണുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?*<br>• *യേശു ക്രൂശിൽ മരിച്ചത് നമുക്ക് പകരമായിട്ടായിരുന്നു. നാം എല്ലാവരും തെറ്റ് ചെയ്തിട്ടുള്ളവരാണ്, എന്നാൽ അതിന്റെ ശിക്ഷയെല്ലാം യേശു ക്രൂശിൽ ഏറ്റു മരിച്ചു.*<br>• *യേശു നമ്മെ സ്നേഹിച്ചതുകൊണ്ടാണ് നമുക്ക് വേണ്ടി മരിച്ചത് മാത്രമല്ല, നമ്മുടെ പാപങ്ങൾക്കുവേണ്ടി നാം കഷ്ടപ്പെടുന്നത് യേശുവിന് ഇഷ്ടമില്ലായിരുന്നു.*<br>• *നാം യേശുവിനെ സ്നേഹിക്കണമെന്നും, യേശു നമുക്ക് പകരമായി മരിച്ചതുകൊണ്ട് നാം നന്ദി പറയണമെന്നും താൻ ആഗ്രഹിക്കുന്നു.*<br>• *യേശു നിങ്ങൾക്കുവേണ്ടി മരിപ്പാൻ തക്കവണ്ണം അത്രമാത്രം നിങ്ങളെ സ്നേഹിച്ചു എന്നറിയുമ്പോൾ നിങ്ങൾക്ക് എന്തു തോന്നുന്നു?*<br>• *നാം യേശുവിനെ സ്നേഹിക്കുന്നു എന്നുള്ളത് എങ്ങനെ പ്രദർശിപ്പിക്കാം?*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI അബ്രഹാമും യിസ്ഹാക്കും |
| മനപ്പാഠമാക്കുക | • താക്കോൽവാക്യം **ഗലാത്യർ 2:20** പഠിപ്പിക്കുകയും ആവശ്യംപോലെ വിശദീകരിക്കുകയും ചെയ്യുക |
| ഓർക്കുക | • എവിടെയാണ് അബ്രഹാം യാഗപീഠം പണിതത്?<br>• യാഗപീഠം പണിയാൻ ഉപയോഗിച്ചത് എന്താണ്?<br>• സ്വർഗ്ഗത്തിൽ നിന്നും ആരാണ് വിളിച്ചത്?<br>• ദൂതൻ എന്താണ് അബ്രഹാമിനോട് പറഞ്ഞത്?<br>• അബ്രഹാം എന്താണ് ദൈവത്തെ കാണിച്ചത്?<br>• യിസ്ഹാക്കിന് പകരമായി യാഗം കഴിച്ചത് എന്താണ്?<br>• ക്രൂശിൽ നമുക്ക് പകരമായി ആരാണ് മരിച്ചത്?<br>• എന്തിനാണ് യേശു ക്രൂശിൽ മരിച്ചത്? |

## A 6 പാഠം–3
### സഹായിക്കുന്ന ദൈവം – വഴിക്കാണിക്കുന്ന ദൈവത്തെക്കുറിച്ചുള്ള പാഠമാണ്

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കുകയാണ്**<br>• ദാസൻ ദൈവത്തോട് സഹായം ചോദിച്ചു, ദൈവം സഹായിച്ചു.<br>• നാം ദൈവത്തോട് ചോദിച്ചാൽ ദൈവം നമ്മെയും സഹായിക്കും.<br>**താക്കോൽവാക്യം: ഉല്പത്തി 24:27 അല്ലെങ്കിൽ മത്തായി 7:7**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 24:1 – 28** |
| അവതരിപ്പിക്കുക | • അവരെ സഹായിക്കുന്ന ആളുകളെക്കുറിച്ച് ചിന്തിക്കാൻ കുട്ടികളോട് ആവശ്യപ്പെടുക – ആരാണ് നിങ്ങളെ സഹായിക്കുക? എന്തെല്ലാം വസ്തുക്കളെക്കൊണ്ടാണ് അവർ നിങ്ങളെ സഹായിക്കുന്നത്? അവർ നിങ്ങളെ സഹായിക്കുമ്പോൾ നിങ്ങൾക്ക് അവരോട് എന്ത് മനോഭാവമാണ് തോന്നുന്നത്?<br>• കുട്ടികളെ സഹായിച്ച ആരെയെങ്കിലും കുറിച്ച് കഥകൾ പറയാനായി കുട്ടികളെ അനുവദിക്കുക.<br>• ദൈവം ചിലരെ സഹായിക്കുന്നതായിട്ടുള്ള കഥയാണ് ഇന്ന് പറയാൻ പോകുന്നത്. |
| വിശദീകരിക്കുക | • അബ്രഹാം വയസ്സുചെന്ന് വൃദ്ധനായ, എന്നാൽ അവൻ മരിക്കുന്നതിനുമുമ്പ് യിസ്ഹാക്ക് വിവാഹം കഴിച്ച് സന്തോഷമായി ജീവിക്കണം എന്ന് ആഗ്രഹിച്ചു. അതുകൊണ്ട് അബ്രഹാം തന്റെ മകന് ഒരു ഭാര്യയെ അന്വേഷിക്കുന്നതിനുവേണ്ടി ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും കൊടുത്ത് തന്റെ പ്രധാന ദാസന് പറഞ്ഞു കൊടുത്തു. അബ്രഹാം ദാസനോട് ദൈവത്തിൽ ആശ്രയിച്ചാൽ യിസ്ഹാക്കിന് യോജിച്ച സ്ത്രീയെ ദൈവം കാണിച്ചു തരും എന്ന് പറഞ്ഞു. (**ഉല്പത്തി 24:1 – 9**) .*യിസ്ഹാക്കിനുവേണ്ടി ഒരു ഭാര്യയെ കണ്ടെത്താൻ അബ്രഹാം തന്റെ ദാസനോട് പറഞ്ഞപ്പോൾ ദാസന് എന്ത് തോന്നിക്കാണുമെന്നാണ് നിങ്ങൾക്ക് തോന്നുന്നത്?*<br>• അബ്രഹാമിന്റെ പത്ത് ഒട്ടകങ്ങളേയും കൊണ്ട് ദാസൻ യാത്ര പുറപ്പെട്ടു. കുറേ ദിവസം യാത്ര ചെയ്തു കഴിഞ്ഞപ്പോൾ നാഹോരിന്റെ പട്ടണത്തിലെ ഒരു കിണറ്റിനരികെ എത്തി അവിടെ നിന്നു. വൈകുന്നേരമായതിനാൽ എല്ലാ സ്ത്രീകളും വെള്ളം കോരുവാൻ കിണറ്റിനരികെ വന്നു (**ഉല്പത്തി 24:10 – 11**)<br>• അപ്പോൾ ദാസൻ ദൈവത്തോട് പ്രാർത്ഥിച്ചു, ഈ സ്ത്രീകളിൽ നിന്ന് തന്റെ യജമാനനായ യിസ്ഹാക്കിന് ഒരു ഭാര്യയെ കാണിച്ചു തരണേയെന്ന്. താൻ കുടിപ്പാൻ വെള്ളം ചോദിക്കുമ്പോൾ ഏതൊരു സ്ത്രീയാണോ വെള്ളം കോരി അവനും അവന്റെ 10 ഒട്ടകങ്ങൾക്കും കുടിപ്പാൻ കൊടുക്കുന്നത് അവളെത്തന്നെയാണ് ദൈവം യിസ്ഹാക്കിന് വേണ്ടി തിരഞ്ഞെടുത്ത സ്ത്രീ എന്നു ഗ്രഹിക്കും എന്ന് പറഞ്ഞു (**ഉല്പത്തി 24:12 – 14**)<br>• താമസിയാതെ സുന്ദരിയാ ഒരു സ്ത്രീ കിണറ്റിനരികിലേക്ക് വരുന്നത് അവൻ കണ്ടു. റിബേക്ക എന്നായിരുന്നു അവളുടെ പേര്. അവൻ വെള്ളം ചോദിച്ചപ്പോൾ അവൾ അവന് കുടിപ്പാൻ കൊടുത്തശേഷം ഒട്ടകങ്ങൾക്കും വേണ്ടുവോളം വെള്ളം കോരിക്കൊടുത്തു. *ദാസൻ എന്തായിരിക്കും ചിന്തിക്കുക? അവന് എന്തായിരിക്കും തോന്നിക്കാണുക?* (**ഉല്പത്തി 24:15 – 21**)<br>• തന്റെ യജമാനനായ അബ്രഹാം കൊടുത്തയച്ച സമ്മാനങ്ങൾ അവൾക്ക് കൊടുത്തതിനുശേഷം ദാസൻ അവളോട് രാത്രി താമസിക്കാൻ അവളുടെ വീട്ടിൽ സ്ഥലമുണ്ടോ എന്ന് ചോദിച്ചു. അപ്പോൾ അവൾ അവനോട് തങ്ങളുടെ വീട്ടിൽ ധാരാളം സ്ഥലമുണ്ട് എന്ന് കേട്ടപ്പോൾ ദാസൻ തലകുനിച്ച് ദൈവത്തിന് നന്ദി പറഞ്ഞു, കാരണം അവന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകിയതിനും അവന് ശരിയായ സ്ത്രീയെ കാണിച്ചു കൊടുത്തതിനും. (**ഉല്പത്തി 24:22 – 27**)<br>• *നിങ്ങൾക്ക് എപ്പോഴെങ്കിലും പ്രയാസമുള്ള കാര്യം ചെയ്യേണ്ടി വന്നിട്ടുണ്ടോ? അനുയോജ്യമായ ഉദാഹരണങ്ങൾ പറയുക.*<br>• *ദാസൻ ആരോടാണ് സഹായം ആവശ്യപ്പെട്ടത്?*<br>• *നാം ആരോടാണ് സഹായം ആവശ്യപ്പെടേണ്ടത്?*<br>• *നമുക്ക് തെരഞ്ഞെടുപ്പും തീരുമാനങ്ങളും വേണ്ടി വരുമ്പോൾ ദൈവത്തിന് നമ്മെ സഹായിക്കാനും നിർദ്ദേശം നൽകാനും സാധിക്കും.*<br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക.**<br>**പ്രദർശിപ്പിക്കുക**: FBI അബ്രഹാമും യിസ്ഹാക്കും. |
| മനപ്പാഠമാക്കുക | മനപാഠവാക്യം **ഉല്പത്തി** 24:27 അല്ലെങ്കിൽ **മത്തായി** 7:7 പഠിപ്പിക്കുകയും ആവശ്യമുള്ളിടത്ത് വിശദീകരിക്കുകയും ചെയ്യുക. |
| ഓർക്കുക | • യിസ്ഹാക്കിനുവേണ്ടി ഭാര്യയെ അന്വേഷിക്കാൻ ആരാണ് പോയത്?<br>• എത്ര ഒട്ടകങ്ങളെയാണ് ദാസൻ കൂടെ കൊണ്ടുപോയത്?<br>• എവിടെയാണ് ആ ദാസൻ എത്തിയത് (ചെന്നത്)<br>• ഏത് സമയത്താണ് അവിടെ എത്തിയത്?<br>• ആരാണ് ദാസനെ സഹായിച്ചത്?<br>• യിസ്ഹാക്കിനുവേണ്ടി തക്കതുണയെ കണ്ടെത്താൻ ആരാണ് ദാസനെ സഹായിച്ചത്?<br>• കിണറ്റിനരികെ വന്ന യുവതിയുടെ പേരെന്താണ്?<br>• അവൾ ദാസന് എന്ത സഹായമാണ് ചെയ്തു കൊടുത്തത്?<br>• ദൈവം തന്നെ സഹായിച്ചു എന്ന് ദാസന് മനസ്സിലായപ്പോൾ അദ്ദേഹം എന്താണ് ചെയ്തത്?<br>• സമയമുണ്ടെങ്കിൽ കുട്ടികളെ കൊണ്ട് ആരെയെങ്കിലും സഹായിക്കുന്ന ഒരു ചിത്രം വരപ്പിക്കുക? |

## A 6 പാഠം – 4

**ദൈവത്തിന്റെ തിരഞ്ഞെടുപ്പ് – യിസ്ഹാക്ക് റിബേക്കയെ വിവാഹം കഴിക്കുന്നതിനെക്കുറിച്ചുള്ള പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കുന്നു.**<br>• റിബേക്കയും യിസ്ഹാക്കും ദൈവഹിതത്തെ പിൻപറ്റിയതുകൊണ്ട് അവർ വളരെ സന്തുഷ്ടരായി.<br>• ദൈവത്തിൽ വിശ്വസിച്ച് അവന്റെ വഴികളെ അനുഗമിച്ചാൽ നമുക്കും സന്തോഷമുണ്ടാകും.<br><br>**താക്കോൽവാക്യം: സങ്കീർത്തനം 144:15**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 24:28 – 67** |
| അവതരിപ്പിക്കുക | • നിങ്ങൾ എവിടെയെങ്കിലും കല്യാണത്തിന് പോയിട്ടുണ്ടോ എന്ന് കുട്ടികളോട് ചോദിക്കുക. ആരുടെ കല്യാണമായിരുന്നു? അവർ എന്താണ് ധരിച്ചിരുന്നത്? കല്യാണത്തിന് എന്താണ് സംഭവിച്ചത്? മണവാളനും മണവാട്ടിയും സന്തോഷമുള്ളവരായിരുന്നോ?<br>• ഇന്നത്തെ കഥ വളരെ വർഷങ്ങൾക്കുമുമ്പേ നടന്ന ഒരു വിവാഹത്തെക്കുറിച്ചാണ് എന്ന് കുട്ടികളോട് പറയുക. മിക്കവാറും നിങ്ങളുടെ രാജ്യത്ത് തീരുമാനിച്ച് നടത്തുന്ന വിവാഹങ്ങളേക്കാളും വ്യത്യസ്ഥമായ ഒരു കഥയാണ് ഇവിടെ പറയുന്നത്? |
| വിശദീകരിക്കുക | • ഇതുവരെ പറഞ്ഞ കഥ കുട്ടികളെ ഓർപ്പിക്കുക.<br>• എന്താണ് സംഭവിച്ചത് എന്ന് പറയാൻ അവൾ വീട്ടിലേക്ക് ഓടി. അവളുടെ സഹോദരൻ ലാബാൻ കിണറ്റിനരികിലേക്ക് ഓടി, ദാസനെ വീട്ടിലേക്ക് കൊണ്ടു വന്നു അവനെ സ്വാഗതം ചെയ്തു. എന്നാൽ ഭക്ഷണം കഴിക്കുന്നതിന് മുമ്പായി ദാസൻ വന്ന കാര്യം എന്താണെന്നുള്ളത് റിബേക്കയുടെ കുടുംബത്തെ അറിയിച്ചു. **(ഉല്പത്തി 24:28 – 49)**<br>• ദൈവമാണ് യിസ്ഹാക്കിന്റെ ദാസനെ റിബേക്കയുടെ അടുക്കലേക്ക് അയച്ചത് എന്ന് അവളുടെ പിതാവും സഹോദരനും സമ്മതിച്ചു. ഒട്ടും താമസിയാതെ റിബേക്കയെ ദാസനോടു കൂടെ വിട്ടയപ്പാനും യിസ്ഹാക്കിന് ഭാര്യയായിരിപ്പാനും അവർ സമ്മതിച്ചു. ദൈവം തന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകിയതുകൊണ്ട് ദാസൻ നന്ദി പറഞ്ഞു.<br>• റിബേക്കയ്ക്കും കുടുംബത്തിനും അവൻ വളരെയേറെ സമ്മാനങ്ങൾ നൽകി. (**ഉല്പത്തി 24:50 – 53**).<br>• പ്രഭാതത്തിൽ, അവർ റിബേക്കയോട് അവൾ ഈ ദാസനോട് കൂടെ പോയി യിസ്ഹാക്കിന് ഭാര്യയായിരിക്കാമോ എന്ന് ചോദിച്ചു. റിബേക്ക അതിന് സമ്മതിച്ചു. **(ഉല്പത്തി 24:54 – 61)** *റിബേക്കയ്ക്ക് എന്ത് തോന്നിക്കാണും? (യിസ്ഹാക്കിനേയും കുടുംബത്തേയും അറിയാത്തതുകൊണ്ട് അല്പം പരിഭ്രമം ഉണ്ടായിരിക്കും എന്നാൽ ദൈവത്തിന് അവളെക്കുറിച്ചുള്ള പ്ലാൻ ഇതാണ് എന്നുള്ളതുകൊണ്ട് അവൾ സന്തോഷിച്ചു.)*<br>• എന്താകുന്നു സംഭവിക്കുന്നത് എന്ന് അതിശയിച്ചുകൊണ്ട് അബ്രഹാമിന്റെ ഭവനത്തിൽ യിസ്ഹാക്ക് കാത്തിരിക്കുകയാണ്. ഒരു വൈകുന്നേരത്ത് അവൻ നടക്കാനിറങ്ങിയപ്പോൾ ഒട്ടകങ്ങൾ വരുന്നതു കണ്ടു. വേഗം അവൻ റിബേക്കയെ എതിരേറ്റു ചെന്നു റിബേക്കയെ കൂട്ടിക്കൊണ്ടു തന്റെ അമ്മയുടെ കൂടാരത്തിലേക്ക് വന്നു. യിസ്ഹാക്ക് അവളെ വളരെയധികം സ്നേഹിച്ചു, അവൾ അവനു ഭാര്യയായി തീർന്നു. (**ഉല്പത്തി 24:61 – 67).**<br>• *യിസ്ഹാക്കിന് തന്റെ പുതിയ ഭാര്യയെ കണ്ടപ്പോൾ എന്തു തോന്നി? (ഒരുപക്ഷെ റിബേക്കയെ ഇതുവരെ കാണാത്തതുകൊണ്ട് യിസ്ഹാക്കിന് അല്പം പരിഭ്രമവും സന്തോഷവും ഉണ്ടായിക്കാണും എന്നാൽ ഇത് ദൈവത്തിന്റെ പ്ലാനാണ് എന്നതുകൊണ്ട് റിബേക്കയെ ഭാര്യയായി സ്വീകരിക്കാൻ അവന് സന്തോഷമായിരുന്നു).*<br>• *രണ്ടുപേരും, യിസ്ഹാക്കും റിബേക്കയും വളരെ സന്തുഷ്ടരായിരുന്നു, കാരണം അവർ ദൈവത്തിൽ വിശ്വസിച്ച് അവന്റെ പ്ലാൻ പ്രകാരം മുമ്പോട്ട് പോയി. നാമും അതുപോലെ ചെയ്താൽ സന്തോഷവും ആനന്ദവും ഉണ്ടാകും.*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക.** |
| മനപ്പാഠമാക്കുക | .<br>താക്കോൽവാക്യം: **സങ്കീർത്തനം 144: 15** പഠിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുക. ഈ വാക്യത്തിന്റെ വിശദീകരണം ഇങ്ങനെയാകുന്നു, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്ലാനുകൾ നിറവേറ്റപ്പെട്ടാൽ നമുക്ക് വളരെ സന്തോഷമുണ്ടാകും. |
| ഓർക്കുക | • റിബേക്കയുടെ സഹോദരന്റെ പേരെന്ത്?<br>• അത്താഴം കഴിക്കുന്നതിനുമുമ്പ് ദാസൻ എന്താണ് ചെയ്തത്?<br>• റിബേക്ക യിസ്ഹാക്കിന്റെ ഭാര്യയായിരിപ്പാൻ എന്തുകൊണ്ടാണ് അവളുടെ കുടുംബം സമ്മതിച്ചത്?<br>• ദാസൻ റിബേക്കയ്ക്കും അവളുടെ കുടുംബത്തിനും എന്താണ് കൊടുത്തത്?<br>• റിബേക്കയുടെ അടുക്കലേക്ക് ദാസനെ ആർ നയിച്ചുവെന്നാണ് അവർ പറയുന്നത്?<br>• എപ്പോഴാണ് റിബേക്ക ദാസനോട് കൂടെ പോയത്?<br>• റിബേക്കയും ദാസനും വീട്ടിലേക്ക് ചെല്ലുമ്പോൾ ആരാണ് മരുഭൂമിയിൽ നടന്നു വരുന്നത് കണ്ടത്?<br>• എന്തുകൊണ്ടാണ് യിസ്ഹാക്കും റിബേക്കയും ഒന്നിച്ച് സന്തോഷിച്ചത്?<br>• മറ്റാരെക്കാളും അല്ലെങ്കിൽ മറ്റെന്തിനേക്കാളും നമ്മെ സന്തോഷിപ്പിക്കുന്നത് ആരാണ്? |

# പാഠങ്ങൾക്ക് മാർക്ക് കൊടുക്കാൻ ടീച്ചർമാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

**ലെവൽ 1 പാഠങ്ങൾ**

- ഒരു പേജ് ഒരാഴ്ചത്തേക്കുള്ളത് പ്രധാനമായും അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് കളറിംങ്ങും ചില വാക്കുകൾ പൂരിപ്പിക്കുന്നതും.
- ഓരോ ആഴ്ചത്തേക്കും 10 മാർക്ക് വീതമാണ് മാറ്റി വെച്ചിരിക്കുന്നത്, ഏറ്റവും കൂടുതൽ 40 മാർക്ക് ഒരു മാസത്തേക്ക്.
- ലെവൽ 1 പാഠങ്ങൾ ലഭിക്കുന്ന കുട്ടികൾക്ക് വളരെ നന്നായി വായിക്കുവാൻ കഴിഞ്ഞെന്നു വരില്ല അതുകൊണ്ട് മാതാപിതാക്കളും/ രക്ഷകർത്താക്കളും / ലീഡർമാരും അവരെ സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.
- 2 മാർക്ക് വീതം ഓരോ ഉത്തരങ്ങൾക്കും പിന്നെ ബാക്കിയുള്ള മാർക്ക് കളറിംങ്ങിനും 10 മാർക്ക് ഓരോ പാഠത്തിനും.

**ലെവൽ 2 പാഠങ്ങൾ**

- രണ്ടുപേജ് ഓരോ ആഴ്ചത്തേക്ക്
- ഈ പാഠത്തിൽ ഇതിന്റെ കഥ ഉൾക്കൊള്ളിച്ചിട്ടുണ്ട് വിദ്യാർത്ഥികൾക്ക് വിവിധമായ വാക്കുകൾ പാഠങ്ങളിൽ നിന്നും കണ്ടുപിടിക്കേണ്ടതുണ്ട്, കുറച്ച് കളറിംഗ് ചെയ്യണം, താക്കോൽവാക്യം പൂർത്തീകരിക്കുക മുതലായവ
- 20 മാർക്കു വീതം ഓരോ ആഴ്ചത്തേക്ക് മാറ്റി വെച്ചിരിക്കുന്നു. അങ്ങനെ ഏറ്റവും കൂടുതൽ 80 മാർക്ക് ഒരു മാസത്തേക്ക്, പാഠങ്ങളെല്ലാം ശരിയായി പൂർത്തീകരിക്കണം.

## ബൈബിൾ ടൈം മാർക്കിംഗ്

## മാർക്കിംഗിനുള്ള സൂചനകൾ

ആദ്യം തന്നെ ടീച്ചർമാർ ചെയ്യേണ്ടത്

- ഓരോ പാഠങ്ങളും പരിശോധിച്ച് ഉത്തരങ്ങൾ ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്തുക.
- നിർദ്ദേശിച്ചതുപോലെ ആവശ്യമുള്ള സാരാംശങ്ങൾ കൊടുക്കുക.
- എപ്പോഴും വ്യത്യസ്ഥമായ കളറുകൾ ഉപയോഗിച്ച് ഓരോ ശരിയുത്തരത്തിനും ടിക് മാർക്ക് ഇടുക.
- ശരിയുത്തരം എവിടെയാണോ ആവശ്യമായിട്ടുള്ളത് അവിടെ എഴുതുക, അക്ഷരത്തെറ്റുള്ള ശരിയാക്കണം, അതിന് പ്രത്യേകം മാർക്ക് കുറച്ചില്ലെങ്കിലും തെറ്റ് തിരുത്തണം.
- പകുതി ശരിയായ ഉത്തരങ്ങൾക്ക് മാർക്ക് കുറയ്ക്കണം.
- ഒരു മാസത്തേക്കുള്ള ആകെ മാർക്ക് അവസാനത്തെ പേജിൽ മാർക്കിടാൻ കൊടുത്തിരിക്കുന്ന സ്ഥലത്ത് മാർക്ക് ചെയ്യുക.

ബൈബിൾ പഠനത്തോടുള്ള ബന്ധത്തിൽ ഒരു വിധം നല്ല ഔദാര്യമായി എല്ലാ കാര്യവും ചെയ്യാൻ പറ്റുന്ന നിലയിൽ ചെയ്ത് വിദ്യാർത്ഥികളുടെ ബൈബിൾ പഠനത്തിൽ അവരെ പ്രോത്സാഹിപ്പിക്കുക. കഴിയുമെങ്കിൽ ഓരോ മാസത്തിലും ടീച്ചർമാർ ഓരോ വിദ്യാർത്ഥിയുടേയും പ്രോത്സാഹനത്തിനുവേണ്ടി ഒരു വാക്ക് പാഠത്തിന്റെ പേജിൽ തന്നെ അത് എഴുതാൻ കൊടുത്തിട്ടുള്ള സ്ഥലത്ത് എഴുതിയാൽ അത് സഹായക രമാകും. അതുപോലെ നല്ല കളറിംഗിനും വൃത്തിയായി ചെയ്തതിനും, വിദ്യാർത്ഥികൾക്ക് പാഠങ്ങൾ മനസ്സിലാക്കാനുള്ള കഴിവിനെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ ലീഡർമാർ അതിൽ എഴുതണം.

കഴിയുന്നതും വിഭിന്നങ്ങളായിട്ടുള്ള അഭിപ്രായങ്ങൾ അതുപോലെ സൂക്ഷിക്കും. ചോദ്യങ്ങൾ, പ്രസ്താവനകൾ, അഭിപ്രായങ്ങൾ, പ്രോത്സാഹനങ്ങൾ മുതലായവ വിഭിന്നങ്ങളായി പാലിക്കും. അതിന് ചിന്തകൾ ആവശ്യമാണ്, എന്നാൽ ഒരു വിദ്യാർത്ഥിയുടെ താല്പര്യങ്ങൾ പ്രാധാന്യമുള്ളതാണ്. എല്ലാ മാസത്തിലും ഒരേ പ്രസ്താവനയും, ചോദ്യവും ആവർത്തിച്ചാൽ, അതിന്റെ സ്വാധീനം നഷ്ടപ്പെടും.

## ലെവൽ –1

**പൊതുവിലുള്ള അഭിപ്രായങ്ങൾ**

" ആനി ഈ പാഠങ്ങൾ ആരംഭിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട് അതിൽ നീയും സന്തോഷിക്കുന്നു എന്ന് വിചാരിക്കുന്നു. നിന്റെ കളറിംഗും ഞാൻ ഇഷ്ടപ്പെടുന്നു. നീ സ്കൂളിൽ പോകുന്നുണ്ടോ? അതിനെക്കുറിച്ച് എന്നോട് പറയുക. എത്രയും വേഗത്തിൽ നിന്നിൽ നിന്നും വിവരങ്ങൾ അറിയാൻ കാത്തിരിക്കുന്നു. "വളരെ നന്നായി, അനീഷ് എന്ത് സൂപ്പർ കളറിംഗ്! ചിത്രത്തിന്റെ ഉള്ളിൽ തന്നെ കളർ ചെയ്യാൻ ബുദ്ധിമുട്ടുണ്ടോ? അവസാനത്തെ പാഠത്തിൽ ഒരു അല്പം ഭാഗം കളർ ചെയ്യാൻ വിട്ടുപോയി"

**ആത്മീയമായ അഭിപ്രായങ്ങൾ**

"വളരെ നന്നായി സ്നേഹാ, യേശു സഹായിച്ചപ്പോൾ യായിറോസ് എന്ത് സന്തോഷമുള്ളവനായി"

"വളരെ നല്ല ഉത്തരങ്ങൾ, യേശു മരിക്കുന്നത് വളരെ സങ്കടകരമായ കഥയാണ്, എന്നാൽ കർത്താവ് ഉയിർത്തെഴുന്നേറ്റതാണ് സന്തോഷമുള്ള കാര്യം"

## ലെവൽ 2

**പൊതുവിലുള്ള അഭിപ്രായങ്ങൾ**

"വീണ്ടും നല്ല ഉത്തരങ്ങൾ, ജോയേന- സ്കൂളിൽ നിന്റെ പഠനത്തിൽ ടീച്ചർ വളരെ സംതൃപ്തിയുള്ളവളാണ്" "എനിക്കു തോന്നുന്നു അടുത്ത് തന്നെ നിന്റെ ജന്മദിനമാണെന്ന്, നീ എന്തെങ്കിലും വിശിഷ്ടമായത് ഉണ്ടാക്കുന്നുണ്ടോ? നീ എന്ത് ചെയ്താലും, ഇന്നത്തെ ദിവസം ശുഭമായിരിക്കട്ടെ!, നീ വാസ്തവമായി കഠിനാദ്ധ്വാനം ചെയ്തു. അതിൽ കുറച്ച് തെറ്റുകളുണ്ട്. ഓരോ പ്രാവശ്യവും നിന്റെ ഉത്തരങ്ങൾ പരിശോധിക്കുവാൻ മറക്കരുത്

**ആത്മീയ അഭിപ്രായങ്ങൾ**

"പശുത്തൊട്ടിയിൽ കിടക്കുന്ന യേശുക്കുഞ്ഞിന്റെ ചിത്രം കളർ ചെയ്ത വിധം എനിക്കിഷ്ടപ്പെട്ടു. ദൈവം തന്റെ പുത്രനെ നമുക്കുവേണ്ടി ഈ ലോകത്തിലേക്ക് അയച്ചത് ദൈവത്തിന്റെ ഒരു നല്ല പ്രവൃത്തിയല്ലേ? എനിക്ക് നിന്റെ കളറുകൾ ഇഷ്ടമായി! ദൈവം പറഞ്ഞത് വിശ്വസിക്കാഞ്ഞതുകൊണ്ട് സെഖര്യാവിന് വലിയ വില കൊടുക്കേണ്ടി വന്നു. അതിനുശേഷം അവൻ ദൈവത്തിന്റെ വാക്ക് ഒരിക്കലും സംശയിച്ചിട്ടില്ല"

"വളരെ നല്ല ഉത്തരങ്ങൾ. മരുഭൂമിയിൽ വെച്ച് ഫിലിപ്പോസിനെ കണ്ട മനുഷ്യൻ എത്ര സന്തോഷവാനായിട്ടാണ് തിരിച്ചു പോയത്. അവൻ യേശുവിനെക്കുറിച്ചുള്ള സുവിശേഷം കേട്ടു വിശ്വസിച്ചു.

bible educational services

© Bible Educational Services 2020
www.besweb.com

MOOKKANNUR P.O., 683577, Ernakulam, KERALA
E-mail : besindia1@gmail.com, www.besweb.com